

# സത്യദൂതൻ

2012 ജനുവരി | ലക്കം 1
വില ₹ 20



പുതുവത്സരാശംസകൾ

## ആത്മാവും ശരീരവും

## വിശുദ്ധ ഖുർആനും വ്യാജമായ ആത്മീയതയും

## സൃഷ്ടിപ്പ്: ഖുർആനികമായ ഒരു പാരിസ്ഥിതിക നിരീക്ഷണം

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരുടെ നാഥന്റെ വചനങ്ങൾ ഓർമപ്പെടുത്തുന്നതായാൽ ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയുമില്ല **(25:74)**

## നബിവചനം



ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകും. എന്നിട്ട് അജ്ഞാനവും കുഴപ്പവും പ്രത്യക്ഷപ്പെടും. 'ഹറജ്' വർധിക്കും. അപ്പോൾ അനുചരന്മാർ ചോദിച്ചു: എന്താണ് ഹറജ്? നബി തിരുമേനി (സ) കൈ കൊണ്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ തിരുമേനി(സ) കൊലപാതകത്തെയാണ് ഉദ്ദേശിച്ചതെന്ന് എല്ലാവർക്കും മനസ്സിലായി. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



### ശാന്തരായി ചിന്തിക്കൂ

അല്ലയോ മുസ്‌ലിം പണ്ഡിതന്മാരേ! എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത്. ധൃതിക്കിടയിൽ മനുഷ്യന് പെട്ടെന്ന് ഗ്രഹിക്കാനാകാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്രയിൽ ഒരു കാര്യവും തന്നെ തള്ളിക്കളയാൻ നിങ്ങൾ മുതിരരുത്. അതല്ല സാത്വികരുടെ മാർഗം... ശക്തി പ്രയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാമെന്ന് ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നത് എവിടെയാണ്. നേരെ മറിച്ച് ആ വിശുദ്ധ ഗ്രന്ഥത്തിൽ ലാ ഇക്റാഹ ഫിദ്ദീൻ (മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല.) എന്ന് അല്ലാഹു പഠിപ്പിച്ചിട്ടുള്ളതായിക്കാണുന്നു. **(കിശ്തീനൂഹ്)**




The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2012 ജനുവരി
ഹി.ശ.1390 - സുലഹ്
1433 സഫർ - റ.അവ്വൽ
പുസ്തകം 84 ലക്കം 1
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

4 യുഗശബ്ദം

5 എഡിറ്റോറിയൽ



6
പ്രഭാഷണം
**നൻമയിൽ സഹകരിക്കുക നീതി ഉയർത്തിപ്പിടിക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)


11
**ഹൃദയവും മസ്തിഷ്ക്കവും**
ഹദ്റത്ത് അഹ്മദ് (അ)

13
**സ്വർഗത്തിൽ കർമം ചെയ്യണമോ?**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)
സ്വർഗം നിശ്ചലമായ ഒരിടമല്ല. അവിടെയും മനുഷ്യന് പുരോഗതിയും വികാസവുമുണ്ട്.



15
**സത്യസന്ധതയും യുക്തി ബോധവും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
സത്യത്തിന്റെ ഉപകരണമാണ് യുക്തിബോധം യാഥാർഥ്യം പ്രകാശിപ്പിക്കുന്ന യുക്തി ബോധത്തെ ഉയോഗിക്കാൻ ഖുർആൻ നിരന്തരം ആവശ്യപ്പെടുന്നു

17
**വിശുദ്ധ ഖുർആനും വ്യാജമായ ആത്മീയതയും**
എൻ. ഇ. ഹഖ്



22
**ആത്മാവും ശരീരവും**
ബശീർ അഹ്മദ് ഓർച്ചാർഡ്



26
**സൃഷ്ടിപ്പ് : ഖുർആനികമായ ഒരു പാരിസ്ഥിതിക നിരീക്ഷണം**
ജോസ് എബ്രഹാം
മനുഷ്യൻ അന്യജീവി സമൂഹങ്ങളുമായി സൗഹൃദപരമായ സഹജീവനം നടത്താനാണ് വിശുദ്ധ ഖുർആൻ ആവശ്യപ്പെടുന്നത്. ദൈവം സൃഷ്ടിച്ച പ്രകൃതിക്കു മേൽ അധീശത്വം നടത്താൻ മനുഷ്യന് അധികാരമില്ലെന്ന് ലേഖകൻ സമർഥിക്കുന്നു



31
**അഹ്മദികൾ മുസ്‌ലിംകൾ തന്നെ**
ജസ്റ്റിസ് വി. ആർ കൃഷ്ണയ്യർ
അഹ്മദി ആയതിന്റെ പേരിൽ മതമുപേക്ഷിച്ചവനായി പ്രഖ്യാപിച്ച് ഏകപക്ഷീയമായി വിവാഹ മോചനം നടപ്പാക്കിയ ഖാസിയുടെ വിധിക്കെതിരരെ 1971 ൽ കേരളാ ഹൈക്കോടതി ജഡ്ജിയായിരുന്ന ബഹുമാനപ്പെട്ട ജസ്റ്റിസ് കൃഷ്ണയ്യരുടെ കോടതി വിധി



34
**യൂറോപ്യൻ നവോത്ഥാനം: അറബ് ഇസ്‌ലാമിക്ക് സ്വാധീനം**
ജെഫ് മാത്യൂസ്
ഇറ്റലിയിൽ നിന്ന് ആരംഭിച്ച യൂറോപ്യൻ നവോത്ഥാനം ഇസ്‌ലാമിന്റെ സ്വാധീനംമൂലമായിരുന്നു സംഭവിച്ചതെന്ന് ലേഖകൻ സൂചിപ്പിക്കുന്നു.

38
കുറിപ്പുകൾ
**പേരാമ്പ്രയിലെ സാമൂഹ്യ ബഹിഷ്ക്കരണം**
മുസാഫിർ

40
**വാർത്തകൾ**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

# തീജ്വാലകൾക്ക് എന്നെ നശിപ്പിക്കാനാവില്ല.

ഹദ്റത്ത് അഹ്മദ് (അ)



**ഈ** മഹാവിപ്ലവത്തെ നോക്കിക്കാണുവിൻ! ഇത് മനുഷ്യന്റെ കൈകൊണ്ട് സംഭവിക്കുന്നതാണോ എന്നാലോചിക്കുവിൻ! ലോകർ ആഗ്രഹിച്ചു, ഈ പ്രസ്ഥാനത്തിന്റെ നാമാടയാളങ്ങൾ പോലും ബാക്കിയാവാത്ത നിലയിൽ നശിപ്പിച്ചു കളയണമെന്ന്. ഇത് അവരുടെ വരുതിയിൽപ്പെട്ട കാര്യമാണെങ്കിൽ ഈ പ്രസ്ഥാനം എന്നേ നശിച്ചൊടുങ്ങുമായിരുന്നു. എന്നാൽ, ഇത് അല്ലാഹുവിന്റെ പ്രവർത്തിയാകുന്നു. അവൻ ഉദ്ദേശിക്കുന്നതെന്തോ അതിനെ തടയാൻ ഈ ലോകത്തിന് സാധിക്കുന്നതല്ല. ലോകം ഉദ്ദേശിക്കുന്നതെന്തോ അത് ദൈവം ഇച്ഛരിച്ചതല്ലെങ്കിൽ അതൊരിക്കലും സംഭവിക്കുന്നതല്ല. ചിന്തിച്ചു നോക്കുവിൻ! എന്റെ കാര്യത്തിൽ മുഴുവൻ ഉലമാക്കന്മാരും പീർപുത്രന്മാരും പുണ്യസ്ഥാനികളും എതിരാളികളായി അണിനിരന്നു. മറ്റു മതസ്ഥരെ യും എന്റെ ശത്രുതയിൽ അവർ കൂട്ടുകാരാക്കിമാറ്റി. എന്നെ സംബന്ധിച്ചിടത്തോളം അവർ എല്ലാ തരം ശ്രമങ്ങളിലും ഏർപ്പെട്ടു. മുസ്‌ലിംകളേയും എന്റെ നേരെ ദുർഭാവന പുലർത്തുന്നവരാക്കി മാറ്റാനായി കുഫ്റ് ഫത്വ പുറപ്പെടുവിച്ചു. ഈ പരിപാടിയിലും വിജയം സിദ്ധിക്കാതെ വന്നപ്പോൾ കേസ്സുകളുടെ ഒരു പരമ്പര ആരംഭിച്ചു. കൊലക്കേസ്സിലും എന്നെ കുരുക്കിയിട്ടു. എന്നെ ശിക്ഷയിലകപ്പെടുത്തുന്നതിന് കഴിയുന്നത്ര എല്ലാ ശ്രമങ്ങളും നടത്തി. ഒരു പാതിരിയെ വധിക്കാൻ ശ്രമിച്ചതായി എന്റെ പേരിൽ കള്ള കുറ്റം ചുമത്തി . ഈ കേസിൽ മുഹമ്മദ് ഹുസൈൻ ഭട്ടാലവി സാക്ഷി പറയാൻ സന്നദ്ധനാവുകയും ചെയ്തു . ഞാൻ കേസിൽപെട്ടു വിഷമിക്കണമെന്നും ശിക്ഷിക്കപ്പെടണം എന്നും അദ്ദേഹം ആഗ്രഹിക്കുന്നുണ്ടായിരുന്നു. മുഹമ്മദ് ഹുസൈന്റെ ഈ ശ്രമങ്ങൾ വ്യക്തമാക്കിയത് തെളിവുകളും പ്രമാണങ്ങളുമുന്നയിക്കാൻ അദ്ദേഹം അശക്തനാണെന്നത്രേ. ശത്രു ന്യായവാദങ്ങൾ ഉന്നയിക്കാൻ പ്രാപ്തനാകാതെ വരുമ്പോഴും പ്രമാണങ്ങളിലൂടെ കുറ്റം വിധിക്കാൻ കഴിയാതെ വരുമ്പോഴും ദ്രോഹിക്കാനും കൊല്ലാനും പ്ലാനിടുകയും നാട്ടിൽ നിന്നും ആട്ടിപുറത്താക്കാൻ വട്ടം കൂട്ടുകയും ചെയ്യുന്നതാണല്ലോ സമ്പ്രദായം. അവർ പല തരത്തിലുള്ള ഗൂഢാലോചനകളും ആസൂത്രണം ചെയ്യാൻ തുടങ്ങുന്നു. തിരുനബി (സ) ക്കെതിരെ മക്കയിലെ അവിശ്വാസികൾക്ക് ഒന്നും ചെയ്യാനാകാതെ വരികയും എല്ലാ വിധത്തിലും അവർ അശക്തരായി ഭവിക്കുകയും ചെയ്തപ്പോൾ അവരും ഇത്തരത്തിൽ തന്നെ തിരുമേനി(സ)യെ കൊല്ലുകയോ തടവിലിടുകയോ നാട്ടിൽ നിന്നും അടിച്ചോടിക്കുകയോ ചെയ്യാൻഗൂഢാലോചന നടത്തുകയോ ആണല്ലോ ഉണ്ടായത്. തിരുനബി(സ)യുടെ സഹചരർക്ക് കടുത്ത ക്ലേശങ്ങൾ ഉണ്ടാക്കിവെച്ചു. എന്നാൽ ഒടുവിൽ തങ്ങളുടെ എല്ലാ ആസൂത്രണങ്ങളിലും ഗൂഢാലോചനകളിലും അവർ പരാജിതരും നിരാശരുമായിതീർന്നു. അതേ സുന്നത്തും രീതികളും തന്നെയാണ് എന്റെ കാര്യത്തിലും പ്രാവർത്തിക മാക്കപ്പെടുന്നത്. എന്നാൽ ഈ ലോകം അതിന്റെ സ്രഷ്ടാവും സർവലോക രക്ഷിതാവുമായ ഒരു സത്തയുടെ പ്രഭാവത്തി നടിമപ്പെട്ടിരിക്കുന്നു. അവൻ തന്നെയാണ് കള്ളവാദിയേയും സത്യവാദിയെയും വേർതിരിക്കുന്നത്. സത്യവാദിക്ക് പിന്തുണ നൽകുകയും സത്യവാദിയെ വിജയിപ്പിച്ചു കാണിക്കുകയും ചെയ്യുന്നതും അവൻ തന്നെ. ഇപ്പോൾ ഈ കാലഘട്ടത്തിലും ദൈവം അവന്റെ അദ്ഭുത ശക്തിയുടെ ഉദാഹരണം കാണിച്ചിരിക്കയാണ്. ദൈവത്തിന്റെ പിന്തുണയുടെയും സഹായങ്ങളുടെയും സജീവമായ ഒരടയാളമാകുന്നു ഞാൻ. സമുദായം മുഴുവനും തള്ളിക്കളഞ്ഞ അതേ വ്യക്തി തന്നെയാണ് ഈയുള്ളവൻ. ഞാനിന്നും സ്വീകൃതന്മാരിൽ പെട്ടവനായി നിങ്ങളുടെ മുമ്പിൽ നിൽക്കുകയാണ്. ഇന്നേക്ക് നാൽപ്പത് കൊല്ലം മുമ്പ് ഞാനിവിടെ വന്നിരുന്നപ്പോൾ എന്നോടൊന്നിച്ച് നിൽക്കാൻ ആരാണ് ഇഷ്ടപ്പെട്ടിരുന്നത്? ഉലമാക്കളും ഫുക്കറാക്കളും എല്ലാതരത്തിൽ പെട്ട മഹാന്മാരും ഉന്നതരായ വ്യക്തികളും ഞാൻ നശിച്ചു പോകണമെന്ന് ആഗ്രഹിക്കുകയായിരുന്നു. ഈ പ്രസ്ഥാനം നശിച്ചൊടുങ്ങിപ്പോവുമെന്നും അവർ ആശിച്ചുകൊണ്ടിരുന്നു. എനിക്ക് പുരോഗതിയുണ്ടാകുമെന്ന് അവർ ഊഹിക്കുക പോലും ചെയ്തിട്ടില്ല. എന്നാൽ തന്റെ സത്യദാസരെ എപ്പോഴും പിന്തുണച്ചുപോന്ന ആ ദൈവം, സാത്വികരേയും സദ്ധർമികളേയും വിജയിപ്പിച്ചു കൊണ്ടിരുന്ന ആ സർവാധിനാഥൻ എന്റെ പിന്തുണക്കെത്തി. എന്റെ എതിരാളികൾതിക്കെതിരെ അവരുടെ ഉദ്ദേശ്യങ്ങൾക്കും ആസൂത്രണ ങ്ങൾക്കും നേർ വിപരീതമായ നിലയിൽ, എനിക്കവൻ സ്വീകാരം തന്നനുഗ്രഹിക്കുകയും ഒരു ജനക്കൂട്ടത്തെ എനിക്കനുകൂലമായി തിരിച്ചു വിടുകയും ചെയ്തു. ആ ശത്രുതയുടെയും കഷ്ടപ്പാടുകളുടെയും തിരശ്ശീലയേയും തടസ്സങ്ങളെയും പിച്ചിചീന്തി ക്കൊണ്ടാണവർ എന്റെ അടുക്കലേക്ക് ഓടിയെത്തിയതും വന്നടുത്തുകൊണ്ടിരിക്കുന്നതും. മനുഷ്യരുടെ ആലോചനകളും ആസൂത്രണങ്ങളും കൊണ്ട് ഈ വിജയഫലങ്ങൾ കൈവരിക്കുവാൻ സാധിക്കുമോ എന്ന് നല്ല വണ്ണം ആലോചിച്ചു നോക്കുക!. (ലക്ചർ സിയാൽക്കോട്ട്)

എഡിറ്റോറിയൽ

# ധ്രുവ നക്ഷത്രം പോലെ സത്യദൂതൻ

ആകാശത്ത് ഉദിച്ചുയരുന്ന നക്ഷത്രങ്ങളെ നിരീക്ഷിച്ചവർക്കറിയാം എല്ലാ നക്ഷത്രങ്ങളും ഉദിച്ചസ്തമിച്ചാലും നേരം പുലരും വരെ ഇരുട്ടിൽ യാത്രികർക്ക് വഴികാട്ടിയായി ഭൂമിയുടെ വടക്ക് ഭാഗത്ത് അസ്തമിക്കാതെ നിൽക്കുന്ന ഒരു നക്ഷത്രമുണ്ട്. അതാണ് ധ്രുവനക്ഷത്രം. അതുപോലെയാണ് സത്യദൂതൻ. 1925 മുതൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന സത്യദൂതന്റെ സ്ഥൈര്യനൈരന്തര്യമാണ് മുസ്‌ലിം മലയാള പ്രസിദ്ധീകണങ്ങളുടെ താരനിരയിലെ ധ്രുവനക്ഷത്രമാക്കി സത്യദൂതനെ മാറ്റുന്നത്. സഹസ്രത്തിൽ പരം ചന്ദ്രന്മാരുടെ വൃദ്ധിക്ഷയങ്ങൾക്ക് സാക്ഷിയായ സത്യദൂതന്റെ ഒളിമങ്ങാത്ത ദ്യുതിക്ക് കാരണം അത് ഒരു ദൈവനിയുക്തവാദിയുടെ കേരളക്കരയിലെ ദൗത്യ പ്രചാരണത്തിന്റെ സേവന രാശിയിലാണുള്ളത് എന്നത് കൊണ്ടാണ്. ഇസ്‌ലാമിനെ തങ്ങളുടേതായ രീതിയിൽ സംരക്ഷിക്കാനും പ്രചരിപ്പിക്കാനും മഹാരഥന്മാരുടെയും മഹാപ്രസ്ഥാനക്കാരുടെയും പിന്തുണയോടെ നിരവധി പ്രസിദ്ധീകരണങ്ങൾ സത്യദൂതനോടൊപ്പം കഴിഞ്ഞ നൂറ്റാണ്ടിൽ മലയാളത്തിൽ ഉദയം ചെയ്തു. അവരുടെയെല്ലാം ഒരു പൊതു ലക്ഷ്യം സത്യദൂതൻ പ്രതിനിധാനം ചെയ്യുന്ന ദൈവിക പ്രസ്ഥാനത്തെ എതിർക്കുകയെന്നതും കൂടിയായിരുന്നു. അവയെല്ലാം ഇന്നെവിടെപ്പോയി? വിസ്മൃതിയുടെ ചക്രവാളങ്ങളിലേക്ക് തിരോഭവിച്ചു. സത്യദൂതനാകട്ടെ ഒരു നൂറ്റാണ്ടിന്റെ പൂർണതയിലേക്ക് പ്രയാണം തുടരുകയാണ്.

ജീർണതയുടെ പതന ഘട്ടത്തിൽ ഇസ്‌ലാം മതത്തെ പുനരുജ്ജീവിപ്പിക്കാൻ ആഗതനാകുമെന്ന് റസൂൽ തിരുമേനി(സ) വാഗ്ദാനം ചെയ്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)യഥാകാലം വരികയുണ്ടായി. കേരളക്കരയിൽ ആ മഹാത്മാവിന്റെ സന്ദേശ പ്രചരണമാണ് സത്യദൂതൻ നിർവഹിച്ചു കൊണ്ടിരിക്കുന്നത്. അന്യാദൃശമായ ആർജവവും ആത്മീയ ശോഭയും വിരൽ സ്പർശമായി ആ സന്ദേശങ്ങൾക്കുണ്ടായിരുന്നു. സൂര്യനുദിച്ചാൽ ചെളിവെള്ളത്തിലും അതിന്റെ പ്രകാശം പ്രതിഫലിക്കുന്നത് പോലെ ഇമാം മഹ്ദിയുടെ ഉജ്ജ്വല തേജസ്സ് അഹ്മദിയ്യാ പ്രസ്ഥാനത്തെ എതിർക്കുന്ന പൊതു മുസ്‌ലിംകളുടെ ഇരുട്ടു കോട്ടകളിലും പ്രകാശം പരത്തിയിട്ടുണ്ട്. സത്യദൂതനിലൂടെ അതിന്റെ പാർശ്വ ദീപതി കേരളത്തിലെ മുസ്‌ലിം പൊതുമണ്ഡലത്തിലും പ്രസരിച്ചിട്ടുണ്ട് എന്നതാണ് വാസ്തവം. ഖുർആൻ വചനങ്ങൾക്ക് വാഗ്ദത്ത മസീഹും അദ്ദേഹത്തിന്റെ ഖലീഫമാരും നൽകിയ വ്യാഖ്യാനങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും ഇസ്‌ലാമിനെ സംബന്ധിച്ച് നൂറ്റാണ്ടുകളായി പ്രചരിച്ചുവന്നിരുന്ന പല ദുർധാരണകളും തിരുത്തിയും വിശുദ്ധ ഖുർആന്റെ വ്യാഖ്യാനങ്ങളിൽ കടന്നുകൂടിയ തെറ്റുകൾ ചൂണ്ടിക്കാട്ടിയും ഇസ്‌ലാം മത വിമർശകർക്ക് യുക്തമായ മറുപടി നൽകിയും വൈജ്ഞാനിക ലോകത്തെ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ പരിചയപ്പെടുത്തിയും സത്യദൂതൻ പതിറ്റാണ്ടുകളിലൂടെ മു ന്നേറി. ലോക സംഭവങ്ങൾക്ക് മുമ്പിൽ പ്രതിഷ്ഠിച്ച ഇസ്‌ലാമിക ദർപ്പണങ്ങളായിരുന്നു അഹ്മദിയ്യാ ഖലീഫമാർ. ലോകത്തിന് ഇസ്‌ലാമികമായ ദിശാബോധം നൽകുന്ന സുചിന്ത്യവും സാരസമ്പൂർണവുമായ അവരുടെ ചിന്തകളും വചനങ്ങളും ഇസ്‌ലാമിന്റെ നേർ വചനങ്ങളായിരുന്നു. അത് മലയാളത്തിൽ കേൾപ്പിക്കാൻ സത്യദൂതനായിട്ടുണ്ട്. ധാർമികവും അദ്ധ്യാത്മികവുമായ അവരുടെ മാർഗ ദർശനങ്ങൾക്ക് പുറമേ കാലികസംഭവങ്ങളോടുള്ള പ്രതികരണങ്ങളും സത്യദൂതനിലൂടെ വെളിച്ചം കണ്ടു. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ, ജപ്പാനിൽ വർഷിക്കപ്പെട്ട അണുബോംബ്, ഐക്യ രാഷ്ട്ര സഭയുടെ രൂപീകരണം, ഇസ്രായേൽ രൂപീകരണം, യഹൂദ ഗൂഢാലോചനകൾ, ഇന്ത്യൻ സ്വാതന്ത്ര്യ സമരം, അറബികളുടെ ദുർഘടാവസ്ഥ, ചെവി കൊടുക്കില്ലെങ്കിലും കാലാകാലങ്ങളിൽ അറബ് മുസ്‌ലിം ലോകത്തിന് നൽകിയ സദുപദേശങ്ങൾ, ഗൾഫ് യുദ്ധങ്ങൾ, ക്യൂബൻ പ്രതിസന്ധി, കൊറിയൻ പ്രതിസന്ധി, കമ്യൂണിസത്തിന്റെ തകർച്ച, സാമ്രാജ്യത്വത്തിന്റെ തകർച്ച, മൂന്നാം ലോക മഹായുദ്ധത്തെ പറ്റിയുള്ള താക്കീതുകൾ, ലോകത്തിന്റെ ഭാവി അങ്ങനെ ലോക സംഭവങ്ങളോടുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ ഇസ്‌ലാമികമായ പ്രതികരണങ്ങളും വിലയിരുത്തലും മാർഗനിർദേശങ്ങളും സത്യദൂതനിലൂടെ മലയാളത്തിൽ പ്രകാശിതമായിട്ടുണ്ട്.

സത്യദൂതന്റെ ജനനം ഒരു ജനുവരിയിലാണ്. ഈ 87-ാം പിറന്നാളിൽ വായനക്കാർക്ക് **സത്യദൂതന്റെ ഹാർദമായ പുതുവത്സരാശംസകൾ.**

# നൻമയിൽ സഹകരിക്കുക നീതി ഉയർത്തിപ്പിടിക്കുക

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്



ജർമനിയിലെ ഹാംബർഗ് പ്രാദേശിക അസംബ്ലിയിലെ ഭരണകക്ഷിയായ ഗ്രീൻ പാർട്ടി 2011 ജൂൺ 14 ന് സംഘടിപ്പിച്ച മതാന്തര സംവാദത്തിൽ ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) നടത്തിയ പ്രഭാഷണത്തിന്റെ പരിഭാഷ

F ല്ലാ വിശിഷ്ടാതിഥികൾക്കും അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹൂ.

നിങ്ങൾക്കേവർക്കും അല്ലാഹുവിൽനിന്നുള്ള ശാന്തിയും അനുഗ്രഹങ്ങളും ഉണ്ടാകട്ടെ.

ആദ്യമായി, ഇന്ന് ഈ പരിപാടിയിലേക്ക് എന്നെ ക്ഷണിച്ചതിന് എല്ലാവരോടും, പ്രത്യേകിച്ച് നമ്മുടെ മുഖ്യ ആതിഥേയരോട് എന്റെ നന്ദി രേഖപ്പെടുത്തുകയാണ്. ഇത് നിങ്ങളുടെ ഹൃദയവിശാലതയും വിശാലമനസ്കതയുമാണ് കാണിക്കുന്നത്.

ദേശീയതയിലും വിശ്വാസങ്ങളിലും കാഴ്ചപ്പാടുകളിലുമുള്ള വ്യത്യാസങ്ങൾ പരിഗണിക്കാതെ മാനുഷികമൂല്യങ്ങളുടെ ഉന്നമനത്തിലാണ് നിങ്ങൾ വിശ്വസിക്കുന്നതെന്ന് ഈ നിലപാട് തെളിയിക്കുന്നു. വിവിധ ദേശങ്ങളെയും മതങ്ങളെയും ഒന്നിപ്പിക്കുക എന്ന ലക്ഷ്യവുമായി നിങ്ങൾ അക്കാഡമി ഓഫ് വേൾഡ് റിലീജ്യൻസ് എന്ന സംഘടനക്ക് രൂപം നൽകിയിരിക്കുന്നു എന്ന വിവരം ബഹുമാനപ്പെട്ട പ്രൊഫസർ വോൾഫ്രാം വീസിൽനിന്ന് അറിയാൻ കഴിഞ്ഞു. അതെന്നെ വളരെയധികം സന്തോഷിപ്പിക്കുന്നു. അല്ലാഹു നിങ്ങൾക്ക് ഈ ഉദ്യമത്തിൽ വിജയം നൽകട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു.

ലോകത്ത് ഇത്തരത്തിലുള്ള പ്രബുദ്ധമായ സമീപനങ്ങൾ ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഞങ്ങൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അംഗങ്ങളും ഇത്തരത്തിലുള്ള നിലപാടുകളാണ് പ്രചരിപ്പിക്കുന്നതും നടപ്പിൽ വരുത്തുന്നതും. ഞങ്ങൾ എല്ലായ്പ്പോഴും ഈ തത്ത്വങ്ങളെ മുറുകെപിടിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെയാണ് **'ലവ് ഫോർ ഓൾ ഹെയ്ട്രഡ് ഫോർ നൺ'** എന്ന മുദ്രാവാക്യം ഞങ്ങൾ എപ്പോഴും ഉയർത്തിപ്പിടിക്കുന്നത്.

മതവിശ്വാസങ്ങളുടെ കാര്യത്തിൽ വ്യത്യാസങ്ങൾ നിലനിൽക്കുന്നത് ഒരിക്കലും ദോഷകരമല്ല എന്ന് ഞങ്ങൾ അടിസ്ഥാനമായി വിശ്വസിക്കുന്നു. മതവിശ്വാസമെന്നത് ഒരോ വ്യക്തിയും സ്വയം തീരുമാനമെടുക്കേണ്ട തികച്ചും വ്യക്തിപരമായ കാര്യമാണ്. ഈ ഒരു പ്രക്രിയയിൽ ഇടപെടുന്നതിന് മറ്റൊരാൾക്കും അവകാശമില്ല. വ്യക്തിപരമായ വിശ്വാസങ്ങളുടെയും അഭിലാഷങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു മതത്തിൽ വിശ്വസിക്കുക എന്നത് ഓരോ വ്യക്തിയുടെയും അവകാശമാണ്. അവരവരുടെ മതവിശ്വാസവും ആചാരങ്ങളും സ്വതന്ത്രമായും പരസ്യമായും അനുഷ്ഠിക്കുന്നതിനും ഭയാശങ്കകൾകൂടാതെ തന്റെ വിശ്വാസമെന്താണെന്നതിനെകുറിച്ച് മറ്റുള്ളവരെ അറിയിക്കുന്നതിനും സാധിക്കണം.

എന്നാൽ മതവിശ്വാസത്തിനും പ്രചാരണത്തിനുമുള്ള പരിപൂർണ സ്വാതന്ത്ര്യം വ്യക്തികൾക്ക് നൽകണമെന്നുള്ള നിലപാടിനോട് കാലാകാലങ്ങളിൽ ചില ആളുകളും സംഘങ്ങളും, പ്രത്യേകിച്ച് പാശ്ചാത്യ രാജ്യങ്ങളിൽ, ഭയപ്പാടോടുകൂടിയാണ് പ്രതികരിക്കുന്നത്. പ്രത്യേകിച്ച് ഇസ്‌ലാം മതത്തെകുറിച്ചാണ് പരാമർശമെങ്കിൽ ഈ ഭയവും അസ്വസ്ഥതകളും നാടകീയമാംവിധം വർധിക്കുന്നു.

ഈ ഭയത്തിന് അടിസ്ഥാനമായ ഒരു തത്ത്വമുണ്ട്, അതായത് മുസ്‌ലിം ജനസംഖ്യ വൻതോതിൽ വർധിക്കുകയാണെങ്കിൽ പാശ്ചാത്യരാജ്യങ്ങളും ഒരു പക്ഷേ മറ്റുപല മുസ്‌ലിം രാജ്യങ്ങളെയും പോലെ കുഴപ്പത്തിലകപ്പെട്ടുപോകുമോ എന്നതാണത്. ഇവരുടെ ഭയാശങ്കകളെ ന്യായീകരിക്കുകയും അംഗീകരിക്കുകയും ചെയ്യത്തക്കതരത്തിലാണ് ചില മുസ്‌ലിം സംഘടനകൾ ഇസ്‌ലാമിനെ ചിത്രീകരിച്ചിരിക്കുന്നത് എന്നകാര്യത്തിൽ തർക്കമില്ല.

എന്നിരുന്നാലും മതങ്ങളുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ ഒരു മതസ്ഥാപകനുംതന്നെ തന്റെ അനുയായികളോട് മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിക്കണമെന്നോ ക്രൂരമായി പെരുമാറണമെന്നോ പ്രബോധിച്ചിട്ടില്ല എന്ന് നമുക്ക് എളുപ്പത്തിൽ ഗ്രഹിക്കാനാകും. മറിച്ച് എല്ലാ മതങ്ങളുടെയും ഉദ്ദേശ്യം മനുഷ്യനെ ദൈവവുമായി കൂടുതൽ അടുപ്പിക്കുകയും മൂല്യങ്ങൾ ഊട്ടിയുറപ്പിക്കുകയും ചെയ്യുകഎന്നതാണ്.

ഇസ്‌ലാം യഥാർഥത്തിൽ എന്താണ് വിഭാവനം ചെയ്യുന്നത് എന്ന് നമുക്ക് നോക്കാം. ഇസ്‌ലാം എന്ന വാക്കിന്റെ അർഥം തന്നെ സമാധാനം, സ്നേഹം, സംരക്ഷണം എന്നെല്ലാമാണ്. അതിനാൽ ആരെങ്കിലും ഇസ്‌ലാമിനെ രക്തച്ചൊരിച്ചിലുകളുടെ വിവരണങ്ങൾകൊണ്ട് നിറഞ്ഞ തീവ്രവാദത്തിന്റെയും അക്രമത്തിന്റെയും മതമായി ചിത്രീകരിക്കുകയാണെങ്കിൽ അതിന് യഥാർഥ ഇസ്‌ലാമുമായി യാതൊരുബന്ധവുമില്ല. വിശുദ്ധ ഖുർആൻ ഉടനീളം നമ്മെ പഠിപ്പിക്കുന്നത് സ്നേഹം, മമത, ശാന്തി, സമവായം, സമർപ്പണം തുടങ്ങിയകാര്യങ്ങളാണ്.

അഹ്മദിയ്യാ മുസ്‌ലിം സമൂഹവും ഇതേ സന്ദേശം തന്നെയാണ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഒരുപക്ഷേ തീവ്രവാദികളുടെ നിഷ്ഠൂരമായ ചെയ്തികൾക്ക് ഞങ്ങളുടെ സമൂഹം കുറിമാനമാകുന്നതും ഇക്കാരണത്താലായിരിക്കാം.

എന്നിരുന്നാലും ഇത്തരം പീഢനങ്ങൾ നേരിടുമ്പോഴും അഹ്മദികൾ അവർ ഏതുരാജ്യത്തുതാമസിക്കുന്നവരായാലും ഒരിക്കലും തന്നെ നിയമം കയ്യിലെടുക്കുകയോ ക്രമസമാധാനം തകർക്കുകയോ ചെയ്യാറില്ല. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ഞങ്ങൾക്ക് നൽകിയതും ഇതേ അദ്ധ്യാപനങ്ങൾ തന്നെയാണ്. അതായത്, നാം ദൈവത്തിനോടുള്ള കടമകളും ദൈവത്തിന്റെ സൃഷ്ടികളോടുള്ള കടമകളും നിർവഹിക്കണം. നമുക്ക് നേരേയുള്ള ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങളോട് അക്രമത്തിന്റെ മാർഗത്തിൽ പ്രതികരിക്കരുത് എന്നാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്.

തീർച്ചയായും പീഢനത്തിനിരയായ ഒരു വ്യക്തിക്ക് നിയമസഹായം തേടാനും അങ്ങനെ സാധ്യമായ പ്രതിവിധി നേടാനുമുള്ള അവകാശമുണ്ട്. എന്നാൽ ചില കാര്യങ്ങളിൽ നിയമം തന്നെയും അനീതിയുടെ പക്ഷത്തായിരിക്കും. ഉദാഹരണത്തിന് പാകിസ്താൻ, ഇൻഡോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിയമത്തിന്റെ രൂപകൽപന തന്നെ അഹ്മദികളെ പീഢിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അത്തരം സാഹചര്യങ്ങളിൽ ക്ഷമകൈക്കൊളളാനും സർവവും സർവശക്തനായ ദൈവത്തിന്റെ കരങ്ങളിലേൽപ്പിക്കാനുമാണ് നാം പഠിപ്പിക്കപ്പെട്ടിട്ടുള്ളത്. അതിനുള്ള കാരണം ഞങ്ങൾ മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്നു എന്നുള്ളതാണ്. അവിടെവെച്ചാണ് സർവശക്തനായ ദൈവം അന്തിമവിധി കൽപ്പിക്കുന്നത്. ആരാണ് ശരി ആരാണ് തെറ്റ് എന്ന് അവൻ അവിടെ വെച്ച് തീരുമാനമെടുക്കും. മർദിതനും മർദകനുമിടയിൽ അവൻ സ്വയം മദ്ധ്യസ്ഥനായിക്കൊണ്ട് വിധിയെഴുതും.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എല്ലായ്പ്പോഴും തന്നെ ജർമൻ ഗവൺമെന്റിനോടും ജനതയോടും നന്ദിയുള്ളവരാണ്. അതിനുള്ളകാരണം എപ്പോഴെല്ലാം അഹ്മദികൾക്ക് സ്വന്തം രാജ്യത്ത് നിയമപരിരക്ഷലഭിക്കാതെ പാലായനം ചെയ്യേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ അപ്പോഴെല്ലാംതന്നെ അഹ്മദികൾക്ക് അഭയാർഥി പദവി നൽകിക്കൊണ്ട് സംരക്ഷിക്കാൻ ഈ രാജ്യം തയ്യാറായിട്ടുണ്ട്. ഇന്നും പാകിസ്താനിലെ അഹ്മദികളിൽനിന്ന് വളരെ ചെറിയ ഒരു ശതമാനം പേർ മാത്രമേ പാലായനം ചെയ്തുകൊണ്ട് മറ്റു രാജ്യങ്ങളിലേക്ക് കുടിയേറിയിട്ടുള്ളൂ. ലക്ഷക്കണക്കിന് അഹ്മദികൾ ഇപ്പോഴും അവിടെ അതിക്രമങ്ങൾ സഹിച്ചുകൊണ്ട് അന്തസ്സ് കൈവിടാതെ സധൈര്യം ജീവിക്കുന്നു. അങ്ങനെ സ്വദേശം വിട്ടുപോയവരിൽ പലരും പീഢനത്തിന്റെ തിക്തഫലങ്ങൾ നേരിട്ടനുഭവിച്ചവരാണ്. എന്നാൽ കുറച്ചുപേർ ആ സാഹചര്യം സൃഷ്ടിക്കുന്ന മാനസിക സമ്മർദം താങ്ങാനാകാതെ സ്വദേശം വെടിഞ്ഞവരാണ്.

അഹ്മദി മുസ്‌ലിംകൾക്ക് സംരക്ഷണം നൽകിയ ആ രാജ്യങ്ങളും ഗവൺമെന്റുകളുമെല്ലാം മർദിതരുടെ പക്ഷത്തുനിന്നവരാണ് എന്നകാര്യത്തിൽ സംശയമില്ല. അങ്ങനെ അവർ മാനുഷികമൂല്യങ്ങൾ ഇന്നും ഈ ലോകത്ത് നിലനിൽക്കുന്നുണ്ട് എന്ന് തെളിയിച്ചിരിക്കുന്നു. ഇക്കാരണത്താലും ഞാൻ നിങ്ങൾക്കേവർക്കും അങ്ങേയറ്റം നന്ദിരേഖപ്പെടുത്തുന്നു.

എനിക്കറിയാൻ കഴിഞ്ഞത് ഗ്രീൻ പാർട്ടി അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളോട്, അവർ ഏത് രാജ്യത്തുള്ളവരെന്നോ മതവിഭാഗത്തിൽ പെട്ടവരെന്നോ നോക്കാതെ, വളരെ അനുഭാവപൂർവമായ നിലപാടാണ് കൈക്കൊണ്ട് വരുന്നത് എന്നാണ്. ഇത്തരത്തിലുള്ള നിലപാടുകളാണ് മാനുഷികമൂല്യങ്ങളുടെ യഥാർഥമായ നിറവും സൗന്ദര്യവും പുറത്തു കൊണ്ടുവരുന്നത്. അത്തരം മൂല്യങ്ങളാണ് ഈ ലോകത്ത് ദീപ്തമായി വിളങ്ങുന്നത്.

നിങ്ങളുടെ പാർട്ടിക്ക് ഒരു പ്രവിശ്യയിൽ ഗവൺമെന്റ് രൂപീകരിക്കാൻ സാധിച്ചിരിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു. അതുപോലെ മറ്റുപ്രദേശങ്ങളിൽ നിങ്ങൾ ശക്തമായ പ്രതിപക്ഷമായിത്തീർന്നിട്ടുണ്ട്. ഈ ഒരു സന്ദർഭത്തിൽ എനിക്ക് നിങ്ങളോടുള്ള അപേക്ഷ നിങ്ങൾ ആർജിച്ച ഈ മഹത്തായ ഗുണങ്ങൾ പരിപോഷിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കണം എന്നതാണ്. അങ്ങനെ സ്നേഹവും നീതിയും പുലർത്തുകയും മാനുഷികമൂല്യങ്ങളെ നിലനാട്ടുകയും ചെയ്യുന്നവർ എന്ന ഖ്യാതി നേടിയെടുക്കണം. കാരണം ഇന്ന് ലോകത്ത് ഇത് അത്യാവശ്യമാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അദ്ധ്യക്ഷൻ എന്ന നിലക്ക്, ഇത് തികച്ചും മതാധിഷ്ടിതമായ ഒരു ആത്മീയസമൂഹമാണ്, ഞാൻ നിങ്ങളോട് ഉറപ്പിച്ചുപറയുന്നു, ലോകത്താകമാനം മാനുഷിക മൂല്യങ്ങളെ സംസ്ഥാപിക്കുക എന്ന ലക്ഷ്യത്തിനായാണ് അഹ്മദിയ്യാ സമൂഹം പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള ലക്ഷ്യങ്ങൾക്കായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന വ്യക്തികളുമായോ സംഘങ്ങളുമായോ സഹകരിക്കാൻ ജർമനിയിലുള്ള അഹ്മദിസമൂഹം തയ്യാറാണ്. അതിനുള്ള അടിസ്ഥാനകാരണം വിശുദ്ധ ഖുർആൻ ഞങ്ങളെ പഠിപ്പിക്കുന്നത് സൽപ്രവൃത്തികൾ ചെയ്യുന്ന കാര്യത്തിൽ മറ്റുള്ളവരുമായി സഹകരിച്ചുപ്രവർത്തിക്കണമെന്നതുകൊണ്ടാണ്. ഇസ്‌ലാമിന്റെ സ്ഥാപകന്റെ ജീവിതം തന്നെ ഈ അദ്ധ്യാപനങ്ങൾക്കുള്ള സാക്ഷ്യപ്പെടുത്തലുകളാണ്. തന്റെ പ്രവാചകത്വവാദത്തിന് മുമ്പ് മുഹമ്മദ് നബി (സ) അടിച്ചമർത്തപ്പെട്ട ജനങ്ങളെ സഹായിക്കുക എന്ന ഒറ്റ ലക്ഷ്യത്തോടുകൂടി രൂപീകരിച്ച ഒരു ഉടമ്പടിയിൽ കക്ഷിയായിരുന്നു. ഈ ലോകത്തിലെ മുഴുവൻ സമ്പത്തിനേക്കാളും താൻ വിലമതിക്കുന്നത് അത്തരം ഒരു കരാറിൽ പങ്ക് ചേരുന്നതിലാണ് എന്ന് വർഷങ്ങൾക്കുശേഷം പ്രവാചകൻ (സ) അനുസ്മരിക്കുകയുണ്ടായി.... ഞങ്ങളുടെ യജമാനനായ പരിശുദ്ധ പ്രവാച

രണ്ടാം ലോകമഹായുദ്ധകാലത്ത് ജപ്പാനിൽ വർഷിക്കപ്പെട്ട രണ്ട് അണുബോംബുകൾ വരുത്തിവെച്ച സർവനാശം അവിശ്വസനീയമാംവിധം ഭയാനകമായിരുന്നു. തുടർന്ന് ഭാവിയിൽ അത്തരം ദുരന്തം ആവർത്തിക്കാതിരിക്കാൻ ലോകം ചില മുൻകരുതലുകളെടുത്തു. എന്നാൽ അതിനുസരിച്ചുള്ള പരിശ്രമങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിനാശവും അസ്വസ്ഥതകളും പരത്തുവാനുള്ള ശ്രമങ്ങളാണ് അതിനേക്കാൾ വലിയ അളവിൽ നടക്കുന്നതെന്ന് കാണാൻ കഴിയും. കാര്യങ്ങൾ നേരേ തിരിഞ്ഞിരിക്കുന്നു.

ജനങ്ങൾ പട്ടിണിയും ദാരിദ്ര്യവും മൂലം മരിച്ചുവീഴുന്ന രാജ്യങ്ങളിൽ പോലും അവിടുത്തെ ഭരണാധികാരികൾ അവരുടെ കരുത്തും ആധിപത്യവും തെളിയിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാം. അങ്ങനെ അവരും ആണവായുധങ്ങൾ പരീക്ഷിക്കാൻ തുടങ്ങിയിരിക്കുന്നു. ഇത്തരം പ്രവൃത്തികളുടെ ദൂരവ്യാപക പ്രത്യാഘാതങ്ങളെന്താണെന്ന് അവർ തിരിച്ചറിയുന്നില്ലേ? ആ രാജ്യങ്ങളിലെ നേതാക്കന്മാർ അവരുടെ ദുരഭിമാനത്തിൽനിന്നും പൊങ്ങച്ചത്തിൽനിന്നും ഉടലെടുത്ത യുദ്ധാസക്തിയിൽ അകപ്പെട്ടിരിക്കുകയാണ്. ലോകത്തിലെ മുൻനിരശക്തികളുടെ ഭാഗത്തുനിന്ന് യുദ്ധങ്ങൾ തടയുന്നതിന് ഗൗരവപൂർണമായ ശ്രമങ്ങളുണ്ടായില്ലെങ്കിൽ ഈ ക്രൂരതകൾ വർധിച്ചുകൊണ്ടേയിരിക്കുന്നതാണ്.

എനിക്ക് ലഭിച്ചിട്ടുള്ള എല്ലാ അവസരങ്ങളിലും ഞാൻ ഇക്കാര്യം ഊന്നിപറഞ്ഞിട്ടുണ്ട്. എനിക്ക് 2008ൽ ബ്രിട്ടീഷ് പാർലമെന്റിനെ അഭിസംബോധന ചെയ്യാൻ അവസരം ലഭിച്ചിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത സദസ്സുകളെ അഭിമുഖീകരിച്ച് ഇതേ കാര്യങ്ങൾ തന്നെ പറഞ്ഞിട്ടുണ്ട്. ഇന്നും വിനയപൂർവം ഈ കാര്യങ്ങൾ തന്നെ ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം ജർമനി ഒരു ലോകശക്തിയാണ്, അതുപോലെ ഒരു വികസിത രാജ്യമാണ്. അതിലുപരി നിങ്ങളുൾപ്പെടുന്ന ഈ ഗ്രീൻ പാർട്ടി കരുത്താർജിച്ചുവരുന്നതായാണ് കാണുന്നത്. അതിനാൽ നിങ്ങളും ഈ കാര്യങ്ങളെ കുറിച്ച് പരിചിന്തനം ചെയ്യുകയും ലോക സമാധാനത്തിനും സുരക്ഷക്കും വേണ്ടി മുഖ്യമായ പങ്ക് വഹിക്കുകയും വേണം. അതുപോലെ ഈ സായാഹ്നത്തിൽ ഇവിടെകൂടിയിരിക്കുന്ന വിദ്യാസമ്പന്നരായ വിശിഷ്ടവ്യക്തിത്വങ്ങൾ അവരുടെ

ഹിക്കുന്നത്. നടപ്പിൽ വരുത്തുകയാണെങ്കിൽ ഏതൊരുസമൂഹത്തിനും സമാധാനവും പുരോഗതിയും ഉറപ്പുനൽകുന്ന സുവർണ തത്ത്വമാണിതെന്ന് നിസ്സംശയം പറയാം. ഒരു പ്രാദേശിക സമാധാനത്തിനുള്ള ചേരുവയല്ല, മറിച്ച് ലോകസമാധാനത്തിനായുള്ള സുവർണ തത്ത്വമാണിത്.

ഇന്ന്, ഒരു ഭാഗത്ത്, ലോകം പരസ്പരം അടുത്തടുത്ത് വന്ന് ഒരു ആഗോള ഗ്രാമമായിക്കൊണ്ടിരിക്കുകയാണെന്ന് നാം അഭിമാനത്തോടെ പറയുമ്പോൾ മറുഭാഗത്ത് രാജ്യങ്ങൾ തമ്മിലും വിവിധ മതങ്ങൾ തമ്മിലുമുള്ള ശത്രുത വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള ശത്രുത ഏതെങ്കിലും ചില പ്രദേശങ്ങളിൽ മാത്രം പരിമിതമല്ല. മറിച്ച് ലോകം ചുരുങ്ങുകയും ദൂരം ഒരു പരിമിതി അല്ലാതാകുകയും ചെയ്തതോടുകൂടി ഇത്തരം പ്രശ്നങ്ങളും അതിവേഗം അന്താരാഷ്ട്രതലത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്നു.

നാം ഇന്ന് ലോകത്തിന്റെ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ ഇത്തരം പ്രശ്നങ്ങൾ ആഗോളതലത്തിൽ തന്നെ ആശങ്ക പരത്തുന്ന തലത്തിലേക്ക് വളർന്നിരിക്കുന്നതായി കാണാൻ കഴിയും. ആണവായുധങ്ങളും ദീർഘദൂരമിസൈലുകളും പോലുള്ള യുദ്ധോപകരണങ്ങളുടെ വൻസജ്ജീകരണങ്ങൾ വ്യക്തമാക്കുന്നതും പരസ്പര വിദ്വേഷത്തിന്റെ അന്താരാഷ്ട്രമാനത്തെയാണ്. അല്ലെങ്കിൽ പിന്നെ എന്തിനാണ് വിദൂര ഭൂപ്രദേശങ്ങളെ ലക്ഷ്യമാക്കി യുദ്ധോപകരണങ്ങൾ വികസിപ്പിക്കുന്നത്? ദൈവത്തിന് നന്ദി, ജർമനിക്ക് അത്തരത്തിലുള്ള വിനാശകാരികളായ ആയുധങ്ങളില്ല, അതായത് ആണവായുധങ്ങൾ.

യുദ്ധത്തെകുറിച്ച് പ്രതിപാദിക്കുകയാണെങ്കിൽ ആദ്യമായി ഒരു കാര്യം വ്യക്തമായി പറയാനുള്ളത് അയൽരാജ്യങ്ങൾ തമ്മിൽ യുദ്ധത്തിൽ ഏർപ്പെടരുത് എന്നാണ്. ദൗർഭാഗ്യവശാൽ ഏതെങ്കിലും കാരണത്താൽ യുദ്ധം പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ തന്നെ അത് ആ പ്രദേശത്തുമാത്രമായി ഒതുങ്ങണം. നാം ഇന്ന് കാണുന്നത് ചില രാജ്യങ്ങൾ ആയിരക്കണക്കിന് മൈലുകൾ താണ്ടിയാണ് യുദ്ധം ചെയ്യുന്നത്. യാതൊരു വിവേചനവും കൂടാതെ ബോംബുകൾ വർഷിക്കുന്നു, അങ്ങനെ സകല ജീവനെയും അത് നശിപ്പിക്കുന്നു. ഒരുതരത്തിലുള്ള ജന്തു സസ്യജാലങ്ങളെയും ഇത്തരം യുദ്ധങ്ങൾ അവശേഷിപ്പിക്കാറില്ല. ഉദാഹരണത്തിന്

കൻ മുഹമ്മദ് (സ) കാണിച്ചുതന്ന മഹത്തായ ജീവിതമാതൃകയനുസരിച്ച് ജീവിക്കാനാണ് അഹ്മദി മുസ്‌ലിംകൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഇസ്‌ലാമിനെ എതിർക്കുന്നവർ എപ്പോഴുംതന്നെ ഗുരുതരമായ, വ്രണപ്പെടുത്തുന്ന ആരോപണങ്ങളാണ് ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ കുറിച്ച് ഒന്നും പഠിക്കാതെയാണ് അവർ ഇത് ചെയ്തുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും ഒരു വ്യക്തി ഒരു അദ്ധ്യാപനം ശരിയായരീതിയിൽ പിൻതുടരാതിരിക്കുകയും അതേസമയം ആ വിശ്വാസം പിൻതുടരുന്നു എന്ന് അവകാശപ്പെടുകയും ചെയ്യുകയാണെങ്കിൽ ആ അധ്യാപനങ്ങളല്ല മറിച്ച് ആ വ്യക്തിയാണ് വഴികേടിലായിട്ടുള്ളത്. ഇത് വളരെ അടിസ്ഥാനമായിട്ടുള്ള കാര്യമാണ്. വാസ്തവത്തിൽ വിശുദ്ധഖുർആൻ നമ്മെ പഠിപ്പിക്കുന്നത് ലോകത്ത് പരമമായ നീതി നടപ്പിലാക്കണമെന്നാണ്. അതിനായി വിശുദ്ധഖുർആൻ മനുഷ്യനോട് ആജ്ഞാപിക്കുന്നത് തന്നോട് വിദ്വേഷത്തോടെ പെരുമാറുകയും പീഢനത്തിനിരയാക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങളോടുപോലും നീതിപൂർവം സമഭാവനയോടെ പെരുമാറണമെന്നാണ്. ഇതിൽനിന്നുള്ള പാഠം യഥാർഥത്തിലുള്ള ധാർമികബോധം ആവശ്യപ്പെടുന്നത് നീതിപാലിക്കുക എന്നുള്ളതാണെന്നാണ്.

വിശുദ്ധ ഖുർആനിൽ ഇതിനെ സംബന്ധിച്ച് നിരവധി സ്ഥലങ്ങളിൽ പ്രസ്താവനകളുണ്ട്. അതായത് ആരാണോ ധാർമികത കൈക്കൊള്ളാത്തത് അയാൾ അല്ലാഹുവിൽനിന്ന് ഏറെ വിദൂരസ്തനാണ്. അക്കാരണത്താൽ ഇസ്‌ലാമിക അദ്ധ്യാപനങ്ങളിൽനിന്നും ഏറെ അകലെയാണ്. സമൂഹത്തിൽ സമാധാനം പുലരുന്നതിനായി വിശുദ്ധ ഖുർആൻ അരുളുന്നു:

**നല്ലതും ചീത്തയും സമമാവുകയില്ല. അതിനാൽ, ഏറ്റവും നല്ലതേതോ അതുകൊണ്ട് (ചീത്തയെ) തടയുക. അപ്പോൾ നീയുമായി ശത്രുതയിൽ കഴിഞ്ഞുകൂടുന്നവർ പെട്ടെന്നതാ ഒരാത്മമിത്രമെന്നപോലെ ആയിത്തീരുന്നു. (41:35)**

ഈ വചനം ശ്രവിക്കുന്ന ആർക്കെങ്കിലും ഈ അധ്യാപനങ്ങളെ ദോഷകരമായി കാണാൻ സാധിക്കുമോ? ഞങ്ങൾ അഹ്മദികൾ ഈ ലോകത്ത് ഈ വചനങ്ങളിൽ പ്രതിപാദിച്ചതിനനുസരിച്ച് അത്തരത്തിലുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനായാണ് ആഗ്ര

ഉത്തരവാദിത്വങ്ങൾ തിരിച്ചറിയണം. നിങ്ങൾ ഈ ദൗത്യം ഏറ്റെടുക്കുകയാണെങ്കിൽ അത് മനുഷ്യകുലത്തിനുള്ള മഹത്തായ ഒരു സേവനമായിരിക്കും.

ഈ അവസരത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഏതെങ്കിലും ഒരു രാജ്യം അയൽ രാജ്യത്തോട് അന്യായവും അക്രമവും കാണിക്കുകയാണെങ്കിൽ അത് അവസാനിപ്പിക്കേണ്ടത് തീർച്ചയായും യുണൈറ്റഡ് നേഷന്റെ കടമയാണ്. എന്നാൽ അവർ ഈ ദൗത്യം വളരെ നീതിപൂർവം നിർവഹിക്കേണ്ടതുണ്ട്. ഇത്തരം ഇടപെടലുകൾ ഉണ്ടാകുന്ന ഇക്കാലത്ത് മദ്ധ്യസ്ഥൻ മുഖേന യുദ്ധങ്ങൾ അവസാനിപ്പിക്കപ്പെടുമ്പോൾ അവിടെ നീതി നടപ്പാകാറുണ്ടോ? ഇല്ല എന്നതുതന്നെയാണ് ഉത്തരം.

ഞാനിത് പറയാൻ കാരണം ഒരു രാജ്യത്തെ ഭരണകൂടത്തിന് മറ്റൊരു രാജ്യവുമായി യുദ്ധത്തിലേർപ്പെടാൻ പിന്തുണലഭിക്കുന്നത് വിദേശ ശക്തികളിൽനിന്നാണെന്ന് നാം കണ്ടുകൊണ്ടിരിക്കുന്നു. അവർക്ക് ആയുധങ്ങൾ നൽകുന്നു, ചിലപ്പോൾ സായുധ സേനകളെതന്നെ അവരുടെ യുദ്ധഭൂമിയിലേക്ക് അയക്കുന്നു. ചില സന്ദർഭങ്ങളിൽ സഹായം സ്വീകരിച്ച രാഷ്ട്രത്തിന് വിദേശ ശക്തികളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയാതെ വരുന്നു. അല്ലെങ്കിൽ വിദേശ ശക്തികൾ എല്ലാ സ്ഥാപിത ലക്ഷ്യങ്ങളും കൈവരിക്കുകയും അങ്ങനെ പ്രസ്തുത ദൗത്യത്തിൽ താത്പര്യം നഷ്ടപ്പെടുകയും ചെയ്യുന്നു. ഈ രണ്ട് സന്ദർഭങ്ങളിലും നാം കാണുന്നത്, വിദേശ സഹായം സ്വീകരിച്ച ഭരണനേതൃത്വം പൊടുന്നനെ യുദ്ധകുറ്റവാളികളായി മുദ്രകുത്തപ്പെടുകയും വിചാരണക്കായി അന്താരാഷ്ട്ര ക്രിമിനൽ കോടതിയിലേക്ക് അയക്കപ്പെടുകയും ചെയ്യുന്നതായാണ്. കൂടാതെ ചില സ്ഥലങ്ങളിൽ ഗവൺമെന്റിനെതിരെ പ്രതിഷേധിക്കാൻ പൊതുജനങ്ങളെ സഹായിക്കുകയും അത്തരം പ്രവൃത്തികൾ പിന്നീട് അക്രമത്തിലേക്കും അരാജകത്വത്തിലേക്കും രാജ്യത്തെ നയിക്കുകയും ചെയ്യുന്നു. ഇത് തികച്ചും തെറ്റായ ഒരു സമീപനമാണ്.

നിങ്ങൾക്കെതിരെ യുദ്ധത്തിനുവരികയോ നിങ്ങളോട് അക്രമം പ്രവർത്തിക്കുകയോ ചെയ്യുന്നവരോട് പൊരുതാനുള്ള അനുമതി മാത്രമേ ഇസ്ലാമികാദ്ധ്യാപനങ്ങൾ നൽകുന്നുള്ളൂ. എന്നാൽ അവർ അക്രമപ്രവർത്തനങ്ങളിൽനിന്ന് പിൻതിരിയുകയാണെങ്കിൽ, അതിക്രമങ്ങൾ അവസാനിപ്പിക്കുന്നു എങ്കിൽ നിങ്ങളും അതിൽനിന്ന് പിൻമാറേണ്ടതാണ്. കാരണം യുദ്ധം ചെയ്യുന്നത് അതിക്രമങ്ങൾ അവസാനിപ്പിക്കേണ്ടതിനായിട്ടാണ്. അതിനാലാണ് പ്രതിരോധ യുദ്ധങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളത്. അധിനിവേശത്തിനു വേണ്ടിയല്ല. വിശുദ്ധ ഖുർആനിൽ അദ്ധ്യായം 2, 192-194 വചനങ്ങളിൽ ഇതേകുറിച്ച് പ്രദിപാദിക്കുന്നുണ്ട്. ആ വചനങ്ങളുടെ ചുരുക്കമാണ് ഞാൻ പറഞ്ഞത്.

മുഹമ്മദ് നബി (സ) അരുൾ ചെയ്യുന്നു, നിങ്ങൾ മർദിതനെയും മർദകനെയും ഒരു പോലെ സഹായിക്കണം എന്ന്. നബി (സ)യോട് മർദകനെ എങ്ങനെ സഹായിക്കാൻ കഴിയും എന്നുചോദിച്ചപ്പോൾ, അയാളുടെ കൈ തടഞ്ഞുനിർത്തിക്കൊണ്ട്, എന്ന് അദ്ദേഹം മറുപടി പറഞ്ഞു. അതിനർഥം നിങ്ങൾ അയാളെ ക്രൂരതയിൽനിന്നും അനീതിയിൽനിന്നും തടഞ്ഞുകൊണ്ട് സർവശക്തനായ ദൈവത്തിന്റെ ശിക്ഷയിൽനിന്ന് അയാളെ സംരക്ഷിക്കുക എന്നതാണ്. മർദകരെപോലും സഹായിക്കുന്ന ഈ തത്ത്വം നിർഗമിച്ചിരിക്കുന്നത് ദയാവായ്പ് പ്രകടിപ്പിക്കുക എന്ന ആഗ്രഹത്തിൽനിന്നാണ്, അല്ലാതെ ഏതെങ്കിലും വ്യക്തിതാത്പര്യങ്ങളുടെ അടിസ്ഥാനത്തിലല്ല. പ്രസ്തുത കാര്യത്തിന് ഊന്നൽനൽകുന്നതിനായി വിശുദ്ധഖുർആനിൽ ഒരിടത്ത് അരുൾ ചെയ്യുന്നു, അതായത്, അനുരഞ്ജനത്തിന്റെയും ശാന്തിയുടേയും മാർഗം സ്വീകരിച്ചുകഴിഞ്ഞാൽ പിന്നെ നിങ്ങൾ സമത്വവും നീതിയും പാലിക്കുന്നവരാകണം (അദ്ധ്യായം 49, വചനം 10).

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം നീതി നടപ്പാക്കുന്ന കാര്യത്തിൽ തുല്യത പാലിച്ചിരുന്നുവെങ്കിൽ ലോകത്തിന്റെ ഇന്നത്തെ അവസ്ഥക്ക് നാം സാക്ഷ്യം വഹിക്കേണ്ടിവരുമായിരുന്നില്ല. ലോകം ഇന്ന് വീണ്ടും യുദ്ധാഗ്നിയാൽ ചുറ്റപ്പെട്ടുകിടക്കുകയാണ്. ഇക്കാലയളവിൽ നീതിനിർവഹിക്കപ്പെട്ടിരുന്നെങ്കിൽ ആയുധങ്ങളും യുദ്ധവിമാനങ്ങളും വകസിപ്പിച്ചുകൊണ്ട് സായുധ ശക്തി വർധിപ്പിച്ചുകൊണ്ട് നടത്തുന്ന ഈ കിട മത്സരം കണേണ്ടിവരുമായിരുന്നില്ല. നീതിയെ പിൻപറ്റിയിരുന്നെങ്കിൽ അണ്വായുധങ്ങളും രാസായുധങ്ങളും വികസിപ്പിക്കുവാനുള്ള മത്സരം ഇവിടെ ഉണ്ടാകുമായിരുന്നില്ല. അത്തരം കുൽസിത നേട്ടങ്ങളിൽ രാഷ്ട്രങ്ങൾ അഭിമാനം കൊള്ളുമായിരുന്നില്ല.

ഞാൻ ഖേദത്തോടെ പറയട്ടെ, ലോകത്തിന്റെ ഇന്നത്തെ അവസ്ഥ സസൂക്ഷ്മം നിരീക്ഷിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നത് മറ്റൊരു ലോക മഹായുദ്ധത്തിനുള്ള അടിത്തറ ഇവിടെ പാകികഴിഞ്ഞിരിക്കുന്നു എന്നതാണ്.

എല്ലാ രാജ്യങ്ങളും ഏതെങ്കിലും വിധത്തിൽ, നീതിയുടെ മാനദണ്ഢങ്ങൾ പാലിക്കപ്പെടാതെതന്നെ മറ്റൊരു രാജ്യത്തെ സഹായിക്കുകയോ എതിർക്കുകയോ ചെയ്യുന്ന തരത്തിലുള്ള പ്രവൃത്തികളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. തർക്കങ്ങൾ ദിനേന വർധിച്ചുകൊണ്ടിരിക്കുന്നു. പുറമെ നമ്മോട് ഒരു കാര്യം പറയുകയും എന്നാൽ മറക്കുപിന്നിൽ രഹസ്യമായി യഥാർഥ പദ്ധതികളുടെ ലക്ഷ്യം നേടിയെടുക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണെന്നത് ഇന്ന് ഒരു രഹസ്യമല്ല. ഇത്തരം ഒരു ചുറ്റുപാടിൽ ലോകത്ത് സമാധാനം കൈവരിക്കാൻ സാധിക്കുമോ എന്നതാണ് ചോദ്യം.

ആണവായുധങ്ങൾ കൈവശമുള്ള ചെറുതും വലുതുമായ ഇത്തരം രാജ്യങ്ങളുടെ നിലപാടുകാരണം പകയും വിദ്വേഷവും വർധിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ ഹൃദയങ്ങളിൽ വിദ്വേഷം നിറഞ്ഞുകൊണ്ടിരിക്കുന്നു. ലോകം ഭയാനകമായൊരു നാശത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്നു.

ഞാൻ വിശ്വസിക്കുന്നത്, ഇന്ന് ലോകം പുരോഗതിയിൽ ശ്രദ്ധയൂന്നുന്നതിനുപകരം ലോകത്തെ ഈ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജിതപ്പെടുത്തുന്നതിനാണ് അടിയന്തിരപ്രാധാന്യം നൽകേണ്ടത് എന്നാണ്. അതുതന്നെയാണ് അത്യാവശ്യവും.

എല്ലാ സംഘടനകളും എല്ലാ രാഷ്ട്രങ്ങളും ആപത്കരമാംവിധം തങ്ങളുടെ അഹംഭാവത്തിലും അഹങ്കാരത്തിലും നിമഗ്നമായിരിക്കുകയാണ്. അവർക്ക് ഈ അവസ്ഥയിൽനിന്ന് പുറത്തുകടക്കുക അസാധ്യമായിരിക്കുകയാണ്. ഞാൻ നിങ്ങളോട് ഒരിക്കൽ കൂടി വിനീതമായി അഭ്യർഥിക്കുകയാണ്- രാജ്യത്തെ സ്വാധീനമുള്ള വ്യക്തിത്വങ്ങൾ എന്ന നിലക്ക്- നാം ഇന്ന് അഭിമുഖീകരിക്കുന്ന ഭയാനകമായ ആപത്കരമായ അവസ്ഥയെകുറിച്ച് നിങ്ങൾ ലോകത്തെ ബോധ്യപ്പെടുത്തണം. മറിച്ചാണെങ്കിൽ നമ്മുടെ വരുംതലമുറക്ക് ശോഭനമായ ഒരു ഭാവിയുണ്ടാവില്ല. അന്ധകാരനിബിഡമായ ഒരു ലോക

ത്തിലെ ഇരുണ്ട കാലഘട്ടത്തിലേക്കായിരിക്കും അവർ പ്രവേശിക്കുക.

ഇതിൽനിന്ന് ഒരു തത്ത്വം നാം ഓർത്തിരിക്കേണ്ടത്, നിങ്ങൾ വിതച്ചത് തന്നെയായിരിക്കും നിങ്ങൾ കൊയ്യുക എന്നതാണ്. നമ്മുടെ കർമങ്ങൾക്ക് അനുഗുണമായിരിക്കും അതിന്റെ അനന്തരഫലമെന്നത് പ്രകൃതിനിയമമാണ്. അല്ലാഹു മനുഷ്യകുലത്തിന്റെ ക്ഷേമത്തിനും അഭിവൃദ്ധിക്കുംവേണ്ടി ഈ ലോകത്തും പ്രപഞ്ചത്തിലാകമാനവും സന്തുലിതവും നീതിപൂർവവുമായ ഒരു സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. എന്നാൽ ഈ സന്തുലിതാവസ്ഥക്ക് കോട്ടം തട്ടിക്കുകയാണെങ്കിൽ ലോകം നാശത്തിലാപതിക്കും. വിശുദ്ധഖുർആൻ 55-ാം അധ്യായത്തിൽ 8 മുതൽ 14 വരെയുള്ള വചനങ്ങളിൽ പറയുന്നു: **'ആകാശത്തെ അവൻ ഉയർത്തുകയും തുലാസ് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ തുലാസിൽ അതിക്രമം പ്രവർത്തിക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതിപൂർവം തൂക്കം നിലനിർത്തുക. നിങ്ങൾ അളവിൽ കുറവു വരുത്തുകയുമരുത്. ഭൂമിയെ അവൻ എല്ലാ സൃഷ്ടിജാലങ്ങൾക്കും വേണ്ടി സ്ഥാപിച്ചു. അതിൽ പഴങ്ങളുണ്ട്. പോളകളിൽ പൊതിഞ്ഞ പഴങ്ങളുള്ള ഈന്തപനകളും. ഉമിയോടുകൂടിയ ധാന്യങ്ങളും സുഗന്ധച്ചെടികളുമുണ്ട്. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?'** ഇതിൽ പ്രപഞ്ചസംവിധാനത്തെകുറിച്ചാണ് വിവരക്കുന്നത് അതിന്റെ ഘടനയും ചലനവും പൂർണ ബന്ധിതവും പരസ്പരപൂരിതവുമാണ്. നീതിയുടെയും സന്തുലനത്തിന്റെയും ഈ ഒരു മാതൃക പിൻപറ്റാനാണ് വിശുദ്ധഖുർആൻ കല്പിക്കുന്നത്. കാരണം ദൈവത്തിന്റെ ഏറ്റവും ഉത്തമ സൃഷ്ടിയാണ് മനുഷ്യൻ എന്നാണ് വിശുദ്ധഖുർആൻ പ്രഖ്യാപിക്കുന്നത്. നീതിപൂർവമായ ഈ സംതുലനാവസ്ഥ നിങ്ങൾ തകർക്കുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ സ്വാർഥതക്കും ആഗ്രഹങ്ങൾക്കും പിറകേ പോകുകയാണെങ്കിൽ അത് നിങ്ങൾക്ക് ദോഷകരമായി ഭവിക്കും. അതിലൊരു സംശയവും വേണ്ട.

അതിനാൽ നിങ്ങളുടെ പരസ്പരമുള്ള ബന്ധങ്ങളിൽ നിങ്ങൾ സുദൃഢതയും ഐക്യവും വളർത്തുകയും നീതി കൈക്കൊള്ളുകയും വേണം. ഒരു കാര്യത്തിലും നിർണയിക്കപ്പെട്ടിട്ടുള്ള പരിധി ലംഘിക്കരുത്. അല്ലാഹുവിന്റെ സകല സൃഷ്ടികളോടും നീതിയോടും തുല്യതയോടും വർത്തിക്കുക. അങ്ങനെ അല്ലാഹു നൽകിയതിൽനിന്ന് നിങ്ങൾക്ക് പ്രതിഫലം കൊയ്തെടുക്കാം.

വിശുദ്ധ ഖുർആനിൽ സസ്യജാലങ്ങൾക്കുപോലും വലിയ പ്രാധാന്യം നൽകിയിരിക്കുന്നതായി നമുക്ക് കാണാം കഴിയും. ഉദാഹരണത്തിന് മൃഗങ്ങൾക്ക് ഭക്ഷണമാകുന്ന വൃക്ഷങ്ങളെക്കുറിച്ചും ധാന്യവിളകളെക്കുറിച്ചും ഉണങ്ങിയ പുല്ലുകളെകുറിച്ചും അതിൽ പ്രത്യേക പരമാർശമുണ്ട്. ഇവിടെ ഞാൻ പ്രത്യേകം പറയുന്ന ഒരു കാര്യം ഒരു അറബി വാക്കിന്റെ വളരെ ഗഹനമേറിയ അർഥം മറ്റൊരു ഭാഷയിലെ ഒരു വാക്കുകൊണ്ടുമാത്രം വിവരിക്കുക അസാധ്യമാണ്. ഉദാഹരണത്തിന് ഇവിടെ ഉണങ്ങിയ പുല്ല് അല്ലെങ്കിൽ വൈക്കോൽ എന്ന് പരിഭാഷപ്പെടുത്തപ്പെട്ട അറബിവാക്കിന് മനുഷ്യൻ ആശ്രയിക്കുന്ന എല്ലാ മൃഗങ്ങൾക്കുമുള്ള എല്ലാത്തരം കാലിത്തീറ്റകളും എന്ന അർഥമാണുള്ളത്. മൃഗങ്ങൾ നമുക്ക് ഉപയോഗപ്പെടുന്നത് നാം അവയെ ഭക്ഷണത്തിനായും മറ്റ് വിവിധ ആവശ്യങ്ങൾക്കായും ഉപയോഗിക്കുന്നതുവഴിയാണ്. അതിനാലാണ് മൃഗങ്ങളോട് നീതിപൂർവം പെരുമാറണമെന്നുള്ള പാഠം നമുക്ക് പഠിപ്പിക്കപ്പെട്ടിട്ടുള്ളത്. സസ്യങ്ങളുടെ ജീവനും ഈ സംവിധാനത്തിന്റെ അവിഭാജ്യ ഘടകമാണ്. മനുഷ്യന്റെയും മൃഗങ്ങളുടെയും അതിജീവനവുമായി അത് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന് ഊർജോത്പാദനത്തിന്റെ പ്രധാന കണ്ണിയായിട്ടാണ് അവ വർത്തിക്കുന്നത്. അതിനാൽ പ്രകൃത്യാഉള്ള ഈ സംതുലനാവസ്ഥയെ കൃത്യമായി പിൻപറ്റുന്നതിൽ വീഴ്ചസംഭവിക്കുകയാണെങ്കിൽ അത് മനുഷ്യകുലത്തിന് ദോഷമായിഭവിക്കുന്നമെന്നത് വ്യക്തമാണ്.

വിശുദ്ധ ഖുർആൻ ചോദിക്കുന്നു, നിങ്ങളിരുകൂട്ടരുടേയും നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? ദൈവത്തിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കുന്ന ഇരുകൂട്ടർ, ആരാണ് ഈ രണ്ട് വിഭാഗങ്ങൾ?

രാജ്യത്തിന്റെ നേതൃത്വവും പൊതുജനവുമാണ് ഈ രണ്ട് കൂട്ടർ. അതിൽ സമ്പന്നരും ദരിദ്രരും ഉൾപ്പെടുന്നു. തങ്ങളുടെ നേട്ടങ്ങളിൽ അഭിമാനം കൊള്ളുന്ന പാശ്ചാത്യരാഷ്ട്രങ്ങളും ഏഷ്യയിലെയും ആഫ്രിക്കയിലെയും വികസ്വരരാഷ്ട്രങ്ങളും ഉൾപ്പെടുന്നു. അല്ലാഹു വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു, നിങ്ങൾ നീതിയുടെയും സമത്വത്തിന്റെയും നിർണയിക്കപ്പെട്ട മാനദണ്ഡങ്ങൾ ലംഘിക്കരുത് എന്ന്.

ആണവായുധങ്ങളുടെയും മറ്റും ഉപയോഗം ദൈവത്തിനെതിരെയുള്ള വെല്ലുവിളിയാണ്. അത്തരത്തിലുള്ള പരാക്രമങ്ങൾ സംതുലനാവസ്ഥയുടെ തകർച്ചയിലേക്കാണ് നയിക്കുന്നത്. അതിനാൽ സമസൃഷ്ടികളോടും സ്രഷ്ടാവിനോടുമുള്ള കടമകളെകുറിച്ച് എപ്പോഴും നമ്മെ ഉണർത്തിക്കൊണ്ടിരിക്കുന്നു.

വിശുദ്ധഖുർആനിൽ ചിലഭാഗങ്ങളിൽ അണുവായുധയുദ്ധത്തിന്റെ ആവിർഭാവത്തെകുറിച്ച് പരാമർശിക്കുന്നുണ്ട്. വിശുദ്ധഖുർആന്റെ പരമമായ സത്യത്തിൽ വിശ്വസിക്കുന്ന ഒരു മുസ്‌ലിം എന്ന നിലക്ക് പരസ്പരമുള്ള ഈ പരിധിവിട്ട ശത്രുത മാനുഷികമൂല്യങ്ങളെ പൂർണമായും അപഹരിച്ചുകളയുകയും ലോകത്തെ നാശത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുകയുമാണെന്ന് ഞാൻ ലോകത്തെ ആവർത്തിച്ച് ഓർമപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ ഒരു അവസ്ഥ ഒഴിവാക്കപ്പെടേണ്ടതാണ്.

ഞങ്ങൾ അതിനായി പ്രാർഥിക്കാറുണ്ട്. ലോകത്തെ ഈ നാശത്തിൽനിന്ന് സംരക്ഷിക്കണമെന്ന് ഞങ്ങൾ അല്ലാഹുവിനോട് എപ്പോഴും അർഥിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ശബ്ദത്തിന് ഇന്ന് ഈ ലോകത്ത് ഒരു സ്വാധീനശക്തിയുണ്ട്. അതിനാൽ ഞാൻ നിങ്ങളോട് ശക്തമായിത്തന്നെ ആവശ്യപ്പെടുന്നത്, നിങ്ങൾ നിങ്ങളുടെ ജനതയോടും ലോകത്തോട് പൊതുവായും അറിയിക്കുക, അതായത്, ദൈവനിർണിതമായ ഈ സംതുലനാവസ്ഥക്ക് വിഘ്നം വരുത്തുക വഴി നിങ്ങൾ സർവനാശത്തിലേക്ക് അതിവേഗം ചരിച്ചുകൊണ്ടിരിക്കുകയാണ് എന്ന്. ഈ സന്ദേശം മുമ്പത്തേക്കാളുപരിയായി കൂടുതൽ പ്രാധാന്യത്തോടെ കൂടുതൽ ആളുകളിലേക്ക് എത്തിച്ചേരേണ്ടതുണ്ട്.

നിങ്ങളേയും ലോകത്തേയും ഈ സർവനാശത്തിൽനിന്ന് സംരക്ഷിക്കുക.

പ്രകൃതിയുടെ സൗന്ദര്യം നിലനിർത്തുന്നതിനും സ്നേഹത്തിന്റെയും വാത്സല്യത്തിന്റേതുമായ ഒരു അന്തരീക്ഷം വളർത്തിയെടുക്കുന്നതിനും ആ ഒരു ലക്ഷ്യപ്രാപ്തിയിലേക്ക് യാതൊരു സ്ഥാപിതതാത്പര്യങ്ങളുമില്ലാതെ മഹത്തായ പ്രവർത്തനം കാഴ്ചവെക്കുന്നവരിൽ നിങ്ങളും ഉൾപ്പെടട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു.

ഈ ഒരു പരിപാവനമായ പദ്ധതിയിൽ ദൈവം നിങ്ങൾക്ക് വിജയം പ്രദാനം ചെയ്യുമാറാകട്ടെ.

അവസാനമായി ഒരിക്കൽകൂടി നിങ്ങളെ അഭിസംബോധചെയ്യുന്നതിന് അവസരം നൽകിയ എല്ലാവർക്കും അതുപോലെ എന്റെ വാക്കുകൾ ശ്രവിച്ച ഏവർക്കും നന്ദിരേഖപ്പെടുത്തുന്നു.

നന്ദി.

വിവ. അഹ്മദ് ശാഫി



# ഹൃദയവും മസ്തിഷ്ക്കവും

ഹദ്റത്ത് അഹ്മദ്(അ)

മസ്തിഷ്ക്കം യുക്തിയുടെയും ചിന്തയുടെയും ഉറവിടമാണ്. എന്നാൽ ഹൃദയമാണ് ആത്മീയ ഗുണങ്ങളുടെ ഉറവിടം

ദൈവം മനുഷ്യനിൽ മൂന്ന് വിധത്തിലുള്ള നിയന്ത്രണ ഘടകങ്ങൾ സ്ഥാപിച്ചിരിക്കുന്നു. മസ്തിഷ്ക്കം, ഹൃദയം, നാവ് എന്നിവയാണവ. മസ്തിഷ്ക്കവും ബുദ്ധിയും യുക്തിയുമുപയോഗിച്ച് ആശയങ്ങൾ രൂപീകരിക്കുകയും പുതിയ ചിന്തകളും വിശദീകരണങ്ങളും വാദമുഖങ്ങളും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. വിവിധ സങ്കേതങ്ങളിലൂടെ രൂപവത്കൃതമാവുന്ന ഫലങ്ങൾ മസ്തിഷ്ക്കം പുനപരിശോധിക്കുകയും ചെയ്യുന്നു. ഹൃദയം എല്ലാ സത്തകളുടേയും രാജാവാണ്. ഹൃദയം തെളിവുകളും വാദമുഖങ്ങളും ഉപയോഗിക്കുന്നില്ല. അതിന് രാജാധിരാജനായ (മലിക്കുൽ മുലൂക്ക്) അല്ലാഹുവുമായിട്ടാണ് ബന്ധം. ആയതിനാൽ വ്യക്തവും സ്വച്ഛവുമായ വെളിപാട് മുഖേനയോ ചിലപ്പോൾ രഹസ്യവും ഗൂഢവുമായ വെളിപാട് മുഖേനയോ മനുഷ്യന് അറിവുകൾ നൽകപ്പെടുന്നു.

ഇതിനെ മറ്റൊരു വിധത്തിൽ പറയാം. മസ്തിഷ്ക്കം മന്ത്രി (വസീർ) ആണ്. മന്ത്രി ഭരണ നിർവാഹകനായതിനാൽ തന്ത്രങ്ങളും പദ്ധതികളും മിനഞ്ഞെടുക്കുന്ന ആളാകുന്നു. അപ്രകാരം മസ്തിഷ്ക്കം അഭിപ്രായങ്ങൾ, വ്യവസ്ഥകൾ, കാര്യകാരണങ്ങൾ, ഫലങ്ങൾ എന്നിവയിൽ സദാ വ്യാപൃതമാണ്. എന്നാൽ ഹൃദയത്തിൽ അല്ലാഹു സഹജാവബോധത്തെയാണ് നിക്ഷേപിച്ചിരിക്കുന്നത്. മധുരമുള്ള സ്ഥലത്ത് ഉറുമ്പ് എത്തിചേരുന്നത് പോലെയാണ് ഇത്. ഒരിടത്ത് മധുരമുണ്ടെങ്കിൽ ഉറുമ്പിന് അത് ഗ്രഹിക്കാൻ വസ്തുതകളുടേയും തെളിവിന്റേയും ആവശ്യമില്ല. ദൈവം അതിന് നൽകിയ സഹജാവബോധം അതിന് മാർഗ ദർശനം നൽകുന്നതിനാൽ അത് മധുരമുള്ളിടത്ത് എത്തിച്ചേരുന്നു. ഇപ്രകാരം ഉറുമ്പിന് ഹൃദയവുമായി സാദൃശ്യമുണ്ട്. കാരണം അതിലും സഹജാവബോധമുണ്ട്. അതിന്റെ ബലത്താൽ ഹൃദയം ആനയിക്കപ്പെടുന്നു. അതിന് തെളിവുകളുടേയും യുക്തിവാദങ്ങളുടേയും നിഗമനങ്ങളുടെയും ഫലപരിണിതിയുടെയും ആവശ്യമില്ല. ഹൃദയത്തിന്ന് അത്തരം തെളിവുകൾ എത്തിച്ചുകൊടുക്കാൻ മസ്തിഷ്ക്കം സദാസന്നദ്ധമാണ് എന്നത് മറ്റൊരു കാര്യമാണ്.

ഹൃദയം (ഖൽബ്) എന്നതിന് സ്ഥൂലവും ശാരീരികവുമായ അർഥമുണ്ട്. ഖൽബ് എന്ന വാക്കിന് ചംക്രമണം, മടങ്ങിവരുന്ന സഞ്ചാരം എന്നെല്ലാമുള്ള അർഥമുണ്ട്. ശരീരത്തിൽ രക്തചംക്രമണിന്റെ സ്രോതസ്സായതിനാലാണ് ഹൃദയത്തെ ഖൽബ്എന്ന് വിളിക്കുന്നത്. ഖൽബ് എന്ന വാക്കിന്റെ ആത്മീയമായ അർഥം മനുഷ്യനുണ്ടാകുന്ന അഭിവൃദ്ധിയും പുരോഗതിയും ഹൃദയത്തെ ചുറ്റിക്കൊണ്ടുള്ള പരിചംക്രമണത്തിലൂടെ ലഭ്യമാകുന്നത് എന്നാണ്. എപ്രകാരമെന്നാൽ മനുഷ്യന്റെ ജീവന് ആവശ്യമായ രക്തസഞ്ചാരത്തിന്റെ പ്രഭവകേന്ദ്രം ഹൃദയമാണ്. ആയതിനാൽ ആത്മീയ പുരോഗതി ആത്മീയ ഹൃദയത്തെ ആശ്രയിച്ചിരിക്കുന്നു.


ഇക്കാലത്തെ ദാർശനികരെന്ന് പറയപ്പെടുന്ന ചിലർ അറിവില്ലാത്തവരാണ്. അവർ എല്ലാ നല്ല കാര്യങ്ങളെയും മസ്തിഷ്ക്കവുമായി ബന്ധപ്പെടുത്തുകയാണ്. എന്നാൽ മസ്തിഷ്ക്കം വെറും തെളിവുകളുടെയും വാദമുഖങ്ങളുടെയും ഇരിപ്പിടം മാത്രമാണ്. ചിന്താശക്തിയും ഓർമശക്തിയും തല ചോറുമായി ബന്ധപെട്ടു കിടക്കുന്നു,. എന്നാൽ ഹൃദയം അതിന്റെ പ്രത്യേകത നിമിത്തം പരമാധികാരിയാണ്. അതായത് തലച്ചോറിൽ ഒരുവിധത്തിലുള്ള കൽപ്പിത ഘടകങ്ങളുണ്ട്. ഹൃദയത്തിൽ ഈ കൽപ്പിത ഘടകങ്ങളില്ല. അത് കൊണ്ട് ഹൃദയത്തിന് റബ്ബുൽ അർശുമായി ഒരു പ്രതീകാത്മക ബന്ധമുണ്ട്. വെറും സഹജാവബോധം കൊണ്ട് ഒരു വിധത്തിലുള്ള അടയാളവും ദൃഷ്ടാന്തവും ആവശ്യമില്ലാതെ (ആത്മീയ സത്യങ്ങൾ) അത് അറിയുന്നു. അത് കൊണ്ടാണ് ഹദീസിൽ നീ ഹൃദയത്തോട് ഫത്‌വ (വിധി) ചോദിക്കുക എന്നു പറഞ്ഞിരിക്കുന്നത്. അല്ലാതെ മസ്തിഷ്ക്കത്തോട് ഫത്‌വ ചോദിക്കണമെന്നല്ലവന്നിരിക്കുന്നത്. ഉലൂഹിയത്തിന്റെ തന്തുക്കൾ ഹൃദയവുമായിട്ടാണ് ബന്ധപ്പെട്ടു കിടക്കുന്നത്. ആരും അതിനെ വിദൂരമാണെന്ന് കരുതരുത്. വളരെ സുക്ഷ്മവും പ്രയാസകരവുമായ കാര്യമാണിത്. എന്നാൽ ഹൃദയ പരിശുദ്ധി വരുത്തുന്നവർ ഇത്തരം ഉദാത്ത ഗുണങ്ങൾ ഹൃദയത്തിനുണ്ടെന്ന് മനസ്സിലാക്കുന്നു. ഹൃദയത്തിന് ഈ ശക്തികളും ഊർജങ്ങളും ഇല്ലായിരുന്നെങ്കിൽ മനുഷ്യന്റെ അസ്തിത്വംതന്നെ പ്രയോജന ശൂന്യമായി ഭവിക്കുന്നതാണ്.

തസവ്വുഫിലും മുജാഹിദയിലും മുഴുകിയിരിക്കുന്ന സൂഫികളും മുജാഹിദീങ്ങളും ശരിക്കും മനസ്സിലാക്കിയ ഒരു യാഥാർഥ്യമുണ്ട്. ഹൃദയത്തിൽ നിന്നും പ്രകാശത്തിന്റെയും ദീപ്തിയുടെയും സ്തൂപം പ്രത്യക്ഷമായിതന്നെ ആകാശത്തേക്ക് പോകുന്നതായിട്ടവർക്ക് കാണാൻ സാധിക്കുന്നു. വളരെ വ്യക്തവും യാഥാർഥവും ആയ സത്യമാണിത്. എനിക്കിതിനെ പ്രത്യേകമായ ഉദാഹരണം മൂലം വ്യക്തമാക്കി തരുവാൻ സാധ്യമല്ല. എന്നാൽ ആർക്കാണ് മുജാഹിദ ചെയ്യുവാൻ സാധിക്കുന്നത്, അതേ പ്രകാരം ആത്മീയ സഞ്ചാരത്തിന്റെ ഘട്ടങ്ങളെ തരണം ചെയ്യുവാൻ സാധിക്കുന്നത്, അവർക്ക് ഇത് നേരിട്ടും അനുഭവത്തിൽ കൂടിയും കാണുവാൻ സാധിച്ചിട്ടുണ്ട്. ഹൃദയത്തിന്നും അർശിനുമിടയിൽ സൂക്ഷ്മമായ ഒരു തന്തുവുണ്ട്. ഹൃദയത്തിനും ആരാണോകൽപ്പന നൽകുന്നത് അവനിൽ നിന്നും ദിവ്യാനുഭൂതി ഉണ്ടാകുന്നു. അത് ബുദ്ധിപരമായ അടയാളങ്ങളേയും ദൃഷ്ടാന്തങ്ങളെയും ആശ്രയിച്ചിട്ടുള്ളതല്ല. മറിച്ച് മുൽഹം (ദിവ്യവെളിപാടു കിട്ടിയ ആൾ) അല്ലാഹുവിനോട് ആന്തരികമായി സംവദിച്ച് കാര്യങ്ങൾ ഗ്രഹിച്ചു കൊണ്ട് രൂപം കൊള്ളുന്ന ഫത്‌വ (വിധി) കളാണ്.

**അതെ, ഒരു കാര്യം സത്യമാണ്. ഏത്വരെയെന്നാൽ ഹൃദയം ഹൃദയമായി മാത്രം നിലകൊള്ളുകയും അതായത്. നാം (ദൈവിക സന്ദേശം) കേൾക്കുകയും അറിയുകയും ചെയ്തിരുന്നുവെങ്കിൽ(67:11)** എന്ന ദൈവിക വചനമനുസരിച്ച് ആവുകയും ചെയ്യുന്നതുവരെ, അതായത്, ഹൃദയത്തിന്റെയും മസ്തിഷ്ക്കത്തിന്റെയും ശക്തികൾ പ്രകടമാകാതിരുന്ന ഒരു നിദ്രാണ കാലഘട്ടം മനുഷ്യനിൽ കടന്നു പോയിട്ടുണ്ട്. മസ്തിഷ്ക്കത്തിന്റെ കഴിവുകൾ വികസിതമായ ഒരു കാലഘട്ടം വന്നു. അതിനു ശേഷമാണ് ഹൃദയം പ്രകാശ സമ്പൂർണമായ ഒരുകാലഘട്ടം ആഗതമായത്. ഹൃദയത്തിന്റെ പ്രകാശ പൂർണമായ കാലഘട്ടം വന്നതോടുകൂടി മനുഷ്യൻ ആത്മീയമായ വളർച്ച പ്രാപിച്ചു. അങ്ങനെ മസ്തിഷ്ക്കത്തിനു മേൽ ഹൃദയത്തിന്റെ അധീശത്വം നിലവിൽ വന്നു. മസ്തിഷ്ക്കപരമായ കഴിവുകൾക്ക് ഹൃദയത്തിന്റെ സവിശേഷതകളുടെയും ശക്തികളുടെയും മേൽ ഒരാധിപത്യവുമില്ല. ഒരു കാര്യം ഓർക്കുക മസ്തിഷ്ക്കപരമായ കഴിവുകൾ സത്യവിശ്വാസികൾക്ക് മാത്രം പ്രത്യേകമായിട്ടുള്ളതല്ല. മറ്റെല്ലാ മത വിശ്വാസികളും താന്താങ്ങളുടെ തലച്ചോറിനെ ഉപയോഗിക്കുന്നു. ഭൗതികമായ കാര്യങ്ങളിലും വ്യാപാരങ്ങളിലും മുഴുകിയിരിക്കുന്നവരെല്ലാം തന്നെ തങ്ങളുടെ ബുദ്ധിയെ (തലച്ചോറിനെ) പ്രയോജനപ്പെടുത്തുന്നു. അവരുടെ മസ്തിഷ്ക്കപരമായ കഴിവുകൾ പൂർണമായും വികസിതമാണ്. ദിവസവും അവർ തങ്ങളുടെ വ്യാപാരപരമായ പല നവീന കാര്യങ്ങളും കണ്ടു പിടിക്കുന്നു. യൂറോപ്പിലേക്കും ആധുനിക ലോകത്തിലേക്കും ദൃഷ്ടിപായിക്കുക. ഇക്കൂട്ടർ എത്ര കണ്ടാണ് തങ്ങളുടെ ബുദ്ധിയെ പ്രയോജനപ്പെടുത്തി പുതിയ പുതിയ ഗവേഷണങ്ങൾ നടത്തുന്നത്.

മനുഷ്യൻ ദൈവത്തിന്റെതായി തീരുമ്പോൾ ഹൃദയത്തിന്റെ ശക്തികൾ പ്രാവർത്തിച്ചു തുടങ്ങുന്നു. ആ അവസരത്തിൽ എല്ലാ ഊർജങ്ങളും ഇല്ലാതായി ഹൃദയത്തിന്റെ ഭരണകൂടം ആധിപത്യത്തിൽ വരികയും ഹൃദയത്തിന്റെ നിയന്ത്രണത്തിലും ഭരണത്തിൻെറ കീഴിലും ആവുകയും ചെയ്യുന്നു. അപ്പോഴാണ് മനുഷ്യൻ പരിപൂർണ മനുഷ്യൻ എന്ന് പറയപ്പെടുന്നത്. ആ അവസരത്തിലാണ് അതിൽ ഞാനെന്റെ ആത്മാവിനെ ഊതി (15:30) എന്ന വചനത്തിൽ മനുഷ്യൻ സജീവ സാക്ഷിയാവുന്നത്. ആ അവസരത്തിൽ മലക്കുകൾ കൂടി അയാളെ സജ്ദ ചെയുന്നു. അപ്പോൾ അയാൾ ഒരു നവീന മനുഷ്യനായി തീരുന്നു. അയാളുടെ ആത്മാവ് അവാച്യമായ ഒരാത്മീയ അനുഭൂതി അനുഭവിക്കാൻ തുടങ്ങുന്നു. എന്നാൽ ഒരു കാര്യം ഓർക്കണം. ഈ ആനന്ദം ഒരു ദുഷിച്ച പ്രകൃതമുള്ളവന് വ്യഭിചാരത്തിൽ നിന്നും ലഭിക്കുന്ന ആനന്ദം പോലെയായിരിക്കുന്നതല്ല. അല്ലെങ്കിൽ മധുര സ്വരത്തിൽ ആലപിക്കപ്പെടുന്ന ഗാനാസ്വാദനത്തിൽ അനുഭവപ്പെടുന്ന ആനന്ദം പോലെയുള്ളതല്ല. ആത്മീയാനന്ദം ഉണ്ടാകുന്നത് മനുഷ്യൻ മൃദുചിത്തനായി വ്യാകുലതയോടും ദൈവഭക്തിയോടും സ്വയം അലിഞ്ഞ് ജലം പോലെ ഒഴുകാൻ തുടങ്ങുമ്പോഴാണ്. ആ അവസരത്തിൽ അവൻ വചനമായി(കലിമ)ത്തീരുന്നു.

(മൽഫൂസാത്ത്-പേ. 404-408.)



# സ്വർഗത്തിൽ കർമം ചെയ്യണമോ?

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

സ്വർഗം നിശ്ചലമായ ഒരിടമല്ല. അവിടെയും മനുഷ്യന് പുരോഗതിയും വികാസവുമുണ്ട്.

രലോകത്ത് മനുഷ്യന്റെ കർമങ്ങൾ അവസാനിക്കുമോ? അവിടെ അവൻ വയസ്സായ ഒരാളെപോലെ തീറ്റയിലും കുടിയിലും മാത്രം നിരതനായിരിക്കുമോ? അതോ ഏതെങ്കിലും കർമത്തിൽ ഏർപ്പെട്ടിരിക്കുമോ?

മനുഷ്യന്റെ ജീവിതം തന്നെ കർമങ്ങളാകുന്നു എന്നതാകുന്നു ഇതിന് നൽകാനുള്ള ഉത്തരം. ഒരാളെ അയാളുടെ കർമങ്ങളിൽ നിന്ന് വേർപെടുത്തുക എന്നു വെച്ചാൽ അയാളുടെ ജീവിതം ഉപയോഗശൂന്യമാക്കുക എന്നർഥമാകുന്നു. കർമരഹിതമായ ജീവിതം മരണത്തേക്കാൾ ചീത്തയാകുന്നു. നിഷ്ക്രിയമായ ജീവിതം നല്ലൊരുകാര്യമാണെങ്കിൽ ഈ ലോകത്ത് അലസ ജീവിതം നയിക്കുന്നവരെല്ലാം ഉത്തമന്മാരായി പരിഗണിക്കപ്പെട്ടിരിക്കുമായിരുന്നു. സക്രിയമായ ജീവിതത്തിന്റെ ആനന്ദം നുകർന്നിട്ടുള്ളവർക്കറിയാം, കർമവും കർമത്തിലുള്ള മുന്നേറ്റവുമാണ് യഥാർഥത്തിലുള്ള ആനന്ദവും സുഖവുമെന്ന്. ഉദാസീനമായ ജീവിതം വിഡ്ഢിയുടെ സ്വർഗമാണ്; ബുദ്ധിയുള്ളവരാരും അതിനെ നന്മയായി കാണുകയില്ല.വിശുദ്ധ ഖുർആൻ പറയുന്നു:

അവരുടെ മുന്നിലും വലത് വശത്തും അവരുടെ പ്രകാശം പ്രസരിച്ചു കൊണ്ടിരിക്കും. **ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചു തരേണമേ; ഞങ്ങൾക്ക് പൊറുത്തു തരേണമേ, തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. (66:9)**

അതായത് ഓരോ വിശ്വാസിയും പുരോഗതിപ്പെട്ടുകൊണ്ടിരിക്കുകയും പുതിയ പുതിയ പടവുകൾ കണ്ടുകൊണ്ടിരിക്കുകയും അത് പ്രാപിക്കാനുള്ള ആഗ്രഹത്തോടെ അതിന് വേണ്ടി

പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ വീണ്ടും പറയുന്നു.

**ഒരു സത്യവിശ്വാസിക്ക് സ്വർഗ ത്തിൽ തളർച്ച അനുഭവപ്പെടുകയില്ല.(15: 49)**

സ്വർഗത്തിലും കർമം ഉണ്ടാകാ മെന്നും എന്നാൽ അത് തളർച്ചയും ക്ഷീണവും സൃഷ്ടിക്കുകയില്ലെന്നും ഇതു മനസ്സിലാക്കിതരുന്നു. വീണ്ടും ഖുർആൻ പറയുന്നു :

**അല്ലയോ ശാന്തിപ്രാപിച്ച ആത്മാവേ, നീ നിന്റെ നാഥനിലേക്ക് മടങ്ങുക, സംതൃപ്തനായും പ്രീതിപ്പെട്ടവനായും കൊണ്ട്. എന്നിട്ട് എന്റെ ഉത്തമ ദാസരിൽ ചേർന്നുകൊള്ളുക. (89:28-31)** അവിടെ ദൈവത്തിന്റെ കുറ്റമറ്റ എല്ലാ ഗുണ ങ്ങളും വെളിപ്പെടുമാറാകുന്നു,

മനുഷ്യൻ ഈ ലോകത്തുവെച്ചും കർമങ്ങൾ അനുഷ്ഠിക്കുന്നുവെങ്കിലും യഥാർഥമായ കർമങ്ങളുടെ കാലം മരണത്തിന് ശേഷമാണ് ആരംഭിക്കു ന്നത്. അപ്പോഴാണ് ഒരു സത്യവിശ്വാസി ദൈവത്തിന്റെ യഥാർഥ ദാസനായി തീരുന്നത്. എന്തു കൊണ്ടെന്നാൽ, ദൈവത്തിന്റെ ഗുണങ്ങൾ തന്നിൽ ലയിപ്പിക്കാനുള്ള പൂർണമായ അവ സരം അവന് കൈവരുന്നത് അപ്പോൾ മാത്രമാണ്.

ആകയാൽ മനുഷ്യന്റെ കർമങ്ങൾ അവിടെ അവസാനിക്കുന്നതല്ല. മറിച്ച് അത് വർധിക്കുകയാണ് ചെയ്യുക. നബി (സ)പറയുന്നു:

സ്വർഗത്തിൽ വിശ്വാസികൾക്ക് തസ്ബീഹുകളും തക്ബീറുകളും വെളിപാടുകൾ മുഖേന പഠിപ്പിക്കപ്പെടും.

ദൈവകീർത്തനത്തിനുള്ള പുതിയ സ്തോത്രവചനങ്ങളും കീർത്തന വാക്യങ്ങളും പഠിപ്പിക്കപ്പെടും എന്നല്ല ഇപ്പറഞ്ഞതിന്റെ അർഥം. ഈ ജോലി അവൻ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ഔന്നത്യവും മഹത്വവും മനസ്സിലാക്കിത്തരുന്ന പുതിയ പുതിയ ഗുണവിശേഷങ്ങൾ അവനു വെളിപ്പെ ടുത്തിക്കൊടുക്കുകയും അതുവഴി ആ ഗുണങ്ങളും തന്നിൽ പകർത്തുവാൻ അവൻ പരിശ്രമിക്കുകയും ചെയ്യും എന്നാണ് ഇപ്പറഞ്ഞതിന്റെ അർഥം.

മുമ്പു അറിയപ്പെട്ടിട്ടില്ലാത്ത ആ പുതിയഗുണ വിശേഷങ്ങൾ എന്തൊ ക്കെയാണെന്ന് ആരെങ്കിലും ചോദിച്ചു എന്നു വരാം. ആ ഗുണവിശേഷങ്ങൾ ഇപ്പോൾ അറിയുമാറില്ലേ? മനുഷ്യന് അവന്റെ ഇന്ദ്രിയങ്ങൾ മുഖേന പഠിക്കാനാകുന്ന അറിവുകൾ മാത്രമേ ആർജിക്കുവാൻ സാധിക്കുകയുള്ളൂ. ആകയാൽ നമ്മുടെ ഇപ്പോഴത്തെ അറിവ് നമ്മുടെ ഐന്ദ്രികജ്ഞാന ത്തിന്റെ പരിസീമകളിൽ മാത്രം ഒതുങ്ങുന്നതാണ്. നമ്മുടെ ഇന്ദ്രിയ ങ്ങളുടെ ഇപ്പോഴത്തെ ഗ്രാഹക ശക്തി വച്ചു നോക്കുമ്പോൾ ഈ അറിവുകൾ പരിപൂർണം തന്നെ. എന്നാൽ പുതിയ ജ്ഞാനേന്ദ്രിയങ്ങൾ മനുഷ്യൻ സ്വായ ത്തമാക്കുമ്പോൾ ദൈവത്തിന്റെ പുതിയ സിഫത്തുകൾ അഥവാ പുതിയ ഗുണങ്ങൾ അവന് ഗോചരമാകുന്ന താണ്. ദൈവം അപാരനായിരിക്കയാൽ ജ്ഞാനസിദ്ധിയിലും സൂക്ഷ്മമായ അറിവിലും മനുഷ്യൻ അഭിവൃദ്ധി പ്രാപിച്ചു കൊണ്ടു പോവും. ഒരോ പുതിയ അറിവും ഓരോകർമ മണ്ഡലം തുറന്നിടുന്നതും അതു തുടർന്നു കൊണ്ടു പോകുന്നതുമാണ്. ദിവസം തോറും അഥവാ കാലഗതിക്കൊപ്പം മനുഷ്യന്റെ ഈ സൂക്ഷ്മമായ അറിവു കൾ, ദൈവം അറ്റം പെടാത്തവ നായിരി ക്കയാൽ, വർധിച്ചു കൊണ്ടേ പോകു ന്നതാണ്. ഈ ലോകം ഒരു കർമഭൂമി യായിരിക്കുന്നത് പോലെ സ്വർഗവും ഒരു കർമരംഗമാകുന്നു. അല്ല അതിലു പരിയായിട്ടുതന്നെ. വ്യത്യാസം ഇത്ര മാത്രം. ഈ ലോകത്ത് മനുഷ്യൻ പരാജയപ്പെടാനിടയുണ്ട്. താഴോട്ട് പതിക്കാനും സാധ്യതയുണ്ട്. പരലോക ത്താകട്ടെ ഇത്തരം വിപത്തുകളൊ ന്നുമില്ല. ആത്മീയജ്ഞാനത്തെ സംബ ന്ധിച്ചിടത്തോളം ഈ ലോകം ഒരു പള്ളി ക്കൂടം പോലെയാണ്. അവിടെ ഒരാൾ തോൽക്കുകയോ ജയിക്കുകയോ ചെയ്യാം. എന്നാൽ, പരലോകജീവിതം യൂണിവേഴ്സിറ്റി പരീക്ഷ പാസ്സായ ശേഷം ശാസ്ത്രീയ ഗവേഷണത്തിലേർ പ്പെടുന്ന ഒരാളുടെ നിലയോട് ഉപമിക്കാ വുന്നതാണ്. ഇയാൾ കഠിനജോലി ചെയ്യുന്നു. ചിലപ്പോൾ അയാളും കോളേജ് വിദ്യാർഥിയും തമ്മിലുള്ള വ്യത്യാസം, കോളേജ് വിദ്യാർഥി താൻ പരാജയപ്പെട്ടു പോകുമോ എന്ന ഭയത്തിന് വിധേയനാണെങ്കിൽ മറ്റേ യാൾക്ക് അത്തരം ഒരു ഭയവും ഉണ്ടാ കുന്നില്ല എന്നതത്രേ.


മുകളിൽ നൽകിയ വിവരം വ്യക്തമാക്കുന്നത് സ്വർഗത്തിലെ യഥാർ ഥമായ അനുഗ്രഹങ്ങളും യഥാർഥമായ സുഖാനുഭൂതികളും ആത്മീയ പുരോഗ തിയിലാണ് അടങ്ങിയിരിക്കുന്നതെന്നും പൊതുവേ ആരോപിക്കപ്പെടുന്നത് പോലെ ശാരീരികമായ ഇച്ഛകളുടെ തൃപ്തിയല്ലെന്നും ആകുന്നു. ഏറ്റവും മഹത്തായ സ്വർഗീയ അനുഗ്രഹം ദൈവ സംതൃപ്തിയാണ്.

**അല്ലാഹുവിൽ നിന്നുമുള്ള പ്രീതി യാണ് എല്ലാത്തിലും മഹത്തരമായി ട്ടുള്ളത് (9:72).**

തിരുനബി(സ)യുടെ അരുളപ്പാടനു സരുരിച്ച് സ്വർഗത്തിലെ ഏറ്റവും വലിയ ആനന്ദം ദൈവ ദർശനമത്രെ. ചുരു ക്കത്തിൽ ഒരു മുസ്‌ലിമിന്റെ സ്വർഗം യഥാർഥ ജ്ഞാനാർജനത്തിലും ആ ജ്ഞാനമനുസരിച്ചുള്ള സൽക്കർമ ങ്ങളിലും അതോടൊപ്പം മേൽ രണ്ടു മാർഗങ്ങളിലൂടേയും സാദ്ധ്യമായി ത്തീരുന്ന ദൈവസാമീപ്യത്തിലും സാ യൂജ്യത്തിലുമാകുന്നു. ഇതിനേക്കാൾ മഹത്തരമായിട്ടുള്ള ഒരു ലക്ഷ്യ ത്തെക്കുറിച്ച് മനുഷ്യന് നിരൂപിക്കാൻ കഴിയില്ല.!

## റസൂൽ തിരുമേനി(സ)യുടെ ജീവിതം

നുഅ്മാൻ (റ)വിൽ നിന്ന് നിവേദനം : ജനങ്ങൾ സമ്പാദിച്ച ഐഹികാഢംബരങ്ങളെക്കുറിച്ച് നബി(സ) ഒരിക്കൽ സംസാരിക്കുകയുണ്ടയി. റസൂൽ തിരുമേനി (സ) ദിവസം മുഴുവൻ വിശപ്പുസഹിക്കുന്ന ആളായിട്ടാണ് എനിക്ക് കാണാൻ കഴിഞ്ഞരുന്നത്. വളരെ മോശപ്പെട്ട കാരക്ക പോലും വയർ നിറക്കാൻ അവിടുത്തേക്ക് ലഭിച്ചിട്ടില്ല.



# സത്യസന്ധതയും യുക്തി ബോധവും

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

സത്യത്തിന്റെ ഉപകരണമാണ് യുക്തിബോധം യാഥാർത്ഥ്യം പ്രകാശിപ്പിക്കുന്ന യുക്തി ബോധത്തെ ഉയോഗിക്കാൻ ഖുർആൻ നിരന്തരം ആവശ്യപ്പെടുന്നു

മനുഷ്യന് താൽപര്യമുള്ള നിരവധി മേഖലകളിൽ മുസ്ലിം ചിന്തകളുടെ മുന്നേറ്റമുണ്ടായ കാലഘട്ടത്തിൽ മുസ്ലിംകളുടെ അന്വേഷണങ്ങളെ പ്രമുഖമായി സ്വാധീച്ചത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളും നബി തിരുമേനി (സ) യുടെ വചനങ്ങളുമായിരുന്നു. മുന്നേറ്റങ്ങൾ മുഴുവനും തന്നെ ഇസ്ലാമികമെന്ന് ഗുണനിർണയം ചെയ്യാൻ സാധ്യമല്ല. സമസ്ത മേഖലകളിലും ശാസ്ത്രീയ മുന്നേറ്റങ്ങൾ അക്കാലത്തുണ്ടായി. മുൻ കാലങ്ങളിലെ ഭൗതികവും അക്കാഡമീയവും ശാസ്ത്രീയവുമായ നേട്ടങ്ങളിൽ നിന്ന് ധാരാളം പുതിയ തത്ത്വശാസ്ത്രങ്ങളും ശാസ്ത്രങ്ങളുമാവിർഭവിച്ചു. ചില അസാമാന്യരായ മുസ്ലിം പ്രതിഭകൾ മതകീയവും ഭൗതികവുമായ നിരവധി പുതിയ വൈജ്ഞാനിക ശാഖകളുടെ ഉപജ്ഞാതാക്കളായി. അങ്ങനെ മതവും യുക്തിയും പരസ്പരം കൈകോർത്തു നിന്നു. വിശുദ്ധ ഖുർആനിലും നബി വചനങ്ങളിലുമുള്ള വിജ്ഞാനാന്വേഷ ണത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച പ്രതിപാദനങ്ങളിൽ നിന്നുമായിരുന്നു അവർ ആവേശം ഉൾക്കൊണ്ടത്. യുക്തിയുടെ പങ്കിന് അതിശക്തമായ ഊന്നൽ നൽകപ്പെട്ടു. വിശ്വാസവും യുക്തിയും പര്യായപദങ്ങളായിമാറി. സാർവജനീന സന്ദേശമുള്ള വിശ്വൈക പ്രവാചകനാണ് മുഹമ്മദ് (സ) എന്ന ഖുർആന്റെ പ്രഖ്യാപനം തന്നെ ഇസ്ലാം മതം യുക്തിയിൽ പടുത്തുയർത്തിയതാണെന്ന സ്വയം പ്രഖ്യാപനത്തിന് സമമാണ്. അയുക്തിക ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒരു മതത്തെയും മനുഷ്യന്റെ വിശ്വൈകമനസ്സാക്ഷിക്ക് സ്വീകരിക്കാൻ സാധ്യമല്ല.

**സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായി സമസ്ത മനുഷ്യർക്കും വേണ്ടിയല്ലാതെ നിന്നെ ഞാൻ അയച്ചിട്ടില്ല. പക്ഷേ മനുഷ്യരിലധികംപേരും ഈ യാഥാർഥ്യം അറിയുന്നില്ല. (34:29)**

വർഗം, വർണം, വിശ്വാസം, ദേശം എന്നീ പരിഗണനകൾക്കതീതമായി മനുഷ്യന്റെ ധാർമികവും സാമൂഹ്യവുമായ പ്രശ്നങ്ങളെ അഭിസംബോധ ചെയ്തുകൊണ്ടാണ് ഖുർആൻ അതിന്റെ സാർവ ലൗകികത പ്രകടിപ്പിക്കുന്നത്. ആയതിനാൽ മനുഷ്യന്റെ സാർവദേശീയ പ്രകൃതിക്കനുസൃതമായ രീതിയിൽ ഇസ്ലാമിക അദ്ധ്യാപനങ്ങൾക്ക് ആഗോളീയമായ പ്രായോഗിക ക്ഷമത ഉണ്ടായിരിക്കേണ്ടത് ആവശ്യമായിവരുന്നു. എന്നാൽ ഈയൊരു കാരണം കൊണ്ട് മാത്രമല്ല നാം ഇങ്ങനെയൊരു നിഗമനത്തിലെത്തിച്ചേരുന്നത്.

മതഭൗതിക സത്യങ്ങൾക്കിടയിൽ യാതൊരു അതിർത്തി രേഖയും വരക്കാതെ സത്യത്തെ പ്രാപിക്കുന്നതിൽ യുക്തിക്കുള്ള പങ്ക് ഖുർആൻ വളരെ വ്യക്തമായി വിളംബരം ചെയ്യുന്നു. സത്യമാണ് ഇസ്ലാമിന്റെ മതം, ഇസ്ലാം സത്യത്തിന്റെ മതവുമാണ്. സത്യത്തിന് അതിന്റെ സന്ദേശം പ്രചരിപ്പിക്കാൻ നിർബന്ധത്തിന്റെ ആവശ്യമില്ല. അതിന് ആവശ്യമായ ഒരേയൊരു ഉപകരണം യുക്തിബോധമാണ്. അപ്രകാരം മനുഷ്യന്റെ പ്രകൃതി ചരിത്രം, യുക്തിബോധം എന്നിവയെ ആധാരമാക്കിക്കൊണ്ട് ഖുർആനികാദ്ധ്യാപനങ്ങളിലെ സത്യത്തെക്കുറിച്ച് സൂക്ഷ്മ പരിശോധന നടത്താൻ മനുഷ്യബുദ്ധിയെ ഖുർആൻ ആഹ്വാനം ചെയ്യുന്നു. മതപരമായ ഗവേഷണം നടത്താൻ മാത്രമല്ല ഭൗതിക ജ്ഞാനങ്ങൾ ആർജിക്കാൻ വേണ്ടിയും ഖുർആൻ മനുഷ്യന്റെ യുക്തിജ്ഞാനത്തെയും അനുമാന ജ്ഞാനത്തേയും ജാഗരം കൊള്ളിക്കുന്നു. ജ്ഞാനം ആർജിക്കാനുള്ള വിശുദ്ധ ഖുർആന്റെ

അസാധാരണമായ ആഹ്വാനത്തിൽ ആകൃഷ്ടനായ പ്രഗല്ഭ നോബൽ സമ്മാന ജേതാവ് ഡോ: അബ്ദുസ്സലാം ആദ്യകാല മുസ്ലിം ചിന്തകരിൽ ഖുർആന്റെ ഈ ആഹ്വാനം ഉണ്ടാക്കിയ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെ പറ്റി പഠിക്കാൻ പ്രേരിതനായി. അദ്ദേഹത്തിന്റെ ഒരു ലേഖനത്തിലെ നിരീക്ഷണം ഇങ്ങനെയാണ്.

*ഡമാസ്ക്കസ് യൂണിവേഴ്സിറ്റിയിലെ ഡോ: അയ്ജാസുൽ ഖാതിബിന്റെ അഭിപ്രായം, വിശുദ്ധ ഖുർആനെക്കാളുപരിയായി മറ്റൊരു ഗ്രന്ഥവും ശാസ്ത്രത്തിന്റെ പ്രാധാന്യത്തിന് ഇത്രയധികം ഊന്നൽ നൽകിയിട്ടില്ലെന്നാണ്. നിയമപരമായ കാര്യങ്ങളെ പറ്റി ഖുർആനിൽ 250 വചനങ്ങളുള്ളപ്പോൾ പ്രകൃതിയെപറ്റി കൂടുതൽ പഠിക്കാനും യുക്തിയെ ഉത്തമമായ രീതിയിൽ പ്രയോഗിക്കാനും ശാസ്ത്ര പ്രവർത്തനങ്ങൾ സമൂഹജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റാനുമുള്ള ആഹ്വാനങ്ങളടങ്ങിയ 750 വചനങ്ങളാണ് ഖുർആനിലുള്ളത്. ഈ വചനങ്ങൾ ഖുർആന്റെ എട്ടിലൊന്ന് വരും. ഇസ്ലാമിന്റെ വിശുദ്ധ പ്രവാചകൻ പറഞ്ഞത് ജ്ഞാനം ആർജിക്കൽ ഓരോ മുസ്ലിമിന്റെയും നിർബന്ധ ബാദ്ധ്യതയാണെന്നാണ്.*

അന്വേഷണം നടത്തുന്നത് കൊണ്ട് മാത്രം മതിയാകില്ല എന്ന് ഖുർആൻ മുന്നറിയിപ്പ് നൽകുന്നു. ശരിയായ നിഗമനത്തിലെത്തിച്ചേരുന്നതിന് മുമ്പ് മനുഷ്യന്റെ ആന്തരിക സത്യങ്ങളാണ് മുന്നുപാധിയായിട്ടുള്ളത്. ഈ മൗലിക തത്ത്വം സൂറ: അൽ ബക്കറയുടെ ആദ്യവചനങ്ങളിൽ തന്നെ വിവരിക്കപ്പെട്ടിരിക്കുന്നതായി കാണാം. സൂറ:ബക്കറ ഔപചാരികമായി സൂറ: ഫാത്തിഹക്ക് ശേഷമുള്ള രണ്ടാം സൂറയായി എണ്ണുന്നുണ്ടെങ്കിലും ഫലത്തിൽ സൂറ: ബക്കറ ഖുർആന്റെ ആമുഖാദ്ധ്യായമായി കണക്കാക്കാവുന്നതാണ്. അതായത് ഖുർആന്റെ മുഴുവൻ പാഠവും ആരംഭിക്കുന്നത് സൂറ: ബക്കറയോടെയാണ്. അൽ ബക്കറ: സൂറത്ത് താഴെ കാണുന്ന വചനത്തോടെയാണ് തുടങ്ങുന്നത്.

**പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. ഞാൻ പരിപൂർണ ജ്ഞാനിയായ അല്ലാഹുവാകുന്നു. അതാകുന്നു ഗ്രന്ഥം അതിൽ യാതൊരു സംശയവുമില്ല. സത്യാത്മാക്കൾക്ക് (മുത്തഖികൾക്ക്) ഒരു മാർഗദർശകവുമാകുന്നു (21:1-3).**

ഈ അത്യഗാധമായ പ്രഖ്യാപനം പ്രത്യക്ഷത്തിൽ ലളിതമായിതോന്നാം. ഈവചനത്തിലെ അന്തർധാരയായി വർത്തിക്കുന്ന സന്ദേശം മനസ്സിലാകണമെങ്കിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. സത്യാഭിമുഖ്യമില്ലാത്ത ആളുകളെ സത്യപാതയിലേക്ക് നയിക്കാനാണ് ദൈവികാദ്ധ്യപനങ്ങളെന്ന് വ്യക്തമായും പ്രതീക്ഷിക്കപ്പെടുന്നു. എന്നിരിക്കെ നേരത്തെ തന്നെ സത്യാത്മാക്കളായവരെ മാത്രമേ ഈ ഗ്രന്ഥം നേർമാർഗത്തിലേക്ക് നയിക്കു എന്ന അവകാശവാദത്തിന്റെ പ്രസക്തിയെന്താണ്? സത്യാന്വേഷകൻ തീർച്ചയായും അവനോട് സ്വയം സത്യസന്ധനായിരിക്കണം എന്ന് മാത്രമാണ് ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നത്. അല്ലെങ്കിൽ അവന്റെ അന്വേഷണം വൃഥാവിലാകും.

ഈ പ്രഖ്യാപന പ്രകാരം സത്യത്തിന്റെ കണ്ടെത്തൽ അടിസ്ഥാന പരമായി അന്വേഷകന്റെ ഉദ്ദേശ ശുദ്ധിയെ ആശ്രയിച്ചിരിക്കും. ഈ ലളിതമായ കൊച്ചു പ്രസ്താവനയിൽ അഗാധമായ ജ്ഞാനം പ്രതിഫലിക്കുന്നു.

സത്യാത്മാക്കൾക്ക് ഒരു മാർഗദർശകവുമാകുന്നു. (2:3) ഭൗതിക ജ്ഞാന മണ്ഡലത്തിലെ അന്വേഷണത്തിനും പലപ്പോഴും ഇതേ തത്ത്വം ആരോപിക്കാവുന്നതാണ്. പക്ഷപാതിത്വമുള്ള ഏതൊരു മനസ്സിന്റേയും അന്വേഷണം മിക്കപ്പോഴും അതിന്റെ വിശ്വാസ്യത നഷ്ടപ്പെടു ത്തുന്നു. സത്യസന്ധവും അർഥവത്തുമായ ഏതൊരു അന്വേഷണത്തിനും എപ്പോഴും ആർജവമുള്ളതും ആരോഗ്യകരവുമായ ഒരു മനസ്സ് മുന്നുപാധിയായുണ്ടായിരിക്കണം എന്നവസ്തു തയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മുൻവിധിയിൽ കുരുങ്ങിയ ഒരു മനസ്സിന് ഒരിക്കലും നിഷ്പക്ഷമായ തീരുമാന ങ്ങളിൽ എത്തിച്ചേരാൻ കഴിയില്ല. ദൃഷ്ടി വൈകല്യമുള്ള ഒരു നിരീക്ഷകന് ഒരിക്കലും നേർകാഴ്ച്ച ലഭിക്കാറില്ലല്ലോ. അതുകൊണ്ട് ഒരാളെ സത്യത്തിലേക്ക് നയിക്കാൻ മാർഗദർശനം കൊണ്ട് മാത്രം സാദ്ധ്യമല്ല. തികച്ചും നിഷ്പക്ഷമായതും ആരോഗ്യ മുള്ളതും സത്യസന്ധവുമായ മനസ്സ് മാത്രമേ അതിൽ നിന്നും ഫലമെടുക്കൂ. ഇവിടെ ഒരു പ്രശ്നം പരിഹരിക്ക പ്പെടുമ്പോൾ മറ്റൊരു പ്രശ്നം തലപൊക്കി തുടങ്ങുന്നു.

മതപരമായ വിവാദങ്ങളുടെ മണ്ഡലത്തിൽ ഒരാൾ പ്രതീക്ഷിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ലോകത്ത് ഇന്ന് പോരടിച്ചു കൊണ്ടിരിക്കുന്ന മിക്ക മത ഗ്രൂപ്പുകളും അവരുടെ ആന്തര സത്യങ്ങൾ അൽപ്പം മാത്രമേ തുറന്നു കാട്ടുന്നുള്ളൂ. ഒരു മതേതര നേതാവ് ഒരു മതവിശ്വാസി സത്യ ത്തോട് കൂടുതൽ ചേർന്നു നിൽക്കു മെന്നാണ് സാധാരണ ഗതിയിൽ തീർച്ചയായും പ്രതീക്ഷിക്കുക. പക്ഷേ എല്ലാമതങ്ങളുടേയും പിൽക്കാല ചരിത്രം പരിശോധിക്കുമ്പോൾ ഇതിന് വിപരീതമായാണ് സംഭവിച്ചിരിക്കുന്ന തെന്ന് കാണാം എല്ലാമത ങ്ങളിലേയും തുടക്കകാലത്തിലുള്ളവർ കറകളഞ്ഞ വിശ്വാസികളായിരിക്കും. മതപരമായ വിഷയങ്ങളിലാവട്ടെ ഭൗതികവിഷ യങ്ങളിലാവട്ടെ സമൂഹത്തിലെ മറ്റുള്ളവരിൽ നിന്ന് വിഭിന്നമായി അവർ സത്യത്തോട് യാതൊരു വിട്ടു വീഴ്ച്ചയില്ലാതെയും നിഷ്പക്ഷമായും പ്രതിബദ്ധത പുലർത്തിയിരുന്നു. മതസ്ഥാപകന്മാർ ജീവിച്ചിരുന്ന കാലത്ത് യുക്തിപരതയുടെയും കാര്യകാരണ ചിന്തയുടേയും ഗ്രാഫ് ഏറ്റവും ഉച്ചസ്ഥായിയിൽ നിലകൊണ്ടിരുന്നതായി നമുക്ക് കാണാം. നാം ചർച്ചക്ക് വിധേയമാക്കിയ ഖുർആൻ വചനത്തിലേക്ക് നമുക്ക് മടങ്ങാം. അതിൽ ദൈവം എല്ലാം ഏറ്റവും സൂക്ഷ്മമായറിയുന്ന സർവ ജ്ഞാനിയാണ് എന്ന് പരിചയപ്പെടുത്തിയിരിക്കുന്നു. അത്കൊണ്ട് അവൻ നൽകുന്ന ജ്ഞാനം സമ്പൂർണവും ഏറ്റവും വിശ്വസനീയവുമായിരിക്കണം. എന്നാൽ ആ ജ്ഞാനത്തിന്റെ സ്വീകർത്താവിന് ആന്തരികമായ സത്യത്തിന്റെ കുറവുണ്ടെങ്കിൽ അയാൾ അതിൽ നിന്ന് ഫലമെടുക്കുന്നതിൽ പരാജയപ്പെടുന്നു.

മത വിശ്വാസമില്ലാത്ത ഒരാളുടെ സൗകര്യാർഥം ദൈവമെന്ന ആശയത്തിന്ന് ബദലായി യുക്തിജ്ഞാനത്തെ പകരം വെക്കുകയാണെങ്കിൽ പ്രസ്തുത പ്രസ്താവന ഇപ്രകാരം വായിക്കാം

ഒരാൾക്ക് സത്യാഭിമുഖ്യമോ അല്ലെങ്കിൽ അയാളിൽ ആന്തരിക സത്യമോ ഇല്ലാതെ യുക്തിജ്ഞാനം കൊണ്ട് മാത്രം സത്യത്തിലേക്ക് പോവാൻ സാദ്ധ്യമല്ല. മതപരമാകട്ടെ ഭൗതികമാകട്ടെ വിശ്വസനീയമായ ജ്ഞാനം ലഭ്യമാകാൻ ഇത് അനുപേക്ഷണീയമായ മുന്നുപാധിയാണ്, വിവരം നൽകപ്പെടുന്ന സ്രോതസ്സും അതിന്റെ സ്വീകർത്താവും ഒരു പോലെ സത്യസന്ധരായിരിക്കണം.

# വിശുദ്ധ ഖുർആനും
# വ്യാജമായ ആത്മീയതയും

എൻ. ഇ. ഹഖ്



സാത്വികതയും ധർമനിഷ്ഠയും അടിസ്ഥാനമായുള്ള യഥാർഥ ദൈവ വിശ്വാസം പ്രവാചകന്മാരും ദൈവത്തിന്റെ വരിഷ്ഠ ദാസന്മാരുമാണ് ലോകത്ത് വളർത്തിയെടുക്കുന്നത്. മിത്തുകളുടെയും അന്ധവിശ്വാസങ്ങളുടെയും മാമൂലുകളുടെയും പശ്ചാത്തലത്തിൽ കുറുക്കു വിദ്യയിലൂടെയാണ് വ്യാജ ആത്മീയത പ്രചരിക്കുന്നത്.

മനുഷ്യനെ ദൈവമാക്കി കാണുകയും ആത്മീയ സൂത്രപ്പണി നടത്തുന്നവരെ അവതാരങ്ങളും ആൾ ദൈവങ്ങളുമായി വരിക്കുകയും ചെയ്യുന്ന അന്ധ വിശ്വാസം 'പുരോഗമനം' കൊണ്ട് വീർപ്പുമുട്ടുന്ന ഈ കാലഘട്ടത്തിലും വ്യാപകമായി നിൽക്കുന്നുവെന്നത് അദ്ഭുതകരമാണ്. ഭാവിയറിയാനും ഐശ്വര്യം ഉടനടി ആർജിക്കാനുമുള്ള ബദ്ധപ്പാടിൽ, വിവരമില്ലാത്തവർ മാത്രമല്ല സമൂഹത്തിലെ ഉന്നത ശീർഷന്മാരും ബുദ്ധിജീവികളായി എഴുന്നള്ളുന്നവരുമൊക്കെയാണ് ദിവ്യന്മാരുടേയും കൂടോത്രങ്ങൾക്കുമുന്നിൽ കുമ്പിടുന്നത്. ദൈവത്തെ എങ്ങനെയെങ്കിലും പ്രാപിച്ചുകളയാൻ കുറുക്കുവഴി നോക്കി നടക്കുന്നവരും മധ്യവർത്തികളെ തിരയുന്നവരും ആദ്യം തന്നെയെത്തുന്നത് ആൾദൈവങ്ങളുടെ കൂടാരത്തിലാണ്. ജോത്സ്യരും പക്ഷി ശാസ്ത്രക്കാരും പിന്നെ ശൈഖുനമാരും തങ്ങന്മാരും ഭഗവാന്റെ അവതാരമായി വിലസുന്നവരും പ്രവചനങ്ങളും ദീർഘ ദർശനങ്ങളും നടത്തിക്കൊണ്ടാണ് രംഗം കൈയടക്കുന്നത്. എന്നാൽ അദൃശ്യജ്ഞാനം അറിയുന്നവനായി ദിവ്യന്മാരുടെയും ആൾ ദൈവങ്ങളുടെയും കൊട്ടകങ്ങളിലും രതിത്താവളങ്ങളിലും ഊഴവും കാത്തുനിൽക്കുന്നത്. ശൂന്യതയിൽ നിന്ന് വിഭൂതിയും സ്വർണനാണയങ്ങളും പഴുത്ത പഴങ്ങളുമൊക്കെ എടുത്തു നൽകുന്ന ഭഗവാൻ മുതൽ ലൈംഗിക വൃത്തിക്കായിമാത്രം ദിവ്യ വേഷം കെട്ടുന്ന കൺകെട്ടുകാർ, കയ്യടക്ക വിരുതന്മാർ തുടങ്ങിയ നമുക്ക് പരിചിതമായ ചെറുതും വലുതുമായ ആത്മീയ വ്യാപാരികളുടെയെല്ലാം പബ്ലിക്ക് റിലേഷൻസ് ട്രിക്ക് ചില ചെപ്പടി വിദ്യകളും കുറച്ച് ജീവകാരുണ്യ പ്രവർത്തനങ്ങളുമാണ്. ഈ ജീവ കാരുണ്യ പ്രവർത്തനങ്ങളും ആശ്രമങ്ങളും ആശുപത്രിയുമൊക്കെ ആളുകളുടെ അനുഭാവവും വിശ്വാസവും നേടാനുള്ള മനഃശ്ശാസ്ത്രപരമായ തന്ത്രങ്ങളാണ്താനും.

മതമോ വിശ്വാസമോ എന്തെന്നറിയാത്തവരാണ് അദൃശ്യ കാര്യങ്ങളറിയാനും അപകടങ്ങളും ദുരന്തങ്ങളും മുൻകൂട്ടിക്കണ്ട് പരിഹാര ക്രിയക്കുള്ള കുറിപ്പടികിട്ടാനുമുള്ള തിടുക്കത്തിൽ ആൾ ദൈവങ്ങളുടേയും കപട

ദൈവമല്ലാതെ മറ്റാരും തന്നെയില്ല. ഒരു പ്രവാചകന് വെളിപ്പെടുത്തി കൊടുക്കുമ്പോഴല്ലാതെ മനുഷ്യന് അതറിയാനാവില്ലെന്നതാണ് യാഥാർഥ്യം

**പ്രവാചകന്മാർ**

യഥാർഥ ആത്മീയതയുടെ പ്രഭവ കേന്ദ്രം ദൈവത്തിന്റെ പരിശുദ്ധന്മാരായ പ്രവാചകന്മാരും അവർക്കു സിദ്ധിച്ച വെളിപാടുകളുമല്ലാതെ മറ്റൊന്നുമല്ല. മത വിശ്വാസത്തെ ബീജാവാപം ചെയ്യുകയും ദൈവവിശ്വാസം ഭൂമിയിൽ വളർത്തിയെടുക്കുകയും ചെയ്തത് ദൈവത്തിന്റ വരിഷ്ഠദാസൻമാരാണ്. കപട ആത്മീയതയുടെ വക്താക്കൾ എപ്പോഴും അന്ധവിശ്വാസങ്ങളേയും മിത്തുകളേയും നിലനിർത്തുന്നവരാണ്. പഴയ വിശ്വാസങ്ങളേയും മിത്തുകളേയും താലോലിച്ചു കൊണ്ടാണ് അവർ സമൂഹത്തിലെ നല്ല പിള്ളമാരാവുന്നത്. എന്നാൽ പ്രവാചകന്മാർ അന്ധവിശ്വാസങ്ങളുടെയും പരമ്പരാഗത മാമൂലുകളുടെയും പ്രാകാരങ്ങൾ തകർത്ത് സമൂഹത്തിന്റെ രോഷം വിലക്ക് വാങ്ങിയവരാണ്.

അവരുടെ വാദങ്ങളാകട്ടെ എപ്പോഴും ദിവ്യ വെളിപാടുകളെ അടിസ്ഥാനമാക്കിയായിരുന്നു. ദൈവം സംസാരിക്കാൻ പ്രേരിപ്പിക്കാതെ അവർ സംസാരിക്കുകയോ അവൻ തൃപ്തിപ്പെട്ടതല്ലാതെ അവർ സ്വീകരിക്കുകയോ ചെയ്തിരുന്നില്ല. യഥാർഥ ദൈവത്തിലേക്ക് കുറുക്കുവഴികളൊന്നുമില്ലെന്ന് അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ വന്ദ്യ സ്ഥാപകർ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)പറയുകയുണ്ടായി.

'ലോകത്തിന്റെ സൃഷ്ടിപ്പു മുതൽക്കേദൈവത്തെ തിരിച്ചറിയുക എന്നത് പ്രവാചകനെ തിരിച്ചറിയുന്നതുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഒരു പ്രവാചകൻ മുഖേനയല്ലാതെ ഏകത്വത്തിന്റെ ജ്ഞാനം സിദ്ധിക്കുകയെന്നതും അസാദ്ധ്യമാണ്. ദൈവത്തെ കാണാനുള്ള കണ്ണാടിയാണ് പ്രവാചകൻ. ഈ കണ്ണാടിയിലൂടെ മാത്രമേ ദൈവത്തിന്റെ തിരുമുഖം ദർശിക്കുവാൻ സാധിക്കുകയുള്ളൂ. സർവശക്തനായ ദൈവം ലോകത്തിന്റെ മുമ്പിൽ വെളിപ്പെടാൻ ഇച്ഛരിക്കുമ്പോൾ അവൻ ഒരു നബിയെ ലോക ത്തിലേക്ക് അയക്കുന്നു. അദ്ദേഹം അവന്റെ ശക്തി പ്രതാപങ്ങളുടെ ആവിഷ്ക്കാരം ആവുകയും അദ്ദേഹത്തിലൂടെ അവൻ തന്റെ 'റുബൂബിയത്തിന്റെ'(സർവ പരിപാലകത്വത്തിന്റെ) പ്രകടനം കാണുകയും ചെയ്യുന്നു. അങ്ങനെ ദൈവം ഉണ്ടെന്നു ലോകം തിരിച്ചറിയുന്നു. ദൈവത്തിലേക്ക് വഴികാണിക്കുന്ന വിഭാഗം അവരാണ്. അവരിലൂടെയാണ് അഗോചരങ്ങളിൽ അഗോചരങ്ങളായ, നിഗൂഢതകളിൽ നിഗൂഢമായ ദൈവസത്ത സ്വയം വെളിപ്പെടുന്നത്. ദൈവം എന്ന് വിളിക്കപ്പെടുന്ന ആ ഗുപ്ത നിധി പ്രവാചകന്മാരിലൂടെയാണ് എക്കാലവും തിരിച്ചറിയപ്പെട്ടത്.'(ഹഖീഖത്തുൽ വഹ്യ്, റൂഹാനി ഖസായിൻ വാ:22 പേ 115,116)

പ്രവാചകന്മാരുടെ വരവോടെയാണ് ദൈവത്തിന്റെ അസ്തിത്വത്തിലേക്കുള്ള ജനശ്രദ്ധ തിരിയുന്നത്. അവരുടെ ദൃഷ്ടാന്തങ്ങളും ദിവ്യാദ്ഭുതങ്ങളും അനുകരണീയ ജീവിതമാതൃകകളും കൂടാതെ യഥാർഥ ആത്മീയ സിദ്ധി അസാദ്ധ്യമാണ്. അതു കൊണ്ടാണ് പ്രവാചകന്റെ അഭാവത്തിൽ ദൈവ വിശ്വാസം വെറും കഥകളെന്നോണം ശുഷ്ക്കമായി തീരുന്നത്. അതോടെ ദൈവത്തെയും മനുഷ്യനേയും സ്രഷ്ടാവിനേയും സൃഷ്ടികളേയും അനന്യമാക്കി കാണുന്ന സമ്പ്രദായങ്ങൾ രൂപപ്പെട്ടുവരികയും മതം കുറുക്കു വഴികളുടെ കൂടാരമായി തീരുകയും ചെയ്യുന്നു.

**സർവം ബ്രഹ്മവാദവും ത്രിയേകത്വവും**

ദൈവത്തോടൊപ്പം പരിമിതമായ ആത്മാക്കളേയും പദാർഥങ്ങളേയും അനാദിയും സ്വയം ഭുവുമായി കരുതുന്നതാണ് സർവം ബ്രഹ്മവാദം. ബുദ്ധിയുടേയും തർക്കശാസ്ത്രത്തിന്റേയും ശക്തിയിൽ ദൈവത്തെ അറിയാൻ കഴിയുമെന്ന ധാരണയുടെ ഉൽപ്പന്നമാണ് ഈ വിശ്വാസം. ദൈവത്തിന് നിയാമകന്റേയോ ഒരു സംയമകന്റേയോ സ്ഥാനത്തിനപ്പുറമൊന്നും അതു നൽകുന്നില്ല. ഇക്കാരണത്താൽ പുതിയ ആത്മാക്കളേയും പരമാണുക്കളേയും സൃഷ്ടിക്കാൻ കഴിവില്ലാത്തവനാണ് ദൈവം. പദാർഥത്തിലും പദാർഥത്തിന്റെ ഓരോ പരമാണുവിലും ദൈവം വ്യാപരിച്ചു നിൽക്കുന്നു. പദാർഥവും ദൈവവും അന്യാമാണെന്ന് വരുമ്പോൾ മനുഷ്യനും ദൈവവുമായുള്ള ബന്ധത്തിന്റെ ആത്മീയ സ്വഭാവം തന്നെ തകിടം മറിയുകയും ആർക്കും ദൈവമായി വിലസാമെന്ന അവസ്ഥ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

മറ്റൊന്ന് ഒരു സ്ത്രീയുടെ വയറ്റിൽ പിറന്ന, എല്ലാവിധ പരിമിതികളും പരിധികളും ഉൾകൊണ്ട ദുർബലനായ ഒരു മനുഷ്യനെ ദൈവമാക്കി വരിക്കുന്ന ത്രിയേകത്വമാണ്. ദൈവമായ യേശു മനുഷ്യ രൂപത്തിൽ ദൈവപുത്രനായി ജനിച്ചത് പാപിയായ മനുഷ്യകുലത്തിന്റെ പാപം ചുമക്കാനായിട്ടായിരുന്നു. അങ്ങനെ അദ്ദേഹം പാപികളായ മനുഷ്യരുടെ പാപപരിഹാരാർഥം ശപിക്കപെട്ട കുരിശു മരണം വരിക്കുകയും ശപ്തനായി തീരുകയും പിന്നീട് ഉയിർത്തെഴുന്നേറ്റ് ആകാശത്ത് പിതാവായ ദൈവത്തിന്റെ വലത് ഭാഗത്ത് കുടിയിരിക്കുകയുമാണ്.

**വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്ന ദൈവം**

ഇസ്‌ലാമിന്റെ വിശുദ്ധ വേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ, ദൈവത്തിനു മേൽ ചാർത്തപ്പെടുന്ന ഇത്തരം പരിമിതികളേയും ന്യൂനതകളേയും തള്ളിക്കളയുന്നു. ആകാശങ്ങളുടേയും ഭൂമിയുടേയും എണ്ണമറ്റ പ്രപഞ്ചങ്ങളുടേയും അധിനാഥനാണ് അത് പരിചയപ്പെടുത്തുന്ന ദൈവം. പ്രകൃതി ഗ്രന്ഥത്താളിലും പ്രകൃതി നിയമത്തിന്റെ ദർപ്പണത്തിലൂടേയും കാണപ്പെടുന്ന ദൈവമേതോ അതേ സത്യദൈവം തന്നെയാണ് ഇസ്‌ലാമിന്റെ ദൈവം. ഇസ്‌ലാമിന്റെ ദൈവ സങ്കൽപ്പം ഇപ്രകാരം എടുത്തു കാട്ടിക്കൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) തുടർന്ന് പറയുന്നു: 'ഇസ്‌ലാം ഒരു പുതിയ ദൈവത്തെ പരിചയപ്പെടുത്തുന്നില്ല. മറിച്ച് ഇസ്‌ലാം പരിചയപ്പെടുത്തുന്ന ദൈവം, മനുഷ്യന്റെ ഹൃദയ വെളിച്ചം അവതരിപ്പിക്കുന്ന, ആകാശങ്ങളും ഭൂമിയും അവതരിപ്പിക്കുന്ന അതേ ദൈവം തന്നെയാണ്.' (മജ്മൂഅ ഇശ്തിഹാറാത്ത്, റൂഹാനി ഖസായിൻ, വാ:2 പേജ് 310)

ദൈവവുമായി ബന്ധം വെക്കുന്നവരേയും ദൈവം സംസാരിക്കുന്നവരേയും വിശുദ്ധ ഖുർആൻ കാട്ടിത്തരുകയും മനുഷ്യ സൃഷ്ടിയുടെ ഉദ്ദേശ്യവും പ്രപഞ്ച സൃഷ്ടിപ്പും തമ്മിലുള്ള ബന്ധത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. ദൈവത്തിന്റെ ഏകത്വം അത് ഉയർത്തിക്കാട്ടുകയും അതുവഴി സൃഷ്ടി ജാലങ്ങളുടെ ഏകത്വത്തിലേക്കും സമത്വത്തിലേക്കും അതു നയിക്കുകയും ചെയ്യുന്നു. ദൈവത്തിലല്ലാതെ മറ്റാരിലേക്കെങ്കിലും ചായുന്നത് കൊണ്ട് തിന്മകളെ അത് വെളിപ്പെടുത്തുന്നു. ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) പറയുകയാണ്:

'ദൈവത്തെ നമ്മുടെ പ്രിയപ്പെട്ടവനാക്കി തീർക്കുന്ന അദ്ധ്യാപന

ങ്ങളാണ് വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുന്നത്. അവ അവന്റെ സൗന്ദര്യങ്ങളെ എടുത്തുകാട്ടുന്നു. അവന്റെ ഔദാര്യങ്ങളെക്കുറിച്ച് നമ്മെ ഓർമപ്പെടുത്തുകയും ചെയ്യുന്നു. എന്തെന്നാൽ സൗന്ദര്യത്തിന്റെ ആസ്വാദനത്താലോ, ഔദാര്യത്തിന്റെ സ്മരണയാലോ ആണല്ലോ സ്നേഹം സൃഷ്ടിക്കപ്പെടുന്നത്. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്, ദൈവം അവന്റെ സർവോൽകൃഷ്ടതകൾ കാരണമായി പങ്കുകാരൻ ആരുമില്ലാത്ത തരത്തിൽ ഏകനാണ്. ഒരു വൈകല്യവും അവനെ ബാധിക്കുന്നില്ല. അവൻ എല്ലാ ഉൽകൃഷ്ട ഗുണങ്ങളും സ്വീകരിച്ചിരിക്കുന്നവനും എല്ലാ പരിശുദ്ധ ശക്തികളും പ്രകടമാക്കുന്നവനുമാണ്. എല്ലാ സൃഷ്ടികളുടേയും ഉറവിടവും എല്ലാ അനുഗ്രഹത്തിന്റേയും പ്രഭവ കേന്ദ്രവുമാണവൻ. അവൻ സർവ പ്രതിഫലത്തിന്റേയും ഉടമസ്ഥനാണ്. സർവസ്വവും മടങ്ങുന്നതും അവനിലേക്കാണ്.

**ആത്മീയാകാശം**

വിശുദ്ധ ഖുർആൻ നമുക്ക്



പരിശുദ്ധമായ ആത്മീയതയേയും വ്യാജമായ ആത്മീയതയേയും വേർതിരിച്ചുകാട്ടുന്നു. പരിശുദ്ധമായ ആത്മീയതയെ ഖുർആൻ ആകാശത്തോടാണ് ഉപമിക്കുന്നത്. ബാഹ്യമായ എല്ലാ ഇടപാടുകളിൽ നിന്നും പോറലുകളിൽ നിന്നും ഭൗതികാകാശത്തെ അല്ലാഹു സുരക്ഷിതനാക്കിയിരിക്കുന്നത്പോലെ വ്യാജമായ ആത്മീയതയിൽ നിന്ന് പാവനമായ ആത്മീയാകാശത്തെയും ദൈവം സംരക്ഷിക്കുന്നു. ഭൗതികമായ ആകാശം ആത്മീയാകാശത്തിന്റെ ചൂണ്ടുപലകയാണ്. ആത്മീയാകാശത്തിന്റെ പരിപാലകത്വം തെളിയിക്കാൻ ഭൗതികാകാശത്തിന്റെ ധർമങ്ങളും സ്വഭാവങ്ങളുമവതരിപ്പിക്കുന്നു. ഭൗതികാകാശത്തിന്റെ സുരക്ഷാ സംവിധാനത്തെക്കുറിച്ചുള്ള വിവരണങ്ങളിലൂടെ ആത്മീയാകാശത്തിന്റെയും ആത്മീയമായ ഉദ്ബോധങ്ങളുടേയും സത്യമായ ദൈവിക മാർഗദർശനത്തിന്റെയും സംരക്ഷണമെങ്ങനെയെന്നും വിശുദ്ധ ഖുർആൻ സമർഥിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: **തീർച്ചയായും നാമാണ് ഈ ദിക്റ് ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷിക്കുകയും ചെയ്യും (15:10)**

വിശുദ്ധ ഖുർആന്റെ ദൈവിക പരിരക്ഷ സ്ഥാപിച്ചു കാണിക്കുന്ന മഹത്തായ ഒരു ദൈവിക വാഗ്ദാനമാണിത്. ഖുർആനേയും ഖുർആൻ പ്രതിനിധീകരിക്കുന്ന വിശ്വാസ സംഹിതകളേയും 'അദ്ദിക്ർ' എന്നാണ് ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത്. ദൈവിക സംരക്ഷണത്തെക്കുറിച്ചുള്ള ഉറപ്പേറിയ സുവിശേഷമാണിത്. ദൈവിക സംരക്ഷണത്തിന്റെ അഭാവത്തിൽ ഒരു വിശ്വാസ സംഹിതയും 'അദ്ദിക്ർ' എന്ന് വിളിക്കപ്പെടാൻ യോഗ്യമാകുന്നില്ല. അങ്ങനെയുള്ള മതങ്ങളെല്ലാം വ്യാജമായ ആത്മീയതയിലേക്ക് വഴുതിപ്പോകാതിരിക്കുന്നുമില്ല.

**ആത്മീയാകാശത്തിന്റെ സംരക്ഷണം**

ഈ സംരക്ഷണ വാഗ്ദാനം എങ്ങനെയാണ് നിർവഹിക്കപ്പെടുകയെന്ന് ഖുർആൻ തുടർന്ന് വിവരിക്കുന്നു.

**'ആകാശത്ത് നാം നക്ഷത്ര മണ്ഡലങ്ങൾ ഉണ്ടാക്കുകയും നോക്കുന്നവർക്ക് അത് അലംകൃതമാക്കുകയും ചെയ്തിരിക്കുന്നു. ശപിക്കപെട്ട എല്ലാ സാത്താന്മാരിൽ നിന്നും അതിനെ നാം സംരക്ഷിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ആരെങ്കിലും ഒളിഞ്ഞു കേൾക്കുന്നതായാൽ പ്രത്യക്ഷമായൊരു തീജ്വാല അവനെ പിടികൂടുന്നതാണ്. (വി.ഖുർആൻ 15:17,18,19)**

നക്ഷത്ര ഫലങ്ങൾ ഭൗതികാകാശത്തെ അലങ്കരിക്കുന്നത് പോലെ ആത്മീയ നക്ഷത്രങ്ങളായ പ്രവാചകന്മാരും ദൈവനിയുക്തരായ പരിശുദ്ധാത്മാക്കളും ആത്മീയാകാശത്തെ അലങ്കരിക്കുന്നു.ഭൗതിക നക്ഷത്രങ്ങൾ ഭൗതികാകാശത്തിന്റെ അവിഭേദ്യത സംരക്ഷിക്കുന്നതിൽ എപ്രകാരം കരുക്കളായി തീരുന്നുവോ അപ്രകാരം ആത്മീയ നക്ഷത്രങ്ങളായ പ്രവാചകന്മാർ ആത്മീയാകാശത്തിനുള്ള കരുക്കളായി തീരുകയും വല്ല വിധേനയും അവർക്കുണ്ടാകുന്ന ഭംഗം മുഴുവൻ ആത്മീയാകാശത്തേയും തകിടം മറിക്കുകയും ചെയ്യുന്നു. എപ്രകാരം ഭൗതിക നക്ഷത്രങ്ങൾ കരയിലും കടലിലും മനുഷ്യർക്ക് വഴിയടയാളങ്ങളെന്നോണം പ്രയോജനപ്പെടുന്നുവോ അതു പോലെ ആത്മീയനക്ഷത്രങ്ങൾ ആത്മീയ ലക്ഷ്യത്തിലേക്കുള്ള വഴിയടയാളങ്ങളായി തീരുന്നു. നക്ഷത്രങ്ങളെ പോലെ പ്രവാചകന്മാരും പരസ്പര ബന്ധമുള്ളവരാണ്. ഒരു നക്ഷത്രത്തിന്റെ സ്ഥാന നിർണയം വഴി യാത്രക്കാരന് മറ്റൊന്നിന്റെ സ്ഥാനമറിയാനുതകുന്നത് പോലെ ഒരു പ്രവാചകൻ തനിക്ക് ശേഷം വരുന്ന മറ്റു പ്രവാചകന്റെ പ്രാദുർഭാവത്തെക്കുറിച്ച് മുൻകൂട്ടി പറയുന്നു. അങ്ങനെ ഒരു പ്രവാചകനിലുള്ള വിശ്വാസം മനുഷ്യന് മറ്റു പ്രവാചകരെ തിരിച്ചറിയാൻ പ്രയോജനപ്പെടുകയും വിശ്വാസത്തിന്റെ മാർഗത്തിൽ പുരോഗതിപ്പെടാൻ ഉതകുകയും ചെയ്യുന്നു.

**ശപിക്കപ്പെട്ട സാത്താൻ**

തുടർന്ന് വിശുദ്ധ ഖുർആൻ പറയുന്നു: 'ശപിക്കപ്പെട്ട എല്ലാ സാത്താന്മാരിൽ നിന്നും ആകാശത്തെ നാം സുരക്ഷിതമാക്കിയിരിക്കുന്നു.' (15 :18)

മാർഗവ്യതിയാനം സംഭവിക്കുകയും ആത്മീയവും ഭൗതികവുമായ നാശം വിതക്കുകയും ചെയ്യുന്നതെന്തോ അതാണ് സാത്താൻ. വ്യാജമായ ആത്മീയതയുടെ പ്രണേതാക്കളെ സാത്താന്മാരായാണ് വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്നത്. ദൈവിക മാർഗദർശനത്തിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുകയും ആദമിനെ അനുസരിക്കാൻ കൂട്ടാക്കാതിരിക്കുകയും ചെയ്തതു പോലെ ദൈവത്തിന്റെ വരിഷ്ഠ പ്രവാചകരെ പിന്തുടരാൻ കൂട്ടാക്കാതെ മോക്ഷത്തിനുള്ള സ്വയം കൃതമാർഗം കണ്ടെത്തുന്ന ഏതൊരു ദുർഭഗനും ഇബ്‌ലീസിനു സമം സാത്താനായിതീരുന്നു. അത്തരക്കാർക്കു മുമ്പിൽ ആത്മീയാകാശം കൊട്ടിയടക്കപ്പെട്ടിരിക്കുന്നുവെന്നാണ് വിശുദ്ധ ഖുർആൻ ഓർമിപ്പിക്കുന്നത്. ദൈവ സാമീപ്യത്തിന്റെ വാതായനങ്ങൾ അവരുടെ മുമ്പിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു.

ഭൗതിക ലോകത്ത് വിഹരിക്കുന്ന സാത്താന്മാർക്ക് അഥവാ ദുഷ്ടമനുഷ്യർക്ക് തങ്ങളുടേതായ ചില അധികാരങ്ങളും സ്വാധീനങ്ങളുമുണ്ടെങ്കിലും അതു മുഖേന മനുഷ്യരിൽ ചില നഷ്ടങ്ങൾ വരുത്താൻ അവർക്കു സാധിക്കുമെങ്കിലും മഴ, വായു, ജീവശാസ്ത്രപരമായ സ്വാധീനം എന്നിവയിലൊന്നും ഒരു ഭംഗവും വരുത്താൻ സാധിക്കുന്നതല്ല. ഇതു

പോലെ അത്മീയ ലോകത്തെ സാത്താന്മാർക്കും പ്രവാചകന്മാരിലും അവരുടെ യഥാർഥ അനുയായികളിൽ ഒരു സ്വാധീനവും ചെലുത്തുവാൻ സാധിക്കുന്നതല്ല.

ഭൗതിക പ്രപഞ്ചത്തിൽ സാത്താന് ഭൗതികാകാശത്ത് നിന്നും വരുന്ന അനുഗ്രഹങ്ങൾക്ക് തടയിടാനാകാത്തതു പോലെ, ആത്മീയ പ്രപഞ്ചത്തിൽ നിന്നും സാത്താന്മാർക്ക് ആത്മീയാകാശത്ത് നിന്നും ആവിർഭവിക്കുന്ന ദിവ്യവെളിപാടുകളിലോ സ്വർഗീയ ദൃഷ്ടാന്തങ്ങളിലോ ഒരു സ്വാധീനവുമില്ലതന്നെ. വീണ്ടും വിശുദ്ധ ഖുർആൻ പറയുന്നു.

**എന്നാൽ ആരെങ്കിലും കട്ടു കേൾക്കുകയാണെങ്കിൽ പ്രത്യക്ഷമായ തീജ്വാല അവനെ പിന്തുടരുന്നതാണ്. (15: 19)**

ഉപദ്രവകാരികളായി ഭൗമോപരിതലത്തിലേക്ക് കള്ളനെ പോലെ അതിക്രമിച്ചു കയറിവരുന്ന കപടവേഷധാരികളെ സംഹരിക്കുന്ന സംവിധാനം ആത്മീയ ലോകത്തു സജീവമാണ്. വാനലോകത്ത് മാർഗ വ്യതിയാനം വന്ന ഉൽക്കാ ദ്രവ്യങ്ങളും ധൂമകേതുക്കളും ചിന്ന ഗ്രഹങ്ങളുമടങ്ങുന്ന പ്രാപഞ്ചിക സാത്താന്മാർക്ക് സൗരയൂഥത്തിലെ നിയുക്തമായ സംവിധാനത്തിൽ പ്രവേശനമില്ല. അവ താമസിയാതെ സൗരയൂഥത്തിനകത്തെ തന്നെ പ്രതിരോധ കവചങ്ങളിൽ തട്ടികത്തിയമരുന്നു. ഇത് പോലെ ദൈവത്തിന്റെ വരിഷ്ഠന്മാരായ ആളുകൾക്ക് മാത്രം പ്രവേശനമുള്ള ആത്മീയ വിഹായസ്സിൽ അനധികൃതമായി പ്രവേശിക്കാൻ ശ്രമിക്കുന്ന കൽപ്പിത വെളിപാടുകാരും കള്ളപ്രവാചകന്മാരും ദൈവിക രോഷത്തിന്റെ ആട്ടുകല്ലിൽ നിഗ്രഹിക്കപ്പെടുന്നതാണ്.

ദൈവിക വചനം പ്രവാചകന്മാരിലേക്കിറങ്ങി ചെന്ന് അവരുടെ പരിശുദ്ധ ഹൃദയങ്ങളിൽ തങ്ങി നിൽക്കുവോളം സുരക്ഷിതമാണ്. പിന്നീടത് ആളുകൾക്കിടയിൽ ഓതിക്കേൾപ്പിക്കപ്പെടുകയും മനുഷ്യനത് പരസ്പരം ഉരുവിട്ടു കൊണ്ടിരിക്കുകയും കൈമാറി പോവുകയും ചെയ്യുമ്പോഴാണ് പ്രവാചകന്മാരുടെ ശത്രുക്കളായ ഉദ്ധണ്ഡരായ സാത്താന്മാർ അതു കട്ടുകേൾക്കുകയും അതിനെ ദുരുപയോഗപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നത്. ചിലപ്പോൾ അവർ പ്രവാചകന്മാരുടെ മൊഴികൾ തങ്ങളുടെ സ്വന്തം മൊഴികളായി വിൽപ്പന നടത്തുകയും ചെയ്യുന്നു. ഈ തട്ടിപ്പിന്റെ ഫലമായി ചില അവസരങ്ങളിൽ ദൈവത്തിന്റെ ശിക്ഷകൾ അവർക്ക് മേൽ പതിക്കുന്നു. മറ്റു ചില അവസരങ്ങളിലാകട്ടെ ഒരു ദൈവദൂതൻ എഴുന്നേറ്റുകൊണ്ട് അദ്ദേഹവും അനുയായികളും മുഖേന ആ ദൈവിക വെളിപാടുകളുടെ യാഥാർഥ്യം ജനങ്ങൾക്കു ബോദ്ധ്യപ്പെടുത്താൻ തുടങ്ങുകയും ആ സാത്താന്മാരുടെ കളവും വഞ്ചനയും തുറന്നു കാട്ടുകയും ചെയ്ത് അവരെ അപമാനിതരും തുരത്തപ്പെട്ടവരുമാക്കുകയുമാണ് ചെയ്യുന്നത്.

### വ്യാജ ആത്മീയതയുടെ ആസൂത്രകർ

ദിവ്യവെളിപാടുകളുടെ മാർഗദർശനത്തിൽ 'അദ്ദിക്ർ' നെ സംരക്ഷിക്കുന്നതിന് വേണ്ടി അയക്കപ്പെടുന്ന സ്വർഗീയ തീജ്വാലകൾ രണ്ടു വിധത്തിലുണ്ടെന്ന് വിശുദ്ധ ഖുർആൻ മനസ്സിലാക്കിതരുന്നു. ഒന്നാമത്തേത് ശിഹാബും സാഖിബ് (തുളച്ചുകയറുന്ന തീജ്വാല). രണ്ടാമത്തേത് ശിഹാബും മുബീൻ (പ്രത്യക്ഷ തീജ്വാല) ആണ്. ഈ തീജ്വാലകൾ ആത്മീയാർഥത്തിൽ കാലഘട്ടത്തിന്റെ പ്രവാചകനും കാലത്തിന്റെ ഇമാമും മുജദ്ദിദുമാരും ആണ്. പ്രകാശോജ്ജ്വലമായ ദൈവിക ദൃഷടാന്തങ്ങൾ സമേത മാണ് അവർ ആവിർഭവിക്കു ന്നത്. ദൈവിക വചനങ്ങളിൽ കൃത്രിമം നടത്തുന്നതിന്റെ എല്ലാ ദുഷ്ട ഉപജാപങ്ങൾ ക്കെതിരിലും അവർ പോരാടുന്നു.

ദൈവവചനത്തിനെതിരായി പ്രവർത്തിക്കുന്ന വ്യാജമായ ആത്മീയതയുടെ ആസൂത്രകരായ സാത്താനിക ശക്തികൾ രണ്ടു തരത്തിലുണ്ടെന്ന് ഖുർആനിൽ നിന്നും വ്യക്തമാവുന്നുണ്ട്. ആദ്യത്തെ കൂട്ടർ കപടവിശ്വാസികളെ പോലെ ഗുപ്ത ശത്രുക്കളാണ്. ഇവരെയാണ് ഖുർആൻ 'ശൈത്താനിം മാറിജ' (ഉദ്ധണ്ഡരായ പിശാചുക്കൾ) എന്ന് വിളിക്കുന്നത്. രണ്ടാമത്തേത് പ്രകടശത്രുക്കളായ നിഷേധികളാണ്. ഇവരെയാണ് വിശുദ്ധ ഖുർആൻ ശൈത്താനു റജീം (ശപിക്കപ്പെട്ട ശൈത്താൻ) എന്നു വിശേഷിപ്പിക്കുന്നത്. ഉദ്ധണ്ഡരായ ആപിശാചുക്കൾ എന്ന പദപ്രയോഗത്തിൽ ആത്മീയാന്ധകാരത്തിൽ മന്ത്രവാദങ്ങളും കൂടോത്രങ്ങളും വികൃതമായ വിശ്വാസങ്ങളും വഴി ആത്മീയവ്യാപാരം നടത്തി ദുർബലമനസ്ക്കരെ വഞ്ചിക്കുന്ന കപടദിവ്യന്മാരും കള്ളസിദ്ധന്മാരുമൊക്കെപെടുന്നു. ജെയിംസ് റാൻഡിയെ പോലെയുള്ള ലോകപ്രശസ്ത ദിവ്യാദ്ഭുത അനാവരണ വിദഗ്ധന്മാർ ഇത്തരക്കാരുടെ തട്ടിപ്പ് നിരന്തരമായി തുറന്നു കാട്ടിയിട്ടുണ്ട്.

ക്രിമിനൽ വാസനയുള്ളവരും മനോരോഗികളുമാണ് ആൾ ദൈവ തട്ടിപ്പുകളുടെ ഗോദയിലിറങ്ങുന്നത്. ക്രിമിനലുകൾക്ക് ദിവ്യപരിവേഷവും ഭക്തിയുമൊക്കെ മാഫിയാ പ്രവർത്തനങ്ങൾക്കുള്ള പുകമറമാത്രമാണ്. ചില കൈയടക്കങ്ങളിലൂടെയും ചെപ്പടി വിദ്യകളിലൂടെയും ഇവർ സിദ്ധന്മാരും ദിവ്യന്മാരുമായി അവതരിക്കുന്നു. ഭക്തിയുടെ മാസ്ഹിസ്റ്റീരിയ സൃഷ്ടിച്ചു കൊണ്ടാണ് ആൾക്കൂട്ടങ്ങളെ ഇവർ മാനസികാടിമത്തത്തിലാക്കുന്നത്. പ്രാർഥനാവാക്യങ്ങളുടെ ആവർത്തിച്ചുകൊണ്ടുള്ള ഉരുവിടലിലൂടെ ആൾക്കൂട്ടങ്ങളിൽ മിഥ്യാബോധവും ഉന്മാദാവസ്ഥയും സൃഷ്ടിക്കുന്നു. വിശുദ്ധ ഖുർആൻ പറയുകയാണ്: **മലക്കുകളുടെ സമുന്നത സമിതിയിൽ നിന്നും അവർ എറിഞ്ഞോടിക്കപ്പെടുന്നു. നിരന്തരമായ ശിക്ഷയും അവർക്കുണ്ട്.(37:9)**



### അദൃശ്യജ്ഞാനം പ്രവാചകന്മാർക്ക് മാത്രം

ഇത്തരം ജോത്സ്യന്മാരും ശേഖുനമാരും ഭഗവാന്റെ അവതാരങ്ങളായി വിലസുന്നവരുമൊക്കെ ഭാവി പ്രവചിച്ചാണ് ആളുകളെ വലയിൽ വീഴ്ത്താറുള്ളത്. വല്ലപ്പോഴും പുറത്തുവരുന്ന പ്രവചനങ്ങളിൽ പിടിച്ച് ഇവർ ശിഷ്യന്മാരുടെ മൊത്തം ശരീരം പാട്ടത്തിനെടുക്കുന്നു. പ്രവചിക്കുമ്പോൾ തടിയൂരാനുള്ള വഴികൾ തുറന്നിടുന്നു. പ്രവചനം വിജയിച്ചാൽ അനുയായികൾ അതെടുത്ത് ആഘോഷിക്കുകയും ചെയ്യും. ദൈവത്തിനല്ലാതെ ആർക്കും അഭൗതികമായ അറിവില്ല. അദൃശ്യജ്ഞാനം അവന

ല്ലാതെ മറ്റാർക്കും അറിയാനാവുകയുമില്ല. സുഭദ്രമായ ദൈവിക രഹസ്യങ്ങളുടെ നിലവറകളിൽ ഇവർക്കൊട്ടും തന്നെ പ്രവേശനമില്ലെന്നു മാത്രമല്ല, ഒരു പ്രവാചകന് വെളിപ്പെടുത്തിക്കൊടുക്കുന്നതു വരെ അതാർക്കും അറിയാനാവില്ലെന്നും അതോർമിപ്പിക്കുന്നു.

**വിശുദ്ധ ഖുർആൻ പറയുകയാണ് : അവൻ തന്റെ അദൃശ്യജ്ഞാനം ആർക്കും തന്നെ വെളിപ്പെടുത്തിക്കൊടുക്കുകയില്ല; അവൻ തൃപ്തിപ്പെട്ട ഒരു റസൂലിനല്ലാതെ ( 77:27,28).**

ദൈവത്തിന്റെ സുഭദ്രമായ സംരക്ഷണത്തിനുള്ള അദൃശ്യമായ അറിവുകളിൽ സാത്താന്മാർക്ക് പ്രവേശനമുണ്ടായിരുന്നെങ്കിൽ ദൈവികവചനങ്ങളുടെ പവിത്രതയും അവികലതയും ഗുരുതരമായ സംശയത്തിനിടയാക്കുമായിരുന്നു. ദൈവത്തിന്റെ വരിഷ്ഠദാസന്മാരായ പ്രവാചകന്മാർക്കല്ലാതെ ദൈവിക രഹസ്യങ്ങളുടെ കലവറയിൽ പ്രവേശിക്കാൻ സാധ്യമല്ല.

തീർച്ചയായുമവൻ (സാത്താൻ) അത് (ദൈവിക വചനങ്ങൾ) കേൾക്കുന്നതിൽ നിന്ന് തടയപ്പെട്ടവനാകുന്നു. (26:213)

വഴി പിഴച്ച ജനങ്ങൾ അഭയം തേടുന്ന വ്യാജ ദൈവങ്ങളും ദിവ്യന്മാരും ദൈവവചനങ്ങളെ വള ച്ചൊടിക്കുകയും വികലമാക്കുകയും ചെയ്യുന്നു. കുറ്റവാളികളായ മതപണ്ഡിതന്മാരും ദൈവിക രഹസ്യങ്ങളുടെ ഭദ്രാസനങ്ങളിലെത്തി നോക്കാൻ ശ്രമിച്ചാൽ തുരത്തപ്പെടുമെന്ന് മുന്നറിയിപ്പും വിശുദ്ധ ഖുർആൻ നൽകുന്നുണ്ട്.

ഏന്നാൽ ആരെങ്കിലും വല്ലതും ഒളിഞ്ഞു നോക്കാൻ തുനിഞ്ഞാൽ തുളഞ്ഞു കയറുന്ന തീജ്വാല (ശിഹാബും സാഖിബ്) അവനെ പിന്തുടരുന്നതാണ് (37:11).

## ഇമാമുസ്സമാൻ സംസാരിക്കുന്നു.

ശരിയായ ദൈവികമാർഗ ദർശനത്തിന്റെ അഭാവത്തിലുള്ള എല്ലാതരം ആത്മീയ മാർഗങ്ങളും വ്യാജമായ ആത്മീയതയിലേക്കുള്ള വഴികളായി തീരുന്നുവെന്നതാണ് സത്യം. ഈ വ്യാജ ആത്മീയതയുടെ ദുർഗങ്ങൾ ഒന്നൊന്നായി വിശുദ്ധ ഖുർആൻ തകർത്തെറിയുന്നു. എന്നിട്ട് അത് സത്യത്തിന്റെ വിജയം ഉറപ്പിക്കുന്നു. പ്രവാചകന്മാരുടേയും സത്യാത്മാക്കളുടേയും അത്മീയപൈതൃകം അത് വീണ്ടെടുത്തുകൊണ്ടുവരുന്നു. എന്നാൽ ദൈവത്തിൽ നിന്നും ഒരു സ്വർഗീയ പരിഷ്ക്കർത്താവ് ഇറങ്ങുവോളം ഈ സത്യം ജനങ്ങളറിയുന്നില്ല. അദ്ദിക്റിന്റെ യാഥാർഥ്യം വെളിപ്പെടുന്നത് അദ്ദേഹം മുഖേനയാണ്. അതോടെ വ്യാജമായ ആത്മീയതയിൽ മുങ്ങിക്കഴിയുന്ന ജനങ്ങളെ വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ അദ്ദേഹം തട്ടിയുണർത്തുന്നു ഈ കാലഘട്ടത്തിലെ ആ പരിഷ്ക്കർത്താവ്, ഇമാമുസ്സമാൻ, വാഗ്ദത്ത മഹ്ദി ഈസാ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) അതു കൊണ്ടു തന്നെയാണ് ഈ ലോകത്തെ അഭിമുഖീകരിച്ച് കൊണ്ട് ഇപ്രകാരം ഓർമപ്പെടുത്തിയത്.

അദൃശ്യ ജ്ഞാനം അറിയുന്നവരെന്നു അവകാശപ്പെടുന്ന ജോത്സ്യരെയും ഭാവി പ്രവാചകരെയും രോഗ ശാന്തി ശുശ്രൂഷകരേയും കൈനോട്ടക്കാരേയും പോലുള്ള നിരവധി തരക്കാരുണ്ട്. ചിലപ്പേൾ അവർ കാര്യങ്ങൾ മുൻകൂട്ടി പറയുകയും ചിലത് സംഭവിക്കുകയും ചെയ്യുന്നു. ചിലർക്ക് മെസ്മറിസം മുഖേന മറഞ്ഞ കാര്യങ്ങൾ അനാവരണം ചെയ്യാൻ കഴിയുന്നു. അതുകൊണ്ടു ചിലയാളുകൾ ഉന്നയിക്കുന്ന സംശയം അദൃശ്യ കാര്യങ്ങളുടെ വെളിപ്പെടുത്തൽ കൊണ്ട് മാത്രം വെളിപാടുകളുടെ ദിവ്യോൽ പ്പത്തിക്കുള്ള നിർണായക തെളിവാകു ന്നതെങ്ങനെ എന്നാണ്.

അതിനുള്ള മറുപടി ഇത്തരക്കാരെല്ലാം അനുമാനത്തിന്റെയും ഊഹത്തിന്റേയും സർവോപരി അന്ധവിശ്വാസത്തിന്റേയും അടിസ്ഥാനത്തിലാണ് ഇതൊക്കെ തട്ടി വിടുന്നതെന്നാണ്. ദൃഢജ്ഞാനം അവർക്കില്ലെന്ന് മാത്രമല്ല അങ്ങനെ അവർ അവകാശപ്പെടുന്നില്ലെങ്കിൽ അവരുടെ സ്വയംകൃത പ്രവചനങ്ങളെല്ലാം ഊഹങ്ങളുടേയും സർവോപരി അന്ധവിശ്വാസത്തിന്റെയും അടിസ്ഥാനത്തിലാണ്. അതാകട്ടെ നിശ്ചയജ്ഞാനവുമായി ഒരു ബന്ധവുമില്ലാത്തവയും അബദ്ധത്തിനും സന്ദേഹത്തിനും ഇടം നൽകുന്നതുമാണ്. പലപ്പോഴും അവരുടെ പ്രവചനങ്ങൾ അബദ്ധ ജഡിലവും അടിസ്ഥാന രഹിതവുമായി തീരാറുമാണ് പതിവ്. അതുകൊണ്ടു തന്നെ അത് സ്വീകാര്യയോഗ്യമോ ഗുണകരമോ വിജയപ്രദമോ അല്ല താനും. ഇത്തരം പ്രവചനങ്ങളിൽ ഏർപ്പെടുന്നവരിൽ മിക്കവരും ദാരിദ്ര്യമനുഭവിക്കുന്നവരും നിർഭാഗ്യവാന്മാരുമാണെന്ന് മാത്രമല്ല പൊതുവെ അന്തസ്സില്ലാത്തവരും ഭീരുക്കളും അപകൃഷ്ടന്മാരും തോൽവിയടഞ്ഞവരും യാതൊരുകഴിവുമില്ലാത്തവരുമാണ് തങ്ങളുടെ പ്രവചനങ്ങൾക്കനുസരിച്ച് അദൃശ്യത്തെമാറ്റിതീർക്കാൻ അവരെക്കൊണ്ടാകില്ല, സ്വന്തം നിലയിൽ തന്നെ അവർ ദൈവകോപത്തിന്റെ അടയാളങ്ങൾ പ്രദർശിപ്പിക്കുന്നവരാണ്. ദൈവത്തിൽ നിന്നുള്ള സഹായമോ ബഹുമതിയോ അനുഗ്രഹമോ ഒന്നും അവർക്കില്ലതാനും.

എന്നാൽ അല്ലാഹുവിന്റെ പ്രവാചകന്മാരും ഔലിയാക്കന്മാരും ജോത്സ്യരെ പോലെ അദൃശ്യകാര്യങ്ങൾ വെറുതെയങ്ങു വെളിപ്പെടുത്തുകയല്ല ചെയ്യുന്നത്. മറിച്ച് സദാ തങ്ങളോടൊപ്പമുള്ള ദൈവാനുഗ്രഹവും കാരുണ്യവും മുഖേന, അത്തരം ഭാഗ്യഹീനതയോ പ്രതിലോമതയോ ഒന്നുമില്ലാത്തതും സൂര്യനെ പോലെ ജാജ്വലമാനമായ സ്വീകാര്യതയുടേയും ബഹുമതിയുടേയും പ്രകാശം ഉൾക്കൊള്ളുന്നതും ദൈവിക സഹായത്തിന്റെയും ബഹുമതിയുടെയും സുവാർത്തകളടങ്ങിയ പ്രവചനങ്ങൾ നടത്തുകയാണ് ചെയ്യുന്നത്.

ആ മഹാത്മാവ് തുടരുന്നു: വിശുദ്ധ ഖുർആന്റെ പ്രവചനങ്ങളെക്കുറിച്ചൊന്നു നിങ്ങൾ ചിന്തിച്ചു നോക്കൂ. ജ്യോതിഷികളുടെയും മറ്റും പ്രവചനങ്ങളെപോലുള്ളതല്ല അവയെന്നു നിങ്ങൾക്ക് കാണാനാകും. നേരെമറിച്ച് അവ ഗാംഭീര്യവും മഹത്വവും കൊണ്ട് നിർഭരമാണ്താനും. ആ പ്രവചനങ്ങളെല്ലാം അതിന്റെ സ്വീകർത്താക്കളുടെശ്രേഷ്ഠത കൊണ്ടും അവരുടെ ശത്രുക്കളുടെ അപകൃഷ്ടതയെ വിളംബരപ്പെടുത്തുന്നവയാണ്. അവയെല്ലാം അവർക്കുള്ള ബഹുമതിയെയും അവരുടെ ശത്രുക്കളുടെ അവമതിയെയും അവരുടെ വിജയത്തേയും അവരുടെ ശത്രുക്കളുടെ അപചയത്തേയും അവരുടെ പുരോഗതിയേയും അവരുടെ ശത്രുക്കളുടെ നിർഗതിയേയും പ്രഖ്യാപിക്കുന്ന തരത്തിലുള്ളതാണ്. ഏതെങ്കിലും ജ്യോതിഷിക്കോ കൈനോട്ടക്കാരനോ അല്ലെങ്കിൽ ഏതെങ്കിലും മാസ്മര വിദ്യക്കാരനോ ഇത്തരം പ്രവചനങ്ങൾ മുന്നോട്ട് വെക്കാനാകുമോ? ഒരിക്കലുമില്ല.. (ബറാഹീനെ അഹ്മദിയ്യ, റുഹാനി ഖസായിൻ വാ. 1 പേജ് 232, 242, ഫുട് നോട്ട് 11)



# ആത്മാവും ശരീരവും

ബശീർ അഹ്മദ് ഓർച്ചാർഡ്

എന്താണ് ആത്മാവ്? എവിടെ നിന്നാണ് അത് വരുന്നത്? എങ്ങോട്ട് പോകുന്നു? ആത്മാവും ശരീരവും തമ്മിൽ എന്തു ബന്ധമാണുള്ളത്? ഇസ്‌ലാ മികാദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ലേഖകൻ പരിശോധിക്കുന്നു.

## ക്രിസ്തീയ വീക്ഷണം

ഈ വിഷയത്തെക്കുറിച്ച് ക്രിസ്തീയ സഭകൾ സുനിശ്ചിതവും ആധികാരികവുമായ അദ്ധ്യാപനങ്ങൾ നല്കുന്നില്ല. പൊതു സ്വീകാര്യമായ കണിശമായ ഒരദ്ധ്യാപനം ആത്മാവിനെക്കുറിച്ച് ക്രിസ്തീയ സഭ മദ്ധ്യനൂറ്റാണ്ടുകൾ വരെ നൽകിയിട്ടില്ല. (The Oxfo Dictonary of the Christian church).

ഒരു പക്ഷേ, മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് ക്രിസ്ത്യാനികളിലെ യഹോവസാക്ഷികൾ എന്ന വിഭാഗമാണ് ഒരു നിശ്ചിത സിദ്ധാന്തം പ്രചരിപ്പിക്കുന്നത്. ജീവനുള്ള മനുഷ്യശരീരം തന്നെയാണ് സ്വയം ആത്മാവെന്ന് അവർ പറയുന്നു. ശരീരത്തിൽ നിന്ന് വേറിട്ട ഒരു നിലനില്പ് ആത്മാവിനുണ്ടെന്ന് അവർ വിശ്വസിക്കുന്നില്ല. ശരീരം തന്നെയാണ് ആത്മാവും. ശരീരം മരിക്കുമ്പോൾ ആത്മാവും മരിക്കുന്നു. പുറപ്പാടിൽ നിന്ന് അവർ ഉദ്ധരിക്കുന്നു.

'നാഥനായ ദൈവം ഭൂമിയിലെ പൊടിമണ്ണിൽ നിന്ന് മനുഷ്യനെ രൂപപ്പെടുത്തി. അവന്റെ നാസാരന്ധ്രങ്ങളിൽ ജീവവായു ഊതി. അങ്ങനെ മനുഷ്യൻ ജീവനുള്ള ആത്മാവായിത്തീർന്നു." (2:7)

ഈ ഖണ്ഡികക്കുള്ള വ്യക്തമായ വ്യാഖ്യാനം ''ദൈവം സത്യമായിരിക്കട്ടെ' എന്ന അവരുടെ പ്രസിദ്ധീകരണത്തിൽ നല്കിയിട്ടുണ്ട്. 'ഭൂമിയിലെ പൊടിമണ്ണ്' , 'ജീവന്റെ നിശ്വാസം' എന്നീ രണ്ടു വസ്തുക്കളുടെ സങ്കലനമാണ് മനുഷ്യൻ എന്ന് നാം മനസ്സിലാക്കുന്നു. ഈ രണ്ടു വസ്തുക്കളുടെ സങ്കലനമാ (അഥവാ ഘടകങ്ങൾ) ണ് ജീവനുള്ള ആത്മാവിനെ ഉല്പാദിപ്പിച്ചത് അഥവാ മനുഷ്യൻ എന്ന സൃഷ്ടിയെ.

ഈ സിദ്ധാന്തത്തിന് പിന്തുണയുമായി അവർ വിശ്വസിക്കുന്നത് ആത്മാവിനെ വധിക്കാൻ സാധിക്കും എന്നാണ്. ജീവനുള്ള ശരീരം തന്നെയാണ് ആത്മാവ് എന്ന് സ്ഥാപിക്കാനാണ് അവരിതുമുഖേന ശ്രമിക്കുന്നത്. അതേ പുസ്തകത്തിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു.

ഹിബ്രു പ്രമാണഗ്രന്ഥങ്ങളിൽ 'നഫെശ്' (ആത്മാവ്) എന്ന പദം പ്രയോഗിക്കപ്പെട്ട ചുരുങ്ങിയത് അമ്പത്തിനാല് വചനങ്ങൾ ഉണ്ട്. ആത്മാവ് വധിക്കപ്പെടാം എന്ന് കാണിക്കുംവിധമാണ് അവ പ്രയോഗിക്കപ്പെട്ടിട്ടുള്ളത്. ഇതിനുള്ളൊരു ഉദാഹരണം ജോശ്വ 10:28, 29ൽ ഉണ്ട്.

'അവിടെ നിങ്ങൾക്ക് ഏഴ് ഉദാഹരണങ്ങൾ കാണാം. അവയിൽ ആത്മാവ് നിറക്കപ്പെട്ടതായി, വധിക്കപ്പെട്ടതായി നശിപ്പിക്കപ്പെട്ടതായി കാണാം.'

അതിനാൽ യഹോവാ സാക്ഷികൾ വിശ്വസിക്കുന്നത് ആത്മാവിന് മരണമുണ്ട് എന്നാണ്. പുനരുത്ഥാന നാളിൽ 'ശിക്ഷിക്കപ്പെട്ടവരല്ലാത്തവർ അവരുടെ കബറിടങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുന്നു. എന്നിട്ട് വീണ്ടും ഭൂമിയിൽ വസിക്കുന്നു. 14, 400 പേരൊഴികെ ബാക്കിയുള്ളവക്കെല്ലാം ജീവിക്കാൻ ഭൂതശരീരങ്ങൾ നല്കപ്പെടുന്നു. അവർ ആകാശത്ത് ജോലിയെടുക്കുന്നു. മരണസമയം മുതൽ പുനരുത്ഥാന നാൾ വരെ അവർ പരിപൂർണമായ അബോധാവസ്ഥയിലായിരിക്കും നിലകൊള്ളുന്നത് എന്നവർ വിശ്വസിക്കുന്നു.

## ജീവശക്തിയും ആത്മാവും

മനുഷ്യശരീരത്തെ ജീവിപ്പിക്കാൻ ജീവശക്തി ആവശ്യമാണ്. ജീവശക്തിയുടെ അഭാവം കാരണം ശരീരം മരിക്കുന്നു. എന്താണീ നിഗൂഢമായ ജീവശക്തി? അത് ആത്മാവല്ല. ആത്മാവ് ആത്മീയമായി ജീവശക്തിയെ ജീവിപ്പിക്കുന്നു. ജീവശക്തി വൈദ്യുതിയുടെ ഒരു പ്രകടനമാണ്.

പ്രൊഫസർ അൽദാനി പറയുന്നു. "ഒരവയവം നീക്കപ്പെടുമ്പോൾ പേശികളുടെ അന്തർഭാഗത്തു നിന്നും അതിന്റെ പ്രതലത്തിലേക്ക് പ്രവഹിക്കപ്പെടുന്ന വൈദ്യുതിയെ ഞരമ്പുകൾ തലച്ചോ

റിന്റെ സഹായത്തോടെ വലിച്ചെടുക്കുന്നു. അങ്ങനെ അവ ആവശ്യം പോലെ ചുരുങ്ങുന്നു."

ആധുനിക വൈദ്യശാസ്ത്രത്തിൽ ഹൃദയം പോലുള്ള മർമപ്രധാനമായ അവയവങ്ങൾ നിശ്ചലമായാൽ അവയെ പുനരുജ്ജീവിപ്പിക്കാൻ വൈദ്യുതഘാതമേല്പിക്കുന്നു. വർഷങ്ങൾക്ക് മുമ്പ് ഗാൽവനി എന്ന ശാസ്ത്രജ്ഞൻ, രണ്ടു വ്യത്യസ്ത ലോഹങ്ങൾ ചത്തുപോയ തവളയുടെ പ്രത്യേക ഞരമ്പുകളിലും പേശികളിലും ബന്ധപ്പെടുത്തിയാൽ അതിന്റെ കാലുകൾ ചലനാത്മകമായി അത് സാധാരണഗതിയിൽ ചലിക്കുന്നതായി കണ്ടുപിടിച്ചിരുന്നു.

ഒരു പദാർഥമാവട്ടെ, അഗോചരശക്തിയാവട്ടെ, എല്ലാറ്റിന്റെയും സ്രഷ്ടാവ് ദൈവമാണ്. ഭൗതിക ശരീരത്തിന് ഊർജം നല്കുന്ന ജീവശക്തിയുടെ സ്രഷ്ടാവും ദൈവം തന്നെയാണ്. ജീവശക്തിയെ അതിന്റെ അവസ്ഥക്കും വികസനത്തിനുമനുസരിച്ച് വർണം നല്കുന്ന ആത്മാവിന്റെ സ്രഷ്ടാവും ദൈവം തന്നെയാണ്. രണ്ടും വ്യത്യസ്ത വ്യക്തിത്വങ്ങളാണ്, എന്നാലും അവ ശരീരത്തിനകത്ത് സ്വതന്ത്രവുമാണ്.

## ആത്മാവിനെക്കുറിച്ചുള്ള ജ്ഞാനം പരിമിതം

ആത്മാവിന്റെ ഉദ്ഭവം, ഉദ്ദേശ്യം, ഭാഗധേയം എന്നിവയെക്കുറിച്ച് വിശുദ്ധ ഖുർആൻ നമുക്ക് വിശദമായ അറിവു നല്കുന്നുണ്ടെങ്കിലും അതിന്റെ ആത്മീയ സൃഷ്ടിപ്പിനെക്കുറിച്ച് വളരെ കുറച്ചുമാത്രമേ നമുക്കറിവുള്ളൂ. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: **"അവർ നിന്നോട് ആത്മാവിനെ സംബന്ധിച്ച് ചോദിക്കുന്നു. പറയുക, 'ആത്മാവ് എന്റെ നാഥന്റെ ആജ്ഞാനുസരണമുള്ളതാണ്. (തൽസംബന്ധമായ) അറിവിൽ നിന്ന് കുറഞ്ഞതല്ലാതെ നിങ്ങൾക്ക് നല്കപ്പെട്ടിട്ടില്ല." (17:86)**

ഒരു വസ്തുവിനെക്കുറിച്ച് എല്ലാം അറിഞ്ഞില്ലെങ്കിൽ അതിൽ വിശ്വസിക്കുക അസാധ്യമാണെന്നും അതിന്റെ അസ്തിത്വം ശാസ്ത്രീയമായി തെളിയിക്കപ്പെടണമെന്നും ചില ആളുകൾ കരുതുന്നു. അങ്ങനെയുള്ള ഒരു തത്ത്വജ്ഞാനിക്ക് ദൈവാസ്തിക്യവും പരലോകവും നിഷേധിക്കേണ്ടിവരുന്നു. എന്നിരിക്കിലും ദൈവാസ്തിക്യവും പരലോകവും തെളിയിക്കാൻ നിരവധി തെളിവുകളുണ്ട്. ഏറ്റവും പിടിവാശിക്കാരനായ ദൈവ നിഷേധിയുടെ വിമർശനത്തെപ്പോലും വിഫലമാക്കുന്ന തെളിവുകളുണ്ട്. വിശുദ്ധ ഖുർആന്റെ സാക്ഷ്യം തന്നെ മതിയായതാണ്. വിശുദ്ധഖുർആന് പുറത്ത് വ്യക്തിപരമായ ആത്മീയാനുഭവങ്ങളിലൂടെ ഇത്തരം കാര്യങ്ങളിൽ ജ്ഞാനം നല്കപ്പെട്ട ദൈവികമനുഷ്യരുടെ സാക്ഷ്യങ്ങളിലേക്ക് നമുക്ക് തിരിയാം.

## ഹദ്റത്ത് മിർസാ ഗുലാംഅഹ്മദ് (അ)

ഈ തലമുറയിൽ പ്രത്യക്ഷനായ ദൈവിക ജ്ഞാനികളിലൊരാൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ആണ്. അദ്ദേഹം ആത്മാവിന്റെ പ്രകൃതിയെക്കുറിച്ച് വളരെയധികം വെളിച്ചം വീശിയിട്ടുണ്ട്. അദ്ദേഹം വെറുമൊരു ഔലിയയോ പുണ്യവാളനോ മാത്രമല്ല, അദ്ദേഹം നബിതിരുമേനി (സ)യുടെയും മൂസാനബി, ഈസാനബി(അലൈഹിമുസ്സലാം) എന്നിവരുടെയും പ്രവചനപ്രകാരം ആഗതനായ വാഗ്ദത്ത മസീഹും മഹ്ദിയുമാണ്. ദൈവികപ്രചോദിതനും മാർഗദർശകനുമായിക്കൊണ്ട് വിശുദ്ധ ഖുർആന്റെ ഏറ്റവും കഴിവുറ്റ വ്യാഖ്യാതാവാണ്. പരേതരായ ചിലരുടെ ആത്മാക്കളുമായി തനിക്കുണ്ടായ അനുഭവത്തെക്കുറിച്ച് അദ്ദേഹം പറയുന്നു.

"എനിക്കീ കാര്യത്തിൽ വ്യക്തിപരമായ അനുഭവമുണ്ട്. നിരവധി സമയങ്ങളിൽ ഞാൻ ജാഗ്രതാവസ്ഥയിലിരിക്കെത്തന്നെ എനിക്കുണ്ടായ ദർശനങ്ങളിൽ ഞാൻ പരേതരായവരെ കണ്ടിട്ടുണ്ട്. നിരവധി തവണ ദുഷ്കർമികളും ദുഷ്ടരുമായ ആളുകളെ ഇരുണ്ടതും പുകനിറഞ്ഞതുമായ ശരീരത്തിൽ ഞാൻ കണ്ടിട്ടുണ്ട്. ഇക്കാര്യങ്ങളുമായി എനിക്ക് വ്യക്തിപരമായ ബന്ധമുണ്ട്. ശക്തമായ നിലയിൽ ഞാൻ ഉറപ്പിച്ചുപറയുന്നു. സർവശക്തനായ ദൈവം പറഞ്ഞതുപോലെ ഓരോരുത്തർക്കും സുതാര്യമോ ഇരുണ്ടതോ ആയ ശരീരം നല്കപ്പെടുന്നു. സഹായമില്ലാത്ത ബുദ്ധിക്ക് ഇത്തരം നിഗൂഢമായ കാര്യങ്ങൾ കണ്ടെത്താൻ കഴിയണമെന്നില്ല. കണ്ണ് വസ്തുക്കളെ കാണുന്നു. പക്ഷേ, അതിനെ രുചിച്ചറിയാൻ കഴിയുന്ന ഒരു അവയവമായി നമുക്ക് കരുതാൻ സാധ്യമല്ല. അതേപ്രകാരം നാവിന്റെ പേശികൾക്ക് സാധനങ്ങളുടെ രുചിയറിയാൻ സാധിക്കും, എന്നാൽ കാഴ്ചയുടെ അവയവമെന്ന നിലയിൽ അത് നിഷ്പ്രയോജനമായിരിക്കും. അപ്രകാരം പരലോകത്തിലെ അഗാധമായ രഹസ്യങ്ങളിലേക്ക് വെളിച്ചം വീശാൻ ദർശനങ്ങൾക്ക് സാധിക്കും. പക്ഷേ, ബുദ്ധിയുടെ സഹായത്താൽ അവ കണ്ടെത്താൻ സാധ്യമല്ല. സർവശക്തനായ ദൈവം ഇഹലോകത്ത് ചില നിയമങ്ങൾ സ്ഥാപിച്ചിരിക്കുന്നു. പ്രത്യേക വസ്തുക്കളെക്കുറിച്ചുള്ള അറിവിനായി പ്രത്യേക മാർഗങ്ങളും വെച്ചിരിക്കുന്നു. ഒരു കാര്യമറിയാൻ, അതിനാൽ, ആദ്യമായി നാം അതിനുള്ള ശരിയായ വഴി അറിയണം. അപ്പോൾ നാം ആ വസ്തു തന്നെ കണ്ടെത്തുമെന്ന് തീർച്ചയാണ് (ഇസ്ലാംമത തത്ത്വജ്ഞാനം).

## ആത്മാവിന്റെ ഉല്പത്തി

ആത്മാവിന്റെ ഉല്പത്തിയെക്കുറിച്ച് വിവിധങ്ങളായ ചിന്താസരണികളുണ്ട്. ചിലർ വിചാരിക്കുന്നു, ഒരു വിധത്തിലുള്ള ആത്മലോകം തന്നെയുണ്ടെന്ന്. അതിൽ നിന്ന് ദൈവാജ്ഞപ്രകാരം ഓരോ വ്യക്തിയുടെയും ശരീരത്തിൽ ഇറങ്ങുന്നു. പുനർജന്മത്തിൽ വിശ്വസിക്കുന്നവർ, മരണശേഷം ആത്മാവ് വീണ്ടും ഭൂമിയിലേക്ക് വരുന്ന വസ്തുവാണെന്ന് വിചാരിക്കുന്നു. അതായത് മരണശേഷം ഒരു വ്യക്തിയായോ മറ്റേതെങ്കിലും സൃഷ്ടിയായോ പുനർജനിക്കുന്നുവെന്നവർ കരുതുന്നു. മുമ്പത്തെ അവരുടെ അസ്തിത്വം കൊള്ളരുതാത്തതാണെങ്കിൽ അയാൾ അതിലും മോശമായ വ്യക്തിയായോ ജന്തുവായോ പുനർജനിക്കുന്നു. സത്യസന്ധനായ ഒരു ബിസിനസ്സുകാരന്റെ പുനർ ജനനം മതപുരോഹിതനായിട്ടായിരിക്കും. ദുഷ്ടനായ ഒരാൾ പുനർജനിക്കുന്നത് ഒരു യാചകനായോ അല്ലെങ്കിൽ ഒരു നായ പോലുമായിട്ടായിരിക്കും. ജീവിതരീതിയനുസരിച്ച് മരണത്തിനുശേഷം ഉത്ഥാന പതനങ്ങളോടെ പ്രക്രിയ തുടരുന്നു.

## ആത്മാവും വിശുദ്ധഖുർആനും

വിശുദ്ധ ഖുർ ആൻ പ്രകാരം ആത്മാവിന് മുൻ അസ്തിത്വം ഇല്ല. എന്നാൽ ഗർഭപാത്രത്തിൽ തുടക്കം മുതലേ ശരീരത്തിനകത്ത് വികസനം പ്രാപിക്കുന്നു. വിശുദ്ധഖുർആനിൽ ദൈവം പറയുന്നു: **''നാം മനുഷ്യനെ കളിമണ്ണിന്റെ സത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് നാം അതിനെ രേതസ്കണമാക്കി ഭദ്രമായ ഒരു സ്ഥാനത്ത് (സൂക്ഷിച്ചു). പിന്നീട് ആരേതസ്കണത്തെ ഒട്ടിപ്പിടിക്കുന്ന ഒരു വസ്തുവായും പിന്നെ ആ ഒട്ടിപ്പിടിക്കുന്ന വസ്തുവിനെ മാംസപിണ്ഡമായും പിന്നെ, മാംസപിണ്ഡത്തെ അസ്ഥികളായും നാം രൂപപ്പെടുത്തി. അനന്തരം അസ്ഥികളെ നാം മാംസപിണ്ഡം കൊണ്ടുപൊതിഞ്ഞു. പിന്നീട് നാം അതിനെ മറ്റൊരു സൃഷ്ടിയായി രൂപാന്തരപ്പെടുത്തി. അതിനാൽ ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹസമ്പൂർണ**

നാകുന്നു. (23:13-15)

കളിമണ്ണ്കൊണ്ട് സൃഷ്ടിച്ച ശരീരത്തെ മറ്റൊരു സൃഷ്ടിയായി സൃഷ്ടിച്ചുവെന്ന് ഈ ഖണ്ഡികയിൽ ദൈവം പറയുന്നു. അതായത് ആത്മാവ് ഉൾക്കൊള്ളുന്ന ശരീരം. ആത്മാവിന്റെ ഉല്പത്തിയേയും വികസനത്തേയും വിശദീകരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു: 'ആത്മാവെന്നത് ഗർഭാശയത്തിൽ വളർന്നുവരുന്ന മാംസപിണ്ഡത്തിൽ നിന്നുദ്ഭവിക്കുന്നതായ തേജസ്സാണ്. ഇവിടെ ഉദ്ഭവിക്കുന്നുവെന്നുള്ളതുകൊണ്ടുള്ള വിവക്ഷ മുമ്പേ നിഗൂഢവും അവ്യക്തവുമായി കിടന്നിരുന്ന ആ ശക്തി ശരീരത്തിന്റെ പൂർണ വളർച്ചയോടുകൂടി പൊടുന്നനെ പ്രത്യക്ഷീഭവിച്ചിരിക്കുന്നുവെന്നാണ്. അത് ആദ്യത്തിൽ ബീജത്തിൽ തന്നെ അന്തർഭവിച്ചിരിക്കുന്നു. അതിനു ബീജവുമായുള്ള വർണനാതീതമായ ബന്ധം സ്വർഗസ്ഥനായ ദൈവത്തിന്റെ ഇച്ഛക്കും നിയന്ത്രണത്തിനും അധീനമായിരിക്കുന്നതാണ്. അപ്പോൾ ആത്മാവെന്നാൽ ബീജത്തിൽ തന്നെയുള്ള ഒരു തേജസ്വി സത്തയാകുന്നു. അത് സാധനം സാധനത്തിന്റെ അംശമായിരിക്കുന്ന തരത്തിൽ ബീജത്തിന്റെ അംശമാണെന്ന് പറയാതവല്ല. എന്നാൽ അത് വെളിയിൽ നിന്നുവന്നു പോരുന്നതോ അന്തരീക്ഷത്തിൽ നിന്ന് ഭൂമിയിലേക്ക് പതിച്ചു ബീജ പദാർഥവുമായി സംയോജിക്കുന്നതോ ആണെന്നും പറഞ്ഞുകൂടാ. അതാകട്ടെ തീക്കല്ലിൽ അഗ്നി അന്തർഭവിച്ചിരിക്കുന്നതുപോലെ ബീജത്തിൽ അഗോചരമായി സ്ഥിതിചെയ്യുന്നു. ആത്മാവ് പ്രത്യേകമായ ആകാശത്തിൽ നിന്ന് ഇറങ്ങിവരുന്നതോ അന്തരീക്ഷത്തിൽ നിന്ന് ഭൂമിയിൽ പതിച്ചു യാദൃച്ഛികമായ നിലയിൽ ബീജവുമായി കടന്നു ഗർഭാശയത്തിൽ പ്രവേശിക്കുന്നതോ ആണെന്നുള്ള അഭിപ്രായം ദൈവിക ഗ്രന്ഥമായ വിശുദ്ധ ഖുർആൻ വകവെച്ചുകൊടുക്കുന്നില്ല. (ഇസ്‌ലാം മത തത്ത്വജ്ഞാനം)

ഇസ്‌ലാമിലെ വിശ്വവ്യാപകമായ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ തലവനും വാഗ്ദത്ത മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹമദി(അ)ന്റെ വാഗ്ദത്ത പുത്രനുമായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഈ വിഷയകമായി ഒരു വ്യാഖ്യാനം നല്കിയിരിക്കുന്നു. മേലുദ്ധരിച്ച ഖുർആൻ സൂക്തങ്ങളെ സംബന്ധിച്ച് അദ്ദേഹം പറയുന്നു.

"ഈ സൂക്തം വളരെ വ്യക്തമായി കാണിക്കുന്നത് ആത്മാവ് പ്രവേശിക്കുന്നത് പുറത്തുനിന്നല്ല; എന്നാൽ വസ്തുവിന്റെ സ്വേദനം മുഖേനയാണെന്നാണ്. മനുഷ്യശരീരത്തിന്റെ സൃഷ്ടിപ്പിന്റെ പ്രക്രിയയുടെ പരിണാമത്തിന്റെ അവസാന ഘട്ടമാണ് ആത്മാവിന്റെ ജനനം എന്ന് അത് (വിശുദ്ധഖുർആൻ) നമ്മെ പഠിപ്പിക്കുന്നു. അത് പുറത്തുനിന്ന് ശരീരത്തിൽ പ്രവേശിക്കുന്നതല്ല. എന്നാൽ അതിന്റെ വികസന പ്രക്രിയയ്ക്കിടയിൽ വരുന്ന മാറ്റത്തിന്റെ ഫലമായി ജനിക്കുന്നതാണ് ആത്മാവ്. എങ്കിലും അത് ശരീരത്തിൽ നിന്നും വ്യത്യസ്തമായ എന്തോ ഒന്ന് ആണ്. അത് ശരീരത്തിന്റെ വെറും പ്രചോദനശക്തിയല്ല. പക്ഷേ, തികച്ചും വ്യത്യസ്തവും സ്ഥിരവുമായ സത്തയാണ്. ശരീരത്തിന്റെ വസ്തുവിൽ നിന്ന് സ്വേദനം ചെയ്യപ്പെട്ട അസ്തിത്വമാണ്. ആൽക്കഹോളും വിനാഗിരിയും ധാന്യത്തിൽ നിന്നും പഴത്തിൽ നിന്നും സ്വേദനം ചെയ്യപ്പെട്ടതുപോലെ. ഏതൊരു വസ്തുക്കളിൽ നിന്നാണോ അവ ഉല്പാദിപ്പിക്കപ്പെടുന്നത് അവയിൽ നിന്നും വ്യത്യസ്തമാണെന്നിരിക്കിലും ഈ സത്യം വെളിച്ചത്ത് കൊണ്ടുവരുന്നതു മുഖേന ശരീരവും ആത്മാവും തമ്മിലുള്ള ബന്ധത്തെപ്പറ്റി മനുഷ്യൻ വെച്ചു പുലർത്തിയ മനോഭാവത്തിൽ വിപ്ലവകരമായ മാറ്റമാണ് വിശുദ്ധഖുർആൻ വരുത്തിയത്. (Introduction to the study of theHolyQuran)

## ആത്മാവ് ശരീരത്തിൽ ആശ്രിതം

ആത്മാവ് ആന്തരീകവും അഗോചരവുമായ ഒരു സൃഷ്ടിയായതിനാൽ അതിന് ബാഹ്യമായ ശരീരത്തിലൂടെ മാത്രമേ സ്വയം പ്രകടിപ്പിക്കാൻ സാധ്യമാവൂ. ഈ ഭൗതികലോകത്ത് അതൊരു ശരീരവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ശാരീരിക പ്രവർത്തനങ്ങളിലൂടെയല്ലാതെ അതിന്റെ ആത്മീയ പ്രഭ രൂപപ്പെടുകയില്ല. സാത്വികമായ ജീവിതം ആവശ്യപ്പെടുന്നത് ഉചിതമായ ശാരീരികവും മാനസികവുമായ അച്ചടക്കമാണ്. അത് ആത്മാവിനെ സ്വാധീനിക്കുകയും പ്രഭാപൂരിതമാക്കുകയും ചെയ്യുന്നു.

ദൈവികതയുടെ തൊട്ടടുത്ത് നില്ക്കുന്നത് ശുചിത്വമാണ്. ഈ വാക്കുകൾ അർഥഗർഭമാണ്. ബാഹ്യമായ ശുചിത്വം ആന്തരികമായ ശുചിത്വം കൈവരുത്തുന്നു. നമസ്കാരം അനുഷ്ഠിക്കുന്നതിന് മുമ്പ് അംഗശുദ്ധിവരുത്തുന്നത് ആന്തരികമായ ശുചിത്വത്തിനാണ്. തങ്ങൾ മറ്റുള്ളവരുടെയിടയിൽ വൃത്തിഹീനരും അഴുക്കുപുരണ്ടവരുമാണെങ്കിൽ തങ്ങളുടെ സാന്നിദ്ധ്യം മറ്റുള്ളവരിൽ എത്രമാത്രം വിഷമമുണ്ടാക്കുമെന്ന് എല്ലാവർക്കുമറിയാം. അവർക്കൊരിക്കലും ആശ്വാസം തോന്നുകയില്ല. ഒരുവിധത്തിലുള്ള ലജ്ജയും ആത്മവിശ്വാസമില്ലായ്മയുമാണ് തോന്നുക. കുളിച്ചു വൃത്തിയുള്ള വസ്ത്രം ധരിച്ച് അന്തസുള്ള നിലയിൽ പ്രത്യക്ഷപ്പെടുക. അപ്പോൾ നിങ്ങൾക്ക് ആത്മാഭിമാനം തോന്നുകയും ശരീരം മുഴുക്കെ സംതൃപ്തി ഒഴുകുകയും ചെയ്യുന്നു.

ഒരാൾക്ക് മനോമാന്ദ്യം തോന്നിയേക്കാം. പദ്ധതികളും ആശകളും ഫലമുളവാക്കുന്നില്ലെങ്കിൽ വിഷാദ തരംഗങ്ങൾ ഒരാളുടെ ആന്തരികോർജത്തെ മന്ദീഭവിപ്പിക്കുന്നു. ഓജസ്സിന്റെ ശക്തിക്ഷയം ഒരാളുടെ ധാർമികതയെ ദുർബലമാക്കുന്നു. ഈ വിധമുള്ള മാനസികവും ശാരീരികവുമായ ക്ഷീണം ആന്തരികമായ ആത്മീയ പ്രകാശത്തിന് മങ്ങലേല്പിക്കുന്നു. എന്നിരിക്കിലും ഒരാൾ തന്നെ സ്വയം പിടിച്ചുനിർത്തുക. ചിരിക്കാനും മന്ദഹസിക്കാനും ദൈവം നല്കിയ എണ്ണമറ്റ അനുഗ്രഹങ്ങളെക്കുറിച്ച് നന്ദിരേഖപ്പെടുത്തുവാനും ആരംഭിക്കുക. അധികം താമസിയാതെ മന:സമാധാനവും മനോശക്തിയും അനുഭവപ്പെടുന്നതാണ്.

ഈ വിധത്തിൽ ആത്മാവിന്റെ വികാസം ശരീരത്തെ ആശ്രയിച്ചിരിക്കുന്നു. ഒരാളുടെ പ്രവർത്തനങ്ങളും ചിന്തകളും ദൈവേച്ഛയാൽ മാർഗദർശനം ചെയ്യപ്പെടട്ടെ. അതിന്റെ ഫലമായി ആനുപാതികമായി ആത്മാവിന്റെ വികാസത്തിൽ അത് സ്വാധീനം ചെലുത്തും. അത് അദൃശ്യമായ ഒരു പ്രകാശം വികിരണം ചെയ്യും. അത് അതേസമയം പ്രേക്ഷകരിലും ദൃശ്യമായിരിക്കും. പക്ഷേ, അത് വിവരിക്കുവാനും വിശദീകരിക്കുവാനും പ്രയാസമാണ്.

## ആത്മാവ് – മരണശേഷം

മരണശേഷം ആത്മാവിന് പിന്നെ എന്തു സംഭവിക്കുന്നു. ഭൗമികമായ ശരീരത്തെ ആത്മാവ് വിട്ടേച്ചു പോകുന്നു. ഈ ജീവിതത്തിലെ പ്രവർത്തനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് അതൊരു പുതിയ ആത്മീയ ശരീരം കൈവരിക്കുന്നു. ആത്മീയ നേത്രങ്ങൾക്ക് അത് ഇരുണ്ടതോ പ്രകാശമുള്ളതോ ആവാം. ആത്മീയാനുഭവം മുഖേന, ഇക്കാര്യങ്ങളെക്കുറിച്ചുള്ള ജ്ഞാനം വാഗ്ദത്ത മസീഹി(അ)ന്റെ മുമ്പേ ഉദ്ധരിച്ച വാക്കുകൾ മുഖേന സ്ഥാപിക്കപ്പെട്ടതാണ്.

## മരണശേഷം ആത്മാവ് ശരീരത്തിലേക്ക് മടങ്ങുമോ?

മരണശേഷം ആത്മാവ് ശരീരത്തിൽ നിന്ന് പൂർണമായി വിച്ഛേദിക്കപ്പെടുന്നു. ഒരിക്കലും മടങ്ങി വരുന്നില്ല. ആത്മാവില്ലാത്ത ശരീരത്തിൽ രാസഗുണങ്ങൾ ഉൾക്കൊള്ളുന്നു. അത് അഴുകാൻ തുടങ്ങുന്നു. മരിച്ച ആളുടെ ജീവൻ വീണ്ടെടുക്കാൻ സാധിക്കുമെന്ന സിദ്ധാന്തം വിശുദ്ധഖുർആൻ ഖണ്ഡിക്കുന്നു.

മരിച്ചുപോയി എന്ന് ഡോക്ടർമാർ പ്രഖ്യാപിച്ചശേഷം ആളുകൾ ചില പ്പോൾ പുനർജീവിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. കബറടക്കത്തിനുള്ള തയ്യാറെടുപ്പ് നടക്കുമ്പോൾ മരിച്ചു വെന്ന് കരുതിയ വ്യക്തി ഇരിക്കുകയും ദിനചര്യകൾ നടത്തുകയും ചെയ്തിട്ടുണ്ടാകും. കുറച്ചുകാലം വരെ ഹൃദയ സ്പന്ദനം നിലച്ചാൽ അത് മരണത്തിന്ന് തെളിവായിരുന്നു. ഇന്ന് വൈദ്യശാസ്ത്രം നിരവധി സന്ദർഭങ്ങളിൽ നിശ്ചലമായ ഹൃദയത്തെയും പുന:പ്രവർത്തിപ്പിക്കുന്നു. ഇതെല്ലാം തന്നെ മരിച്ച ആളെ പുനർജീവിപ്പിക്കാൻ കഴിയുമെന്ന് അഭിപ്രായപ്പെടാനും വഴി തെറ്റിക്കാനും പര്യാപ്തമായിരുന്നു. മരിച്ചുപോയെന്ന് തെറ്റായി നിർണയിക്കപ്പെട്ടു എന്നതാണ് സത്യം. ജീവൻ പൂർണമായും പോവാതെ ആളുകൾ കബറടക്കപ്പെട്ടതായ ചരിത്രം ഉണ്ടായിട്ടുണ്ട് എന്ന് നിസ്സംശയം പറയാം. അതിനാലാണ് ധൃതിപിടിച്ചു കബറടക്കം ചെയ്യരുതെന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നത്.

'മരിച്ച ആൾ ജീവിതത്തിലേക്ക് തിരിച്ചുവരില്ല എന്ന കാര്യം വിശുദ്ധഖുർആൻ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. **''അല്ലാഹു മനുഷ്യാത്മക്കളെ അവയുടെ മരണസമയത്ത് പിടിച്ചെടുക്കുന്നു. മരണമടയാത്തവയെ അവയുടെ നിദ്രാവേളയിലും (പിടിച്ചെടുക്കുന്നു) എന്നിട്ട്, ഏതൊന്നിനെ സംബന്ധിച്ച് അവൻ മരണം വിധിച്ചുവോ, അതിനെ അവൻ പിടിച്ചുനിർത്തുന്നു. മറ്റെതിനെ ഒരു നിശ്ചിത അവധി വരെ അവൻ വിട്ടയക്കുകയും ചെയ്യുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്. (39:43)**

നിദ്രയുടെ അവസരങ്ങളിൽ ആത്മാവ് എടുക്കപ്പെടുമെന്നും പക്ഷേ, ഒരു നിശ്ചിതാവധി വരെ മടക്കപ്പെടുമെന്നുമാണ്. ജീവൻ എടുക്കപ്പെടുമെങ്കിലും അതിന് ശരീരവുമായി എന്തെങ്കിലും ബന്ധമുണ്ടാകുമെന്ന് തോന്നുന്നു. എന്തെന്നാൽ നമ്മുടെ പഠനം കാണിക്കുന്നതുപോലെ ഒരു ശരീരം ഇല്ലാതെ ആത്മാവിന് അസ്തിത്വമില്ല. നിദ്രാവസ്ഥയിൽ ആത്മാവിനും ശരീരത്തിനും തമ്മിലുള്ള ബന്ധം എന്താണ്? അത് ശരീരവുമായി ലോലമായ ആത്മീയ ചരടുകൊണ്ട് ബന്ധിതമാണോ? അല്ലെങ്കിൽ ആത്മീയ നിറത്തിന്റെ തേജോവലയത്തിൽ അവയ്ക്ക് അസ്തിത്വമുണ്ടോ, മരണസമയത്ത് എടുക്കുന്ന ആത്മാക്കൾ പോലെ? ദൈവം പരിശുദ്ധഖുർആനിൽ പറയുന്നത് ആത്മാവിനെ സംബന്ധിച്ച കുറഞ്ഞ അറിവേ നല്കപ്പെട്ടിട്ടുള്ളൂ എന്നാണ്. ഈ വിഷയത്തിൽ കൂടുതൽ വെളിച്ചം വീശാൻ ആത്മീയജ്ഞാനമുള്ള ഏതെങ്കിലും വ്യക്തി മുന്നോട്ടുവന്നാൽ സ്വാഗതാർഹമായിരിക്കും.

## ആത്മാവിന്റെ അനന്തമായ ആത്മീയപുരോഗതി

മനുഷ്യകുലത്തിന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം, തന്നെ ആരാധിക്കാനാണെന്ന് ദൈവം വിശുദ്ധഖുർആനിൽ നമ്മോടു പറയുന്നു. ആരാധിക്കപ്പെടുന്നതിനെ ആശ്രയിക്കുന്നവനല്ല ദൈവം. അത് മനുഷ്യന്റെ സ്വന്തം പ്രയോജനത്തിനാണ്. ആരാധന എന്നതിന് നമസ്കാരം അനുഷ്ഠിക്കുകയും കുനിയുകയും ചെയ്യുക എന്നുമാത്രമല്ല അർഥം. തനിക്ക് നല്കപ്പെട്ടിട്ടുള്ള ഓരോ കഴിവും ദൈവപാതയിലും അവന്റെ സേവനത്തിനും വിനിയോഗിക്കുക എന്നതാണ്.

**''എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."** (വി. ഖുർആൻ 51:57).

ആത്മാവിനെ വിലപിടിച്ച ഒരു രത്നത്തോടുപമിക്കണം. കൂടുതൽ പോളീഷു ചെയ്യുന്തോറും അത് കൂടുതൽ പ്രകാശിക്കുന്നു.

ഈ ലോകത്ത് ശാരീരികവും ആത്മീയവുമായ കഴിവുകൾ പ്രയോഗിച്ചുതേടാവുന്ന ആത്മീയ പുരോഗതിയുടെ ഔന്നത്യത്തിന് ഒരു പരിധിയുമില്ല. ആത്മാവിന്റെ വികാസം അത് ഭൂമിയിൽ മനുഷ്യശരീരത്തിൽ വസിക്കുന്നിടത്തോളം കാലം മാത്രം പരിമിതപ്പെടുത്തപ്പെട്ടതല്ല. ഇസ്‌ലാമിന്റെ അദ്ധ്യാപന പ്രകാരം പരലോക ജീവിതത്തിലും ആത്മാവ് ആത്മീയ പുരോഗതി പ്രാപിക്കുന്നത് തുടർന്നുകൊണ്ടിരിക്കും. പരലോകത്ത് പരിപൂർണത നല്കാൻ അവർ ദൈവത്തോട് അപേക്ഷിക്കുമെന്ന് വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു.

**''ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ച് തരേണമേ. ഞങ്ങൾക്ക് പൊറുത്തു തരേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്." (66:9)**

ഒരു യഥാർഥ വിശ്വാസി തന്റെ ആത്മീയ പദവിയുടെ നിലവാരത്തിൽ സംതൃപ്തനായിരിക്കുന്നതുപോലെ ആത്മാവ് ഉന്നതമായ ആത്മീയാവസ്ഥക്ക് വേണ്ടി അപേക്ഷിച്ചുകൊണ്ടിരിക്കും. ആകാശത്തിലേക്ക് നീണ്ടുനില്ക്കുന്ന ഏണിപോലെ കൂടുതൽ ഉയരങ്ങളിലേക്ക് അവൻ ഉത്സുകരായിരിക്കും.


അതിനാൽ പരലോക ജീവിതത്തിലും ദൈവിക പ്രകാശത്തിൽ നിമഞ്ജനം ചെയ്യപ്പെടാനുള്ള ആഗ്രഹത്താൽ പുരോഗതിക്കുള്ള അവസരം ലഭിക്കാനുള്ള ശ്രമം ആത്മാവ് തുടർന്നുകൊണ്ടിരിക്കും.

മരണശേഷം ആത്മാക്കൾക്ക് നന്മയും തിന്മയും ചെയ്യാനുള്ള കഴിവുണ്ടായിരിക്കുമെന്ന് നിരൂപിക്കുന്നത് തെറ്റാണ്. ഇക്കാരണത്താൽ അവർ പൊറുക്കലിനെത്തേടുമെന്ന് വിചാരിക്കുന്നതും തെറ്റാണ്. എല്ലാ ആത്മീയ പുരോഗതിയും പരിപൂർണമായും ദൈവികാനുഗ്രഹത്തിന്റെ ഫലമായിരിക്കും. ആത്മാക്കൾ സ്വയം എങ്ങനെ പെരുമാറുന്നു എന്നതിനെ ആശ്രയിച്ചിരിക്കുകയില്ല. പൊറുത്തുകൊടുക്കാൻ അവർ ദൈവത്തെ വിളിക്കുന്നത് അവർ പാപം ചെയ്യാനിടയുള്ളതുകൊണ്ടല്ല. ആത്മീയതയുടെ ഉന്നത സ്ഥാനങ്ങളിലേക്ക് ഉയരാനുള്ള അർഹത നേടാൻ ദൈവത്തിന്റെ ആനുകൂല്യം തേടുകയാണവർ.

## ഏറ്റവും വിലപിടിച്ച സ്വത്ത്

നമ്മുടെ ആത്മാക്കളാണ് നമ്മുടെ അമൂല്യമായ സ്വത്ത്. മറ്റെല്ലാ സ്വത്തിനേക്കാളുമധികം നാം അതിനെ പരിപോഷിപ്പിക്കുകയും ശ്രദ്ധിക്കുകയും വേണം. നമ്മുടെ മരണശേഷം ഇഹലോകത്ത് അവശേഷിക്കാത്ത നമ്മുടെ ഏക ഭാഗമാണത്. മറ്റെല്ലാം ഇവിടെ നിലനില്ക്കുന്നു. അതായത് നമ്മുടെ ഹൃദയങ്ങൾ, നമ്മുടെ തലച്ചോറുകൾ, നമ്മുടെ ഐഹിക സ്വത്തുക്കളെല്ലാം ഭൂമിയിൽ ഉപേക്ഷിക്കുന്നു. നമ്മുടെ ആത്മാക്കൾ പരോകത്ത് പ്രവേശിക്കുന്നു. അതിനാൽ നമ്മുടെ ഏറ്റവും വലിയ ശ്രദ്ധയും താല്പര്യവും ഈ ലോകത്ത് നമ്മുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്ന കാര്യത്തിലായിരിക്കണമെന്നത് വളരെ വ്യക്തമാണ്.

(The Review of Religions, May 1984, വിവ: കെ. വി. ഹസ്സൻകോയ, കോഴിക്കോട്)



# സൃഷ്ടിപ്പ് : ഖുർആനികമായ ഒരു പാരിസ്ഥിതിക നിരീക്ഷണം

ജോസ് എബ്രഹാം

മനുഷ്യൻ അന്യജീവി സമൂഹങ്ങളുമായി സൗഹൃദപരമായ സഹജീവനം നടത്താനാണ് വിശുദ്ധ ഖുർആൻ ആവശ്യപ്പെടുന്നത്. ദൈവം സൃഷ്ടിച്ച പ്രകൃതിക്കു മേൽ അധീശത്വം നടത്താൻ മനുഷ്യന് അധികാരമില്ലെന്ന് ലേഖകൻ സമർഥിക്കുന്നു. വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിലുള്ള പാരിസ്ഥിതിക ദർശനമാണ് ലേഖകൻ അവതരിപ്പിക്കുന്നത്. ബാംഗലൂരിലെ തിയോളജിക്കൽ കോളേജിലെ ഡിപാർട്ട്മെന്റ് ഓഫ് റിലീജിയൻ ആന്റ് കൾചറൽ വിഭാഗത്തിലെ ലക്ചററാണ് ലേഖകൻ.

Aതിഭയാനകമായ പാരിസ്ഥിതിക വിനാശത്തിന്റെ പടിവാതില്ക്കലാണ് നാം. നമ്മുടെ ഭൂമി അതിശീഘ്രം നശിച്ചുകൊണ്ടിരിക്കുന്നു. നാം ഉപയോഗിക്കുന്നതോതിനനുസരിച്ചു വിഭവങ്ങൾ നിലനിർത്താൻ അതിന് സാധ്യമല്ല, അതിനാൽ നാമും മറ്റു സൃഷ്ടി ജാലങ്ങളും തമ്മിലുള്ള ബന്ധം ഗൗരവതരമായ അസന്തുലിതത്തിലായിരിക്കുകയാണ്. ഈ അവസ്ഥയുടെ പ്രത്യക്ഷപ്രകടനങ്ങൾ ഹാനികരമായ -വിഷമയമായ രാസപദാർഥങ്ങൾ, റേഡിയോ ആക്റ്റീവ് മാലിന്യങ്ങൾ, മണ്ണൊലിപ്പ്, ലവണത്വവത്ക്കരണം(സാലിനേഷൻ), മരുഭൂവത്ക്കരണം, വനനശീകരണം, സസ്യമൃഗാദികളുടെ വംശനാശം, ആഗോളതാപനം, അത്യധികമായ ഊർജോപഭോഗം, ന്യൂക്ലിയർ ഒബ്ലീടറേഷൻ തുടങ്ങിയവയിലൂടെയുള്ള വായു, ജലം, മണ്ണ് എന്നിവയുടെ മലിനീകരണവും ഉൾക്കൊള്ളുന്നു. ഈ അവസ്ഥയെ കാര്യക്ഷമമായി നേരിട്ടിട്ടില്ലെങ്കിൽ ജീവജാലങ്ങളുടെ അനന്തര തലമുറക്ക് വാസയോഗ്യമായ ഭൂമി പോലും

ഇല്ലാത്ത അവസ്ഥ നേരിടേണ്ടിവരും. ഇതിനു പുറമേ പരിസ്ഥിതി നാശവും സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ അസമത്വങ്ങളും തമ്മിൽ ഒരു ജൈവ ബന്ധമുള്ളതിനാൽ പാരിസ്ഥിതിക പ്രതിസന്ധി പൊതുവിൽ എല്ലാവരെയും ബാധിക്കുമെങ്കിലും ഏറ്റവും കൂടുതൽ ദുരന്തത്തിനിരയാവുന്നത് പാവപ്പെട്ട വരും അധ:കൃത വർഗങ്ങളുമാണ്. ആയതിനാൽ ഇത്തരം പാരിസ്ഥിതിക ശോഷണങ്ങളെ നേരിടാൻ ആഗോള തലത്തിൽ പ്രകടമായ ഒരാശങ്ക വർധിച്ചു വരുന്നതായി കാണാം

കലുഷിതമായിക്കൊണ്ടിരിക്കുന്ന ഈ പാരിസ്ഥിതിക പ്രതിസന്ധിക്ക് നാനാവിധത്തിലുള്ള പ്രതികരണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വ്യത്യസ്ത വീക്ഷണങ്ങളിലൂടെ ശാസ്ത്രജ്ഞരും സാമൂഹ്യ ശാസ്തജ്ഞരും തത്ത്വചിന്തകരും നരവംശ ശാസ്ത്രജ്ഞരുമെല്ലാം വിവിധ രീതിയിലാണ് ഇതിനോട് പ്രതികരിച്ചത്. പാരിസ്ഥിതിക പ്രതിസന്ധി, മോശപ്പെട്ട സാങ്കേതിക വിദ്യ, അപര്യാപ്തമായ സാമൂഹിക വികസന മാതൃകകൾ ഏന്നിങ്ങനെ നിരവധി കാര്യങ്ങൾ ഇതിൽ ഉൾചേർത്തിരിക്കുന്നു. അതിനാൽ പാരിസ്ഥിതിക പ്രശ്നങ്ങളോടുള്ള ഓരോ പ്രതികരണവും പ്രാധാന്യമർഹിക്കുന്നതാണ്. കാരണം ഈ ഓരോ പ്രതികരണങ്ങളും പ്രശ്നത്തിന്റെ വിവിധ വശങ്ങളെയാണ് നേരിടുന്നത്.

സൃഷ്ടിപ്പിനെക്കുറിച്ചുള്ള കാഴ്ചപ്പാട് അല്ലെങ്കിൽ അവബോധം ജനങ്ങൾക്ക് പ്രകൃതിയോടുള്ള മനോഭാവം നിർണയിക്കുന്നതിലുള്ള പ്രധാന ഘടകങ്ങളാണ്. അതിനാൽ ഇത് പാരിസ്ഥിതിക ചർച്ചകളിലെ ഒരു സുപ്രധാന വിഷയമാണ്. ഒരു ഭാഗത്ത് പ്രകൃതി മനുഷ്യനെ സേവിക്കാൻ വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടതാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ അത് പരിധികളിലാത്ത പ്രകൃതി ചൂഷണത്തെ ന്യായീകരിച്ചേക്കാം. എന്നാൽ മറുഭാഗത്ത് പ്രകൃതിക്ക് അതിന്റേതായ മൂല്യമുണ്ടെന്ന് മനസ്സിലാക്കുമ്പോൾ അത് ബഹുമാനിക്കപ്പെടുകയും ശരിയാം വണ്ണം പ്രയോഗിക്കപ്പെടുകയും ചെയ്യും. ഞാനൊരു ഇസ്‌ലാമിക പഠന താരതമ്യ ശാസ്ത്ര വിദ്യാർഥി യായതിനാൽ സൃഷ്ടിപ്പിനെക്കുറിച്ചുള്ള വീക്ഷണത്തെ ഗൗരവതരമായി കണക്കിലെടുത്തുകൊണ്ട് വർദ്ധിച്ച് വരുന്ന പാരിസ്ഥിതിക പ്രശ്നങ്ങളോടുള്ള ഇസ്‌ലാമിക പ്രതികരണം വ്യക്തമാക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

### ഖുർആനിലെ സൃഷ്ടിസിദ്ധാന്തം

ഹൽഖ്, ബറഅ , സവ്വറ, ജഅല, ബാദ, ഫറാറ മുതലായ നിരവധി പദങ്ങൾ സൃഷ്ടിപ്പിനെക്കുറിച്ച് പ്രതിപാദിക്കാൻ ഖുർആൻ ഉപയോഗിച്ചിട്ടുണ്ട്. ഖലഖ് എന്ന ക്രിയയുടെ നാമരൂപമാണ് ഖൽഖ്. ഇത് ഖുർആനിൽ 249 സ്ഥലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ലെയ്നിന്റെ അറബി-ഇംഗ്ലീഷ് ശബ്ദ കോശ പ്രകാരം അളക്കുക, നിർണയിക്കുക, മൂല്യം നിർണയിക്കുക, കണക്കു കൂട്ടുക തുടങ്ങിയ പ്രവർത്തികളെയാണ് ഖൽഖ് എന്നത് കൊണ്ട് സൂചിപ്പിക്കുന്നത്. സൃഷ്ടിപ്പ് എന്ന പ്രവൃത്തിയെ അതിന്റെ സമഗ്രമായ അർഥത്തിലും ഖുർ ആനിൽ ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. അറബിസാഹിത്യത്തിൽ ഖൽഖ് ഒരു ദൈവിക പ്രവർത്തിയായാണ് കണക്കാക്കപ്പെടുന്നത്. 'അൽ ഖാലിഖ്' അഥവാ സ്രഷ്ടാവ് എന്നത് ഖുർആനിൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ ഗുണനാമങ്ങളിലൊന്നാണ്. പൊട്ടലുകളും വിള്ളലുകളും ഇല്ലാത്ത നിലയിൽ മിനുസപ്പെടുത്തുകയും മിനുക്കുകയും ചെയ്യുക എന്ന അർഥവും കൂടി ഈ പദം വഹിക്കുന്നു. അതിനാൽ ഖുർആന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കുക എന്ന പ്രവൃത്തി ഒരു പ്രക്രിയയാണ്. അത് ഏതെങ്കിലും നിമിഷത്തേക്കു മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ദൈവം എന്നും സജീവനും ഒരു ഘട്ടത്തിൽ നിന്ന് മറ്റൊരു ഘട്ടത്തിലേക്ക് എല്ലാറ്റിനേയും വികസിപ്പിച്ചു കൊണ്ട് സൃഷ്ടി കർമം അനസ്യൂതം തുടർന്ന് കൊണ്ടു പോകുന്നവനുമാണ്.

സൃഷ്ടിയെ കുറിക്കാൻ ഖുർആനിൽ പ്രയുക്തമായ മറ്റൊരു പദം ബറഅ ആണ്. ഉണ്ടാക്കുക, രൂപീകരിക്കുക, ആകാരം നൽകുക എന്നൊക്കെയാണ് അർഥം. എഴുതാനുപയോഗിക്കുന്ന മുളന്തണ്ട്, അമ്പ്, വടി, മരത്തടി തുടങ്ങിയവ രൂപപ്പെടുത്തലിനാണ് അറബികൾ പൊതുവേ ഈ പദം ഉപയോഗിക്കുന്നത്. അൻസാൻ ആകാരം നൽകുന്നവൻ എന്നത് ഖുർആനിലെ ദൈവനാമങ്ങളിൽ ഒന്നാണ്. ഖലഖ എന്ന പദത്തിന് സമാനമായി രൂപീകരിക്കുക, ആകാരം നൽകുക, കൊത്തിയെടുക്കുക, ചിത്രണം ചെയ്യുക എന്നൊക്കെയാണ് അർഥം. അൽമുസവ്വിർഅഥവാ രൂപസന്ദായകൻ എന്നതും ഖുർ ആൻ വിവരിക്കുന്ന ദൈവിക ഗുണനാമമാണ്. ആകാരവും വർണവും നൽകിക്കൊണ്ട് തന്റെ സൃഷ്ടിയെ അവൻ രൂപീകരിക്കുകയും ഒരോ ജീവിയുടേയും സങ്കീർണമായ ആത്മീയ ഭൗതികാസ്തിത്വത്തിന്റെ ഒരോ സൂക്ഷ്മാംശവും അവക്ക് നൽകുകയും പുറമേയുള്ള സൃഷ്ടി ലോകവുമായി പൂർണമായി ചേർന്നിരിക്കുന്നരീതിയിൽ ഓരോ വസ്തുക്കളും സവിശേഷമായ രീതിയിൽ രൂപകൽപ്പന ചെയ്യപ്പെട്ടിരിക്കുന്നു.

ഖുർആനിൽ 345 തവണയാണ് ജഅല എന്ന പദം സൃഷ്ടികർമത്തെ കുറിക്കുവാൻ ഉപയോഗിച്ചിരിക്കുന്നത്. നിർമിക്കുക, ഉണ്ടാക്കുക, രൂപീകരിക്കുക, സൃഷ്ടിക്കുക എന്ന അർഥത്തിലാണ് ഖുർആനിൽ ഈ പദം ഉപയുക്തമായിരിക്കുന്നത്. അതായത് ഖുർആനിക വെളിച്ചത്തിൽ വർണം, രൂപം, ബാഹ്യഘടന, സവിശേഷ കർത്തവ്യങ്ങൾ ഏൽപ്പിക്കുക എന്നീ പ്രക്രിയകളൊക്കെ തന്നെയും സൃഷ്ടികർമത്തിൽ ഉൾക്കൊള്ളുന്നു. ഖുർ ആനിൽ 14 തവണ ഉപയുക്തമായ ബദഅ ഒരു കാര്യം ഏൽപ്പിക്കുക, നിലവിൽ കൊണ്ട് വരിക, അല്ലെങ്കിൽ ആദ്യമായി ഉണ്ടാക്കുക എന്നൊക്കെയാണ് അർഥം. മുൻ മാതൃകയില്ലാതെ ഒരു വസ്തുവിനെ സൃഷ്ടിക്കുന്നതിനെ കുറിക്കാനാണ് ഖുർആനിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നത്. ഉദ്ഭാവകൻ എന്ന അർഥമുള്ള അൽ ബാദി എന്നതും ഖുർആനിൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ മറ്റൊരു നാമമാണ്. ഫതറഎന്ന പദം ഖുർ ആനിൽ 20 തവണയാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ബദഅയെപോലെ തന്നെ ഏതെങ്കിലും ആദ്യമായി കൊണ്ടുവരുന്നതിനെയോ ഉൽപ്പാദിപ്പിക്കുന്നതിനെയോ തന്നെയാണ് ഈ പദവും കുറിക്കുന്നത്.

ഖുർആനികാടിസ്ഥാനത്തിൽ എല്ലാ വസ്തുക്കളുടേയും ഉദ്ഭവം കുൻ അഥവാ ഉണ്ടാവുക എന്ന ദൈവിക കൽപ്പനയിൽ നിന്നുമാണ്. ദൈവകൽപ്പനകൾ അവന്റെ ഇച്ഛയുടെ ഉദ്ദേശ്യത്തിന്റെ ഇംഗിതത്തിന്റെ പ്രകടരൂപമാണ്. ഇത് അർഥമാക്കുന്നത്, സൃഷ്ടി കർമം ഒരാകസ്മികതയല്ലെന്നും കൃത്യമായ ദൈവികോദ്ദേശ്യത്തിൽ ഉദ്ഭവിച്ചതാണെന്നുമാണ്. വ്യക്തമായെരു ലക്ഷ്യമില്ലാതെ വ്യർഥമായോ കളിതമാശയായോ അവനൊന്നും സൃഷ്ടിച്ചിട്ടില്ല തന്നെ. ഇത് സൃഷ്ടികൾക്ക് ആകമാനം മൂല്യവും പ്രാധാന്യവും കൊണ്ടു വരുന്നു.

ഖുർആനിക വീക്ഷണത്തിൽ സ്രഷ്ടാവും അവന്റെ സൃഷ്ടിയും തമ്മിൽ നിയത നിർവചിതമായൊരു ബന്ധമുണ്ട്.

തൗഹീദ് അഥവാ ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം വിശുദ്ധ ഖുർആന്റെ മൗലിക സിദ്ധാന്തമാണ്. ദൈവമാണ് ഏകമായ യാഥാർഥ്യമെന്ന് തൗഹീദ് പ്രമാണീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. അങ്ങനെ സൃഷ്ടികർമം ദൈവിക സത്തയുടെ ഭാഗവും ദൈവത്തിന്റെ പ്രത്യക്ഷ പ്രകടനവുമാണ്. സൃഷ്ടി കർമം ദൈവികമായ ഏകത്വത്തിൽ നിന്നും പുറപ്പെടുന്നതിനാൽ എല്ലാ ജീവജാലങ്ങളുടെയും അടിസ്ഥാന പരമായ ഐക്യത്തെയാണ് ഇത് പഠിപ്പിക്കുന്നത്. ഇത് സൃഷ്ടിപ്പിന്റെ പൂർണതയും ദിവ്യത്വവും ഉറപ്പിക്കു കയും സൃഷ്ടി കർമത്തിന് മൂല്യം നൽകുകയും ചെയ്യുന്നു. മനുഷ്യനെ പ്രകൃതിയിൽ നിന്നും വ്യതിരിക്ത നാക്കുന്ന -പാരിസ്ഥിതിക പ്രശ്നങ്ങൾ ക്ക് നിദാനമാകുന്ന, പ്രകൃതിയെ തിന്മ യായും കീഴ്പ്പെടുത്തേണ്ടതായും കണ ക്കാക്കാവുന്ന എല്ലാവിധ ദ്വിവിധ ഭാവ ങ്ങളെയും നിരാകരിക്കുന്നു.

മുഹീത്ത് എന്നാണ് ഖുർആൻ നമുക്ക് ദൈവത്തെക്കുറിച്ച് പറഞ്ഞു തരുന്നത്. എല്ലാറ്റിനേയും സൂക്ഷ്മാണു ക്കൾ മുതൽ അതി ഭീമാകാരന്മാരായ ജന്തുക്കൾ വരെ ഭൂമിയിലെ നാനാവി ധത്തിലുള്ള ജീവജാലങ്ങൾക്കുമുള്ള നിലനിൽപ്പിനും വളർച്ചക്കും ആവശ്യ മായ സകലതും ദൈവം സജ്ജീകരിച്ചി രിക്കുന്നുവെന്നാണ് ഖുർആൻ പ്രസ്താ വിക്കുന്നത്. ഈ സജ്ജീകരണങ്ങൾ ജീവന്റെ എല്ലാ അവസ്ഥകളിലും ഘട്ടങ്ങളിലും അവയുടെ ആവശ്യാനു സരണം ലഭ്യമാക്കപ്പെട്ടിരിക്കുന്നു. മുമ്പ് വിശദീകരിച്ചത് പോലെ, ദൈവം എല്ലാറ്റിനെയും ഒരു പ്രത്യേക ലക്ഷ്യത്തി നായാണ് സൃഷ്ടിച്ചിരിക്കുന്നത്. ആക യാൽ ഉപയോഗ്യമല്ലാത്ത ഒന്നും തന്നെ നിലനിൽക്കുന്നില്ല. ഇതിന്റെ അർഥം എല്ലാ വസ്തുക്കളും ഒരു മഹത്തായ ജീവിത പദ്ധതിയിൽ കൃത്യമായി ഇണ ങ്ങിചേരുന്നു എന്നാണ്. ജീവിതത്തിന് അതിന്റേതായ മൂല്യമുണ്ടെന്ന് ചുരുക്കം. ജീവന്റെ തുടർച്ച ചെറുതും വലുതു മായ എല്ലാറ്റിന്റെയും നിലനിൽപ്പിന് സുപ്രധാനമാണ്. ഇത് ഒരു ജീവി വർഗത്തിന് മറ്റൊന്നിന്മേലുള്ള മേൽ കോയ്മയേയും പ്രാധാന്യത്തെയും നിഷേധിക്കുന്നു. ഈ സമഗ്രമായ വീക്ഷ ണത്തിൽ മനുഷ്യൻ പ്രപഞ്ചത്തിലെ ഇതര സൃഷ്ടിരാശിയിലെ ഒരു കണ്ണി യാണെന്ന് വരുന്നു.

### മനുഷ്യേതര സൃഷ്ടിയുടെ സ്ഥാനം

ലോകം ദൈവിക അടയാളങ്ങളാൽ തിങ്ങിനിറഞ്ഞിരിക്കയാണെന്നാണ് വിശുദ്ധ ഖുർആൻ പറഞ്ഞുതരുന്നത്. അറബി ഭാഷയിൽ ആയത്ത് എന്നാൽ ഒരു വ്യക്തിയെ അല്ലെങ്കിൽ വസ്തു വിനെ അറിയാൻ അല്ലെങ്കിൽ ഗ്രഹി ക്കാൻ കഴിയുന്ന ചിഹ്നം, സ്മാരകം, അടയാളം എന്നൊക്കെയാണ്. ഈ പദം ഖുർആനിൽ ഏകദേശം 400 തവണയാണ് ഉപയോഗിച്ചിരിക്കുന്നത്. ഓരോ സൃഷ്ടിയേയുംആയത്തുല്ലാഹ് എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ആയത്തിന്റെ മേൽപറഞ്ഞ അർഥം നമ്മുടെ ചർച്ചക്ക് വിഷ യോചിത മാണ്. കാരണം പ്രകൃതി ദൈവത്തിന്റെ ആയത്താണെങ്കിൽ അതിനെ തിരിച്ചറി ഞ്ഞവൻ ദൈവത്തെ തിരിച്ചറിഞ്ഞു.

ഖുർആനിക വീക്ഷണത്തിൽ ആകാശ നക്ഷത്രങ്ങളുടെയും (നക്ഷത്ര ങ്ങളും സൂര്യചന്ദ്രന്മാരും) ഭൂമിയിലെ പർവതങ്ങളും സസ്യമൃഗാദികളും സകലതും അല്ലാഹുവിനെ സ്തുതിച്ചു കൊണ്ടിരിക്കുന്നു. അവന്റെ സ്തുത്യർ ഹതയെ പ്രകീർത്തിക്കാത്തതായി ഒന്നും തന്നെയില്ല. ദൈവം സൃഷ്ടിച്ച എല്ലാ വസ്തുക്കളും അവനെ സാഷ്ടാംഗം പ്രണമിക്കുകയും അവന്റെ ഇച്ഛകൾക്കും കൽപ്പനകൾക്കും പരി പൂർണവിധേയത്വം കാണിക്കുകയും ചെയ്യുന്നു. അങ്ങനെ സകല സൃഷ്ടി കളെയും മുസ്ലിം ആയിട്ടാണ് ഖുർ ആനിൽ ഗണിക്കപ്പെട്ടിരിക്കുന്നത്. അവയൊക്കെയും ദൈവേച്ഛയെ പരിപൂർണമായും അനുസരിക്കുന്ന വനും ദൈവനിയമത്തി നനുസൃതമായി ചരിക്കുന്നവരുമത്രെ.

### ഒരു മുസ്ലിമിന്റെ ആത്മീയ ജീവിതം

പ്രകൃതിയുടെ താളത്തിനനുസരി ച്ചാണ് ചലിക്കുന്നത്. അവന്റെ അല്ലെ ങ്കിൽ അവളുടെ പ്രാർഥനാ സമയങ്ങൾ സൂര്യന്റെ സ്ഥാനവുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ മതാരാധനകൾ അനുഷ്ഠിക്കാൻ ഒരു മുസ്ലിമിന് തന്റെ ബാഹ്യപരിസ്ഥിതിയുമായി സവിശേഷ ബന്ധം സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇതിനു പുറമേ വ്രതാനു ഷ്ഠാനത്തിനും മക്കയിലേക്കുള്ള തീർഥാടനത്തിനും (ഹജ്ജ്) സമയം കണക്കാക്കാനുപ യോഗിക്കുന്ന ഇസ്ലാമിക കലണ്ടർ ചന്ദ്രനെയാണ് പിന്തുടരുന്നത്. അങ്ങനെ ഒരു മുസ്ലിം തന്റെ മതാനുഷ്ഠാന ത്തിന്റെ ഭാഗമായി സൂര്യ ചന്ദ്രൻമാരുടെ ചലനങ്ങളെ നിരീക്ഷിക്കാൻ നിർബന്ധി തനാകുന്നു. പ്രകൃതി നമസ്ക്കാരാനു ഷ്ഠാനത്തിന്റെ ദിശാബോധം നൽകുന്ന ദിവ്യ സ്ഥാനമത്രെ പള്ളി. ഒരിക്കലും തന്നെ പ്രാർഥനയുടെ പ്രകൃത്യാതീത സ്ഥലം സൃഷ്ടിക്കുന്നുമില്ല, അങ്ങനെ പ്രകൃതി മനുഷ്യന്റെ ദൈവാന്വേഷണ വഴിയിലെ പ്രതിയോഗിയല്ല. മറിച്ച് സഹചാരിയാണ്.

ഖുർആനിക വീക്ഷണത്തിൽ സകല വസ്തുക്കളും മനുഷ്യനെപോലെ തന്നെ സമൂഹങ്ങളായിട്ടാണ് സൃഷ്ടിക്കപ്പെട്ടി രിക്കുന്നത്. അങ്ങനെ ദൈവം സൃഷ്ടിച്ച എല്ലാ സമുദായങ്ങളെക്കുറിച്ചും ബദ്ധ ശ്രദ്ധനാണ് അവൻ. എല്ലാ ജീവജാല ങ്ങളെയും നിലനിർത്തുകയും അവയുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു. ഭൂമിയിൽ നടക്കുന്ന ഏതു മൃഗവും രണ്ട് ചിറക് കൊണ്ട് പറക്കുന്ന ഏതു പറവയും നിങ്ങളുടേതു പോലെയുള്ള സമൂഹങ്ങൾ തന്നെയാണ്. നാം ഈ ഗ്രന്ഥത്തിൽ ഒരു കുറവും വരുത്തി യിട്ടില്ല. പിന്നീട് അവന്റെ നാഥങ്കലേക്ക് അവരെയെല്ലാം ഒരുമിച്ചു കൂട്ടുന്നതാണ്. എന്ന ആയത്തിനെ പരാമർശിച്ചു കൊണ്ട് ഇതേ വിശദീകരണം തന്നെയാണ് നൽകുന്നത്. അതിനാൽ മാനുഷിക പരാമർശം കൂടാതെ തന്നെ ഒരോ സൃഷ്ടിക്കും അതിന്റെതായ മൂല്യമുണ്ട്.

### മനുഷ്യേതര സൃഷ്ടികളുടെ കീഴ്വഴക്കം

ഖുർആന്റെ അഭിപ്രായത്തിൽ ആകാശത്തിലും ഭൂമിയിലുമുള്ള സകല വസ്തുക്കളും മനുഷ്യന്റെ ഉപ യോഗത്തിനായാണ് സൃഷ്ടിക്കപ്പെട്ടിരി ക്കുന്നത്. മനുഷ്യനും മനുഷ്യേതര ജീവികളും തമ്മിലുള്ള ബന്ധം നിർവചിക്കാൻ സഖ്ഖര എന്നപദമാണ് ഖുർആൻ ഉപയോഗിച്ചിരിക്കുന്നത്. സഖ്ഖര എന്നാൽ ഒരു ഭൃത്യനെയോ ഒരു ജന്തുവിനെയോ ബലം പ്രയോഗിച്ച് നിയന്ത്രിക്കുകയോ ഇഷ്ടമില്ലാത്ത ഒരു കാര്യം നിർബന്ധിച്ച് ചെയ്യിക്കുകയോ ആണ്. അതായത് അധീനതയിലാക്കുക, നിയന്ത്രണത്തിൽ കൊണ്ട് വരിക, വരുതിയിലാക്കുകയോ നിയന്ത്രണ ത്തിൽ നിന്നും മോചനം അസാദ്ധ്യമായ അവസ്ഥയിലാക്കുക എന്നൊക്കെ യാണ് അർഥം. ഖുർആൻ സഖ്ഖര എന്നത് ദൈവത്തിന്റെ പ്രവർത്തി യായിട്ടാണ് കണക്കാക്കുന്നത്. നാം നേരത്തെ മനസ്സിലാക്കിയത് പോലെ ഒരോ സൃഷ്ടിക്കും അതിന്റേതായ സ്ഥാനമുണ്ട്. മനുഷ്യനെ സേവിക്കാൻ മാത്രമാണ് അവ സൃഷ്ടിക്കപ്പെട്ടതെന്ന തിന് ഖുർആനിൽ നിന്നും ഒരു തെളിവും കാണിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഗവേഷകന്മാർ

സഖ്‌വറ എന്ന പദത്തെ അതിന്റെ ശബ്ദാർഥത്തിൽ നിന്ന് വിഭിന്നമായി പുനർവ്യാഖ്യാനിച്ചത്. അതായത് സഖ്‌വറ എന്നാൽ കീഴ്‌വഴക്കം എന്ന അർഥത്തിൽ

ഐറിസ് സഫ്‌വാന്റെ അഭിപ്രായത്തിൽ സഖ്‌വറ എന്ന അറബി പദത്തിന്റെ അർഥം വിധേയപ്പെടുത്തുക എന്നല്ല മറിച്ച് പ്രയോജനകരമായ ഇടപാടിലേക്ക് മാറ്റുക, ഉപയോഗിക്കുക എന്നൊക്കെയാണ്. ഈ അർഥത്തെ അംഗീകരിച്ചു കൊണ്ട് മനുഷ്യനും ഇതര സൃഷ്ടിയും തമ്മിലുള്ള ബന്ധം അധീശത്വത്തിന്റെയും ചൂഷണത്തിന്റെയും അടിസ്ഥാനത്തിലല്ലെന്നും മറിച്ച് ദൈവം മനുഷ്യന് ഏൽപ്പിച്ചിട്ടുള്ള വിശ്വാസത്തിന്റെ (ഉത്തരവാദിത്വത്തിന്റെ-അമാനത്തിന്റെ) അടിസ്ഥാനത്തിലുള്ളതാണ്. മനുഷ്യന് മറ്റു വസ്തുക്കൾക്കുള്ള കീഴ്‌വഴക്കത്തെ അധിനിവേശത്തിനും ചൂഷണത്തിനുമുള്ള അംഗീകാരമായി കാണുകയാണെങ്കിൽ അത് ദൈവത്തെ പരിഹസിക്കലാണ്. മനുഷ്യർക്ക് ദൈവത്തിന്റെ പ്രതിനിധി എന്ന നിലക്കുള്ള ഉത്തരവാദിത്വത്തെ ഗൗരവമായി കണക്കിലെടുത്ത്കൊണ്ട് ഈ പദത്തിന്റെ അർഥം ഇങ്ങനെ വിശദീകരിക്കാം.സഖ്‌വറ എന്നാൽപ്രകൃതിയെ കീഴടക്കുകയോ ചൂഷണം ചെയ്യലോ അല്ല. മറിച്ച് ദൈവിക നിയമത്തിന്റെയും മനുഷ്യ നിലയിലുള്ള ഉത്തര വാദിത്വത്തിന്റേയും ബന്ധമാണ്.

ഈ അന്തർ ദൃഷ്ടികൾ പ്രകൃതിയെ നമുക്ക് മനുഷ്യപ്രവൃത്തിയുടെ ഉപഭോഗ വസ്തു മാത്രമായി കാണാൻ കഴിയില്ലെന്നാണ് വ്യക്തമാക്കുന്നത്. അങ്ങനെ പ്രകൃതിയുമായുള്ള ഒരു കർത്തൃകർമ അഥവാ വ്യക്തി-വസ്തു ബന്ധം ന്യായീകരിക്കാവതല്ല. പ്രകൃതിയെ വസ്തു നിഷ്ഠപരമായി മാത്രം കണ്ടാൽ പിന്നെ അതിന്റെ മൗലിക മൂല്യത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് മനുഷ്യന്റെ ഉപകരണ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തപ്പെടാൻ സാധ്യതയുണ്ട്. പ്രകൃതിയുമായുള്ള ഒരു വൈയക്തിക ബന്ധം നമുക്ക് പ്രകൃതിയോടുള്ള ബഹുമാനത്തെയാണ് കുറിക്കുന്നത്. ഇത് നമ്മെ അവസാനം പ്രകൃതി സ്രോതസ്സുകളുടെ സംരക്ഷണത്തിലും ശരിയായ ഉപയോഗത്തിലേക്കുമാണ് നയിക്കുക.

**മനുഷ്യരുടെ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും**

ഖുർആന്റെ അടിസ്ഥാനത്തിൽ, മനുഷ്യൻ സകല സൃഷ്ടികളിലും വെച്ച് സമുന്നതനത്രെ. നിശ്ചയമായും നാം മനുഷ്യനെ ഏറ്റവും ഉൽകൃഷ്ടമായ ആകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നു. (അഹ്സന തഖ്‌വീം). തഖ്‌വീം എന്ന അറബി പദം മൂല്യ നിർണയം, ഉത്ഥാനം, കെട്ടിപ്പടുക്കൽ എന്നീ അർഥങ്ങളാണ് കുറിക്കുന്നത്. അഹ്സൻ എന്ന സർവോത്തമ രൂപം ഉപയോഗിച്ച് മനുഷ്യന്റെ ഉൽകൃഷ്ടമായ ഔന്നത്യത്തേയും ഉത്തമമൂല്യത്തേയുമാണ് സൂചിപ്പിക്കുന്നത്. ഇതിൽ മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ ഘടനകൾ ഉൾക്കൊള്ളുന്നുണ്ട്. ഖുർആനിൽ ആദം, ബശർ, ഇൻസാൻ എന്നിങ്ങനെ മൂന്ന് പദങ്ങളാണ് മനുഷ്യനെക്കുറിക്കാൻ ഉപയോഗിക്കുന്നത്. ജീവജാലം എന്നനിലക്കോ. സാമൂഹ്യ ജീവി എന്ന നിലക്കോഉള്ള മനുഷ്യന്റെ ഉദ്ഭവത്തെ കുറിക്കാനാണ് ഖുർആൻ ബശ്ർ, ഇൻസാൻ എന്നീപദങ്ങൾ ഉപയോഗിക്കുന്നത്. ആദം എന്നത് ഒരു പ്രത്യേക വ്യക്തിനാമം എന്നതിലുപരി ഒരു കൺസപ്റ്റ് അഥവാ സങ്കൽപ്പം എന്ന നിലക്കാണ് കൂടുതൽ ഉപയോഗിച്ചിരിക്കുന്നത്. ഭൂമിയിലുള്ള ദൈവത്തിന്റെ പ്രതിനിധി എന്ന നിലക്ക് മനുഷ്യനെ കുറിക്കാൻ മാത്രം കരുതിവെക്കപ്പെട്ട പദമാണിത്. ആത്മീയ ബോധമുള്ള മനുഷ്യസമുദായത്തിന്റെ ചിഹ്നം ആയാണ് ഖുർആൻ ആദം എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. ഖുർആനികാടിസ്ഥാനത്തിൽ, കൃത്യമായ രൂപത്തിൽ ആദമിനെ സൃഷ്ടിച്ച ശേഷം മനുഷ്യനിൽ ദൈവം തന്റെ ആത്മാവിനെ (റൂഹ്) ഊതി(നഫഖ). ഇങ്ങനെ ആത്മാവിനെ ഊതിയത് അവനെ ഒരു പ്രത്യേക ജീവിവർഗമാക്കി മാറ്റി. എത്രമാത്രമെന്നാൽ മാലാഖമാർ പോലും അവരുടെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കാൻ കൽപ്പിക്കപെട്ടു. ഈ ഒരു ഊത്താണ് ഇതര ജീവികളിൽ നിന്നും മനുഷ്യനെ വ്യതിരിക്തനാക്കുന്നത് ഈ പ്രവർത്തിയാണ് നന്മതിന്മകളെ വേർതിരിച്ചറിയാനുള്ള കഴിവും യുക്തി ബോധവും സംസാരിക്കാനുള്ള പാടവവും അവനു നൽകിയത്. അവന് നൽകപെട്ടിരിക്കുന്ന അറിവാകുന്ന അനുഗ്രഹം മറ്റു സൃഷ്ടികളോട് അവനുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു. പ്രകൃതിക്ക് ഏറ്റവും കുറഞ്ഞ രീതിയിൽ മാത്രം ദോഷം വരുന്ന വിധത്തിൽ നാം നമ്മുടെ ശാസ്ത്ര സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിലൂടെ മാത്രമേ ഇതു സാധ്യമാവൂ.

മാർഗനിർദേശത്തിനായി അവരെ സൃഷ്ടിക്കപ്പെട്ട രീതിയിലേക്ക് തന്നെ തിരിയാനാണ് ഖുർആൻ ഉപദേശിക്കുന്നത്. മനുഷ്യന്റെ മൂലപ്രകൃതിക്കു മാത്രമേ (ഫിത്റ) അവരെ ശരിയായ രീതിയിലേക്ക് നയിക്കാൻ കഴിയൂ. മൂലപ്രകൃതിയിൽ മനുഷ്യൻ നിഷ്കളങ്കനും ശുദ്ധനും സത്യസന്ധനും സ്വതന്ത്രനും നന്മയിലേക്കും പുണ്യത്തിലേക്കും ചായ്‌വുള്ളവനും പ്രപഞ്ചത്തിലെ തന്റെ സ്ഥാനത്തെക്കുറിച്ചും അല്ലാഹുവിന്റെ നന്മയെക്കുറിച്ചും ശരിയാം വണ്ണം പഠിപ്പിക്കപെട്ടവനുമാണ്. അല്ലെങ്കിൽ ദൈവം മനുഷ്യനെ നന്മയോടനുകൂലമായും തിന്മയോട് പ്രതികൂലമായതുമായ പ്രവണതയോടുകൂടിയാണ് സൃഷ്ടിച്ചിട്ടിട്ടുള്ളത്. പ്രകൃത്യാലുള്ള ഈ പൊതു ചായ്‌വ് ജീവിതത്തിന്റെ എല്ലാ തുറകളിലും നന്മയുടെ അഭിവൃദ്ധിയും തിന്മയുടെ ഉന്മൂലനവും ആവശ്യപ്പെടുന്നു. ആയതിനാൽ ഫിത്റ ഒരു സദാചാര-ധാർമിക ബോധത്തെയാണ് ധ്വനിപ്പിക്കുന്നത്. അങ്ങനെ മനുഷ്യൻ അതിനെ തന്റെ പരിപൂർണ ബോധത്തിൽ ഉപയോഗിക്കുകയാണെങ്കിൽ മനുഷ്യന് ജീവിതത്തിന്റെ വ്യത്യസ്ത വശങ്ങളെ ഒരു സൗഹാർദ സംതുലിതാവസ്ഥയിൽ സംഘടിപ്പിക്കാൻ കഴിയും. ഇങ്ങനെ പൊരുത്തമുള്ള അവസ്ഥയിൽ പ്രകൃതിയുമായുള്ള ശരിയായ ബന്ധവും ഉൾക്കൊള്ളുന്നു, ഫിതറയുടെ ഈ സിദ്ധാന്തം എല്ലാ സൃഷ്ടിജാലങ്ങളും തമ്മിലുള്ള ബന്ധത്തെ പൂർണമായും മനസ്സിലാക്കി ജീവിക്കണമെന്ന് പരിസ്ഥിതി ഗവേഷകരുയർത്തുന്ന വെല്ലുവിളികളുടെ അടിസ്ഥാനത്തിൽ സുപ്രധാനമാണ്.

**മനുഷ്യൻ ഖലീഫ എന്ന നിലയിൽ**

ഖലീഫ യെന്നാൽ ഏതെങ്കിലും ഒരു കാര്യത്തിൽ ഒരാളാൽ അനുനയിക്കപ്പെടുന്നയാൾ എന്നാണ് അല്ലെങ്കിൽ അയാൾക്ക് ശേഷം ആ സ്ഥാനം സ്വീകരിക്കുന്നയാൾ എന്നാണ്. അതായത് ഒരു ഭരണാധികാരി അയാൾ തനിക്ക് മുമ്പുള്ള വ്യക്തിക്ക് പകരക്കാരനായോ പ്രവർത്തികളിൽ അയാളുടെ സ്ഥാനം സ്വീകരിക്കുകയോ ചെയ്യപ്പെടുന്നയാൾ, അല്ലെങ്കിൽ അയാളുടെ അനന്തരാവകാശി (ഖ്‌ലഫ്) ആയതിനാൽ അയാളെ ഖലീഫ എന്ന് വിളിക്കുന്നു. മനുഷ്യരാണ് ഭൂമിലെ ദൈവത്തിന്റെ പ്രതിനിധികൾ എന്ന് അഭിപ്രായപ്പെടുന്ന പല ചിന്തകരുമുണ്ട്.

ദൈവത്തെ പിന്തുടരുകയും പകരം

വെക്കുകയും ചെയ്യുക എന്ന അർഥത്തിലല്ല ദൈവത്തിന്റെ പ്രതിനിധിയെന്ന് മനുഷ്യൻ വിശേഷിപ്പിക്കപ്പെടുന്നത്. മറിച്ച് ദൈവം എല്ലാറ്റിനെയും മനുഷ്യന് അധീനപ്പെടുത്തുകയും സ്വന്തമായി തീരുമാനങ്ങളെടുക്കാനുള്ള സ്വാതന്ത്ര്യവും വിജ്ഞാനവും നന്മയോടുള്ള ചായ്‌വും നൽകി അനുഗ്രഹിച്ചതിനാലാണിത്. ഈ അനുഗ്രങ്ങൾ മറ്റു സൃഷ്ടികളുടെ കാര്യത്തിൽ മനുഷ്യന്റെ ഉത്തരവാദിത്വം കൂട്ടുന്നു. ഈ അധികാരത്തേയും ഉത്തരവാദിത്വത്തെയുമാണ് ദൈവിക പിന്തുണയുള്ള പ്രാതിനിധ്യം എന്ന് പറയുന്നത്. ഇതിലൂടെ സൂചിപ്പിക്കപ്പെടുന്നത് ചൂഷണമല്ല. വിവേകപൂർണമായ ഉപയോഗമാണ്.

ഖലീഫ എന്ന നിലക്ക് മനുഷ്യൻ ഒരിക്കലും തന്നെ സൃഷ്ടികളുടെ ഉടമസ്ഥനോ അവകാശിയോ അല്ല. ദൈവമാണ് എല്ലാറ്റിന്റേയും ഉടമസ്ഥൻ. എല്ലാ സൃഷ്ടികളും അവന്റെതത്രെ. മനുഷ്യർ ദൈവത്തിന്റെ പ്രതിനിധികളും ദാസന്മാരുമാണ്. മനുഷ്യൻ ഖലീഫ എന്ന തങ്ങളുടെ അധികാരത്തെ ദൈവത്തിന്റെ ദാസന്മാർ എന്ന പരിധിക്കുള്ളിൽ നിലകൊണ്ട് മാത്രമേ ഉപയോഗിക്കാവൂ. ദൈവത്തിന്റെനിയമങ്ങളും കൽപ്പനകളും മാനിച്ചു കൊണ്ടുള്ള ദാസത്വം സ്വീകരിക്കാത്ത ഒരു മനുഷ്യ സമുദായത്തിന്റെ പ്രാതിനിധ്യാധികാരം പോലെ പ്രകൃതിയേയും പരിസ്ഥിതിയേയും അപകടാവസ്ഥയിലാക്കുന്ന മറ്റൊന്നുമില്ല. അതിനാൽ മനുഷ്യന്റെ പ്രാതിനിധ്യാവകാശം ദൈവത്തിന്റെ പരമാധികാരത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് മനസ്സിലാക്കേണ്ടത്.

**ഉപസംഹാരം**

എല്ലാം കൃത്യമായ അളവിൽ മാത്രമാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത് എന്നതിനാൽ ഓരോ സൃഷ്ടിപ്പിനു പിറകിലും വ്യക്തമായ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളുമുണ്ട്. സൃഷ്ടിപ്പിനുള്ള മൊത്തത്തിലുള്ള രൂപരേഖയിൽ ഓരോ ജീവി വർഗത്തിനും അതിന്റേതായ പ്രാധാന്യമുണ്ട്. അങ്ങനെ എല്ലാം തമ്മിൽ ബന്ധപ്പെട്ടുകിടക്കുന്നതും പ്രപഞ്ചത്തിൽ മൊത്തത്തിലുള്ള നിലനിൽപ്പിന് മുതൽകൂട്ടുമാണ്. ഏതെങ്കിലും ഒരു വംശം നശിപ്പിക്കപ്പെട്ടാൽ അതു മുഴുവൻ സൃഷ്ടിയേയും ബാധിക്കുകയും സന്തുലനം താറുമാറാകുകയും ചെയ്യും. ഒരോ സൃഷ്ടിയും സംരക്ഷിക്കപ്പെടണമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. മനുഷ്യേതര സൃഷ്ടികൾ ദൈവത്തെ നിരന്തരം വാഴ്ത്തികൊണ്ടിരിക്കുന്നുവെന്ന് നാം കണ്ടു. ദൈവത്തിന്റെ ചിഹ്നങ്ങൾ എന്ന നിലക്ക് അത് ദൈവത്തെ പ്രകടമാക്കുകയും മുസ്‌ലിം എന്ന അവസ്ഥയിൽ നിൽക്കുന്നത് കൊണ്ട് ദൈവേച്ഛയെ പരിപൂർണമായും അനുസരിക്കുകയും ചെയ്യുന്നു. ആത്മീയമായ യാത്രയിൽ അവ മനുഷ്യനെ സഹായിച്ചു കൊണ്ട് പവിത്രമായ പ്രവർത്തികളുടെ ഭാഗമാക്കുന്നു. അവയെ സമൂഹവുമായി സൃഷ്ടിച്ചതിലൂടെ മനുഷ്യ സമുദായത്തിന്റെ കാര്യത്തിലെന്നപോലെ അവയുടെ ജീവന്റെ ആവശ്യലബ്ധിയുടെ കാര്യത്തിലും തുല്യമായ ശ്രദ്ധ പതിപ്പിക്കുന്നു. അങ്ങനെ എല്ലാ മനുഷ്യേതര സൃഷ്ടികൾക്കും അതിന്റേതായ സ്ഥാനമുണ്ട്.

ദൈവം തന്നെയാണ് ഉപകാരത്തിനും നന്മക്കുമായി എല്ലാറ്റിനെയും കീഴ്‌വഴക്കത്തിലാക്കിയതെന്നും നാം നേരത്തേ കണ്ടു. മനുഷ്യേതര സൃഷ്ടിയുടെ ഈ വഴക്കങ്ങളും സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തിന്റെ ഭാഗമാണ്. അതിനാൽ ഈ കീഴ്‌വഴക്കം അവയെ അധീശപ്പെടുത്തി ചൂഷണം ചെയ്യാനുള്ള അവകാശമായി കണക്കാക്കാൻ കഴിയില്ല. അധീശത്വം സൃഷ്ടിയുടെ ഉദ്ദേശ്യത്തിൽ നിന്ന് വിപരീതമായാണ് നിൽക്കുന്നത്. മൂല പ്രകൃതിയിൽ മനുഷ്യന് നന്മക്കനുകൂലവും തിന്മക്ക് പ്രതികൂലവുമായ ഒരു ചായ്‌വുമുണ്ടെന്ന് നാം കണ്ടതാണ്. പാരിസ്ഥിതിക പ്രതിസന്ധിക്കിടയിൽ മനുഷ്യർക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും നല്ലകാര്യം മറ്റു ജീവികളുമൊന്നിച്ചുള്ള സൗഹാർദപരമായ അതിജീവനമാണ്. സൃഷ്ടികർത്താവ് ദൈവമായതിനാൽ സൃഷ്ടികളിൽ ഒന്ന് എന്ന നിലക്ക് ദൈവത്തിലൂടെയല്ലാതെ മനുഷ്യർക്ക് മറ്റുജീവജാലങ്ങളുടെ മേൽ ഒരധികാരവുമില്ല. ഇനി പുന സൃഷ്ടിയിലൂടെ ദൈവം സൃഷ്ടിപ്പ് തുടരുകയാണെങ്കിൽ പോലും ഇതര സൃഷ്ടികളെ ദുരുപയോഗപ്പെടുത്താനും നശിപ്പിക്കാനുമുള്ള അധികാരം ദൈവം മനുഷ്യനു നൽകിയെന്നു ചിന്തിക്കാനുള്ള ഒരു സാധ്യതയുമില്ല. പ്രാതിനിധ്യം ഒരിക്കലും മനുഷ്യനെ സൃഷ്ടിയുടെ അവകാശികളോ ഉടമസ്ഥരോ ആക്കുന്നില്ല.. ദൈവത്തിന്റെ പ്രതിനിധികൾ എന്ന നിലക്ക് സൃഷ്ടികളെ സംരക്ഷിക്കേണ്ടതും ദൈവത്തിന്റെ പുനസൃഷ്ടിപ്പിൽ ഭാഗഭാക്കാകേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. സൃഷ്ടികൾ ഒന്നായി നശിച്ചൊടുങ്ങുമ്പോൾ നമുക്ക് വെറുതെ കൈയും കെട്ടി നോക്കിയിരിക്കാനാവില്ലെങ്കിൽ സൃഷ്ടിപ്പിന് നാശംവരുന്ന എല്ലാ തിന്മകളേയും നാം നിർമാർജനം ചെയ്തേ പറ്റൂ.

ഒരു മത ശാസ്ത്ര പഠന വിദ്യാർഥി എന്ന നിലക്ക് വിവിധ മതപാരമ്പര്യങ്ങളുടെ പരിപ്രേക്ഷ്യത്തിൽ പാരിസ്ഥിതിക പ്രതിസന്ധിയോടുള്ള നിരവധിപ്രതികരണങ്ങൾ നേരത്തെ തന്നെ നൽകിയിട്ടുണ്ടെന്നും ഇവിടെ പറഞ്ഞു കൊള്ളട്ടെ.

ഇത്തരം പ്രതികരണങ്ങളുടെ മതപരവും തത്വജ്ഞാനപരവുമായ അടിസ്ഥാനങ്ങൾ വ്യത്യസ്തമാണെങ്കിലും നമ്മുടെ വീടിനെ(ഭൂമി) ക്കുറിച്ച് വർദ്ധിച്ചു കൊണ്ടിരിക്കുന്ന അവബോധം ഇവയിലെല്ലാം ഒരു പോലെ കാണാൻ കഴിയും. ഇത് പാരിസ്ഥിതികാശങ്കകളുടെ മതപരവും ദാർശനികവുമായ വിവിധ അടിസ്ഥാന ങ്ങൾ കണ്ടെത്താനുള്ള, മത പാരമ്പര്യങ്ങൾ തമ്മിലുള്ള സംവാദങ്ങളിലേക്ക് നമ്മെ വീണ്ടും കൊണ്ടെത്തിക്കും. പാരിസ്ഥിതിക പ്രതിസന്ധികളോട് പ്രതികരിക്കാനായി നാം നേരത്തെ കണ്ടെത്തിയ അടിസ്ഥാനങ്ങളേക്കാൾ ഉപരിയായി പുതിയ തലങ്ങൾ തേടി നമ്മുടെ തന്നെ മതപാരമ്പര്യങ്ങളിലേക്ക് കൂടുതൽ ആഴ്ന്നിറങ്ങുന്നത് നമ്മെ വളരെയേറെ സഹായിക്കും. വിവിധ മത പാരമ്പര്യങ്ങൾ തമ്മിലുള്ള ചർച്ചകൾ മറ്റു ജീവജാലങ്ങളോടൊത്തുള്ള സമാധാനപരമായ ജീവിതത്തിൽ മാത്രമല്ല ഇതര മതവിശ്വാസികളുടെ കൂടെയുള്ള സൗഹാർദപരമായ ജീവിതത്തിനും നമ്മെ സഹായിക്കും. അങ്ങനെ പരിസ്ഥിതിപരമായ ചർച്ചകൾ പുതിയൊരു ജീവിതശൈലിയിലേക്ക് തന്നെ നമ്മെ എത്തിക്കും.

അതിനാൽ ഇത് ഇതര സൃഷ്ടിയുടെ മേലുള്ള അധീശത്വത്തെ ന്യായീകരിക്കുന്നില്ല. അങ്ങനെ ദൈവത്തിന്റെ സൃഷ്ടിയെ വികലപ്പെടുത്തുകയും തകരാറിലാക്കുകയും ചെയ്യുന്ന ആദർശങ്ങളുടെയും മൂല്യങ്ങളുടെയും ജീവിത ശൈലിയെയും ഇങ്ങനെ നാം ആർജിക്കുന്ന ആത്മീയത ചെറുക്കുന്നു. സൃഷ്ടി വ്യവസ്ഥയിലൽ അന്തർലീനമായ ന്യായം, സ്വാതന്ത്ര്യം, ജീവിതം എന്നിവയെ ഉയർത്തിക്കാട്ടുന്നതിലും ഈ ആത്മീയത കാര്യക്ഷമമായി സഹകരിക്കുന്നു.

വിവ: മൗലവി ആരിഫ് മുഹമ്മദ്. ബി. എ.



# അഹ്മദികൾ മുസ്‌ലിംകൾ തന്നെ

ജസ്റ്റിസ് വി. ആർ കൃഷ്ണയ്യർ





അഹ്മദി ആയതിന്റെ പേരിൽ മതമുപേക്ഷിച്ചവനായി പ്രഖ്യാപിച്ച് ഏകപക്ഷീയമായി വിവാഹ മോചനം നടപ്പാക്കിയ ഖാസിയുടെ വിധിക്കെതിരരെ 1971 ൽ കേരളാ ഹൈക്കോടതി ജഡ്ജിയായിരുന്ന ബഹുമാനപ്പെട്ട ജസ്റ്റിസ് കൃഷ്ണയ്യരുടെ കോടതി വിധി

Looking at the issue devoid of sentiment and passion and in the cold light of the law I have no hesitate to hold that the Ahmadiyya sect is of Islam and not alien.

ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ vs അഹ്മദ് കോയ 1971 K.L.T. 68.(Cri. R.P. 477 of 1970. decided on 8th december 1970)

മുഹമ്മദീയ്യ നിയമം-അഹ്മദിയ്യാ മാർഗം സ്വീകരിച്ച ഒരാൾ മുസ്‌ലിം അല്ലാതായി തീരുമോ ? ഭർത്താവ് അഹ്മദിയ്യാ മാർഗം സ്വീകരിച്ചതിനാൽ വിവാഹ ബന്ധം മുറിയലിന്റെ നിയമാനുസാരിത്വം. (Leagality)

ഒരുഅഹ്മദിയെ അവിശ്വാസിയാക്കിമാറ്റുന്ന നിർണായക ഘടകം ഒരു കോടതിയുടെ യുക്തിപരമായ പരിശോധനക്ക് വിധേയമാക്കാവുന്നതല്ല. എന്തുകൊണ്ടന്നാൽ ഒരു മതപരമായ വാദത്തിന്റെ സത്യാസത്യത്തെ നിർണയിക്കുക ജഡ്ജിമാരുടെ പണിയല്ല.

ദൈവത്തിന്റെ ഏകത്വത്തെ (തൗഹീദ്) അംഗീകരിക്കാതിരിക്കുക എന്നതിനേക്കാൾ വെറുക്കപ്പെട്ടതായി ഇസ്‌ലാമിൽ മറ്റൊന്നും തന്നെയില്ല.

ദൈവം ഏകനാണെന്ന വാദം അഹ്മദികൾ ദൈവത്തെ ആണയിട്ടു ഏറ്റുപറയുന്നു. അത് കൊണ്ട് അവരെ ഈ നിലക്ക് അവിശ്വാസിയാക്കി തള്ളാൻ പറ്റില്ല. അഹ്മദിന്റെ അടിസ്ഥാനാദ്ധ്യാപനങ്ങൾ അഹ്മദികൾ അവിശ്വാസികൾ(കാഫർ)ആണെന്ന നെടിയ വാദ കോലാഹലങ്ങൾക്കൊന്നും ഇടം നൽകുന്നില്ല. വിശ്വാസപരമായ ഉദാര വാദങ്ങളും മതയാഥാസ്തിതികത്വത്തിന് വിലക്ക് കൽപ്പിക്കുന്നുണ്ടാകാം പക്ഷേ കോടതി നോക്കുന്നത് അത്തരം മതപരമായ കാര്യങ്ങൾ ഒരാളുടെ പൗരാവകാശങ്ങളെയും പദവികളേയും അത് എങ്ങനെ ബാധിക്കുന്നു എന്നത് സംബന്ധിച്ചു മാത്രമാണ്. അങ്ങനെ വരുമ്പോൾ മതതത്ത്വങ്ങളുടെ വിവാദ നൂലാമാലകളിൽ കുരുങ്ങിക്കിടക്കാൻ കോടതിക്ക് സാധിക്കുകയില്ല. മത സഭയോ വിശ്വാസ സംഹിതയോ രൂപീകരിപ്പെട്ട മത സമൂഹങ്ങളുടെ അടിസ്ഥാനപരമായ പ്രത്യേകതകളുടെ പരിശോധനയുമായി മുന്നോട്ടു പോവേണ്ടിവരും. അതിന്റെ കഴമ്പിനെ സ്പർശിക്കുന്ന സവിശേഷതകളിലും തനതായ പ്രത്യേകഭാവത്തിലും ആണ് സംഘടനാബന്ധം നിലകൊള്ളുന്നത്. വികാരവും ആവേശവും മാറ്റി വെച്ചു കൊണ്ടും നിയമത്തിന്റെ നേർ വെളിച്ചത്തിൽ, പ്രശ്നത്തിലേക്ക് നോക്കുകയാണെങ്കിൽ അഹ്മദിയ്യാ വിഭാഗം ഇസ്ലാമിൽപെട്ടത് തന്നെ യെന്നും പുറത്തായതെല്ലെന്നും സമ്മതിക്കേണ്ടിവരും. ആകയാൽ ഈ കേസിൽ ഭർത്താവിന്റെ മതപരിത്യാഗത്തിന്റെ ഉപോൽപ്പന്നമെന്നനിലയിൽ വിവാഹ ബന്ധം വേർപ്പെട്ടതായി അംഗീകരിച്ചു കൂടാത്തതാണ്. ഓരോ മതത്തിലേയും ചെറുതരം ഭിന്നാഭിപ്രായങ്ങളെ സമുദായത്തിലെ ഒരു വിഭാഗത്തിൽ വമ്പിച്ച കമ്പനങ്ങളുണ്ടാക്കിയെന്നു വന്നാലും വലിയ മതവിശ്വാസ പരിത്യാഗമായി കണക്കാക്കാൻ സാദ്ധ്യമല്ല.

71 ha1.c 65;1LR 7 All. 461; 12ALL. 494;14 Lah, 518;37 1. c.302. Relied on penalcode (1860) S. 494 Provision cannot be evaded by pleading Islam.

the indian penal code which prohibited bigamy cannot be evaded by pleading Islam unless founded on some exemption recognised by the law.

വി.ഖാലിദ്, എം.എ.കുഞ്ഞു
(ഹർജിക്കാരന്വേണ്ടി)

പബ്ലിക്ക് പ്രോസിക്യൂട്ടർ
(സംസ്ഥാന സർക്കാറിനുവേണ്ടി)

### വിധിന്യായം

ആരാണ് മുസ്ലിം ? ഈ ക്രിമിനൽ റിവിഷൻ പെറ്റീഷനിലെ ഹർജിക്കാരനും 1969 ലെ സി.സി ഇരുപതാം നമ്പർ കേസ്സിലെ നാലാം പ്രതിയുമായ ഖാസിക്കു വേണ്ടി ഇസ്ലാമിക പാണ്ഡിത്യത്തോടെ അസാധാരണമായ മത നിരാസ പ്രശ്നത്തിൽ വക്കീൽ വാദമുന്നയിച്ചിരിക്കുകയാണ് . മതം എന്നത് യുക്തിക്കു വഴങ്ങുന്ന ഒന്നല്ല. മതധർമപരമായ പ്രശ്നങ്ങൾ മതേതര ക്കോടതികളിൽ തീരുമാനിക്കപ്പെടാവുന്നതുമല്ല. അത്കൊണ്ട് എന്റെ കർത്തവ്യവും എന്റെ അധികാരവും പരിമിതമാണെന്നതുപോലെ അമ്പരപ്പുണ്ടാക്കുന്നതുമത്രേ. അങ്ങനെയിരിക്കിലും നാട്ടിലെ പൊതുനിയമം ചില പെരുമാറ്റ ചട്ടങ്ങൾ ഉണ്ടാക്കിവെച്ചിട്ടുണ്ട്. മത പണ്ഡിതന്മാരെയും സാധാരണക്കാരെയും ഒരുപോലെ അത് ബന്ധിപ്പിക്കുകയും ചെയ്യുന്നു. ദ്വിഭാര്യത്വത്തെ (Bigamy) നിരോധിക്കുന്ന നിയമത്തിൽ അംഗീകരിക്കപ്പെട്ട ചില ഒഴിവു കഴിവുകളിൽ അധിഷ്ഠിതമല്ലാത്ത പക്ഷം, ഇസ്ലാമിന്റെ ഭാഗം വാദിച്ചു കൊണ്ട് ഇന്ത്യൻ ശിക്ഷാ നിയമത്തെ മറികടക്കാനാവില്ല. ഒരു മുസ്ലിം സ്ത്രീയെ അവളുടെ ആദ്യവിവാഹം നിലവിലിരിക്കെ രണ്ടാം വിവാഹത്തിന് പ്രേരിപ്പിച്ചു എന്ന കുറ്റം ഇവിടെ ഖാസിയുടെ (നാലാംപ്രതി) മേൽ ചുമത്തപ്പെട്ടിരിക്കുകയാണ്. ഒരു മുസ്ലിം പുരുഷൻ എന്തൊക്കെ സ്വാതന്ത്ര്യങ്ങൾ അവകാശപ്പെട്ടാലും മിക്ക പരിഷ്ക്കൃത ജനതകളിലും നന്മയായി അംഗീകരിച്ചിട്ടുള്ളത് ഏകഭാര്യത്വനിയമമാണ്. എന്നാൽ ഖുർആനും വിശുദ്ധ നബിയും അന്തിമ വിധിയാണെന്നു വിശ്വസിക്കുന്ന ഖാസി അന്യായക്കാരന്റെ മേൽ മതനിരാസം ആരോപിച്ചുകൊണ്ട് താൻ നിരപരാധിയാണെന്ന് വാദിക്കുകയാണ്. ഇതിനെ തുടർന്നാണ് ഒന്നാം പ്രതിയുടെ തദനുസൃതമായ വിവാഹ മോചനവും!

2 വസ്തുതകൾ അധികമൊന്നുമില്ല. അധികൃതർ നിയമം നടപ്പാക്കുകയും ചെയ്തു. എന്നിട്ടും ന്യായവാദങ്ങൾ നീണ്ടതായിരിക്കുന്നു. അത് പോലെ തന്നെ വിധിന്യായവും. പ്രോസിക്യൂഷൻ ഒന്നാം സാക്ഷി 1962 ൽ 1-ാം പ്രതിയെ വിവാഹം ചെയ്തു എന്നു സമ്മതിക്കുന്നുണ്ട്. അവർ തമ്മിൽ ആചാരപരമായ വിവാഹ മോചനം നടന്നിട്ടില്ലതാനും. എന്നാൽ അന്യായ ഭാഗം ഒന്നാം സാക്ഷി സംശയാതീതമായി അഹ്മദിയ്യാ മാർഗം സ്വീകരിച്ചിരിക്കയാൽ മുസ്ലിം അല്ലാതായി തീർന്നു എന്നു വിശ്വസിച്ചുറപ്പിക്കുകയാണുണ്ടായത്! ഈ മത നിരാസം അയാളെ അന്യവൽക്കരിച്ചിരിക്കയാണെന്നും ഒന്നാം പ്രതിയുമായുള്ള ദാമ്പത്യബന്ധം താനെ മുറിഞ്ഞു പോയിരിക്കയാണെന്നും അക്കാരണത്താൽ രണ്ടാം വിവാഹം നടത്തിച്ചു കൊടുത്ത ഖാസി രണ്ടാം വിവാഹത്തിന് പ്രേരിപ്പിച്ചു എന്നതിൽ കുറ്റക്കാരനാകുന്നില്ല എന്നും ആണ് വാദം. പ്രതികൾ എല്ലാവരുടേയും പേരിലും മജിസ്ട്രേട്ട് കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ ക്രിമിനൽ റിവിഷൻ ഹരജിയിൽ നാലാം പ്രതി മാത്രമേ കുറ്റപത്രത്തെ ചോദ്യം ചെയ്യാൻ മുതിർന്നിട്ടുള്ളൂ. പ്രോസിക്യൂഷൻ ഒന്നാം സാക്ഷിയും ഒന്നാം പ്രതിയുമായുള്ള വിവാഹ മോചനം നടന്നതായി തനിക്ക് ഉത്തമ വിശ്വാസം ഉണ്ടായിരുന്നു എന്ന മറ്റൊരു ദുർബല വാദം കൂടി ഖാസിയുടെ വക്കീൽ ഉന്നയിച്ചിട്ടുണ്ടെന്നും ഏടുത്തു പറയേണ്ടതുണ്ട്. എന്നാൽ മുഴുവൻ വസ്തുതകളും എടുത്തുപറയേണ്ടതുണ്ട്. മുഴുവൻ വസ്തുതകളും വച്ചു നോക്കുമ്പോൾ അഹ്മദികളെ സംബന്ധിച്ച് തർക്കങ്ങളിൽ പ്രതി വഹിച്ച പങ്കും, ഉത്തമ വിശ്വാസത്തെ നിരപരാധിത്തത്തിനുള്ള വസ്തുതാഘടകങ്ങളായി കോടതിയിൽ ബോധിപ്പിച്ചതിനെ പിന്നീട് തിരസ്ക്കരിച്ചു കൊണ്ടു തന്നെ പ്രതിഭാഗം വാദങ്ങൾ താനെ തകർത്തിരിക്കുന്നു. ഏതായാലും ഇവിടെ അത് സംബന്ധിച്ചൊന്നും പറയുന്നില്ല. ആകയാൽ മുസ്ലിം ആയി ജനിച്ച ഒരാൾ അഹ്മദിയ്യാ വിഭാഗത്തിൽ ( ഈ കക്ഷിയെ സംബന്ധിച്ച് മറ്റൊരു നാമരൂപമായ ഖാദിയാനി എന്നതു പ്രസ്ഥാന സ്ഥാപകരുടെ ജന്മസ്ഥലവുമായി ബന്ധിപ്പിച്ചു കൊണ്ടുണ്ടായതാണ്.) അംഗമാകുന്നതോടെ, അന്യായക്കാരന് വേണ്ടി ശ്രീ ഖാലിദ് വാദിക്കുന്നത് പോലെ താനേ മുസ്ലിം അല്ലാതായി തീരുമോ എന്നുള്ള സുപ്രധാനമായ പ്രശ്നത്തിൽ മാത്രമേ എനിക്ക് താൽപ്പര്യമുള്ളൂ.

3. ഒരു അഹ്മദിയെ അവിശ്വാസി (അത്തരത്തിൽ ഒരു വാക്ക് പ്രയോഗിക്കാമെങ്കിൽ ) ആക്കി തീർക്കുന്ന വിധി നിർണായകമായ വസ്തുതാഘടകം കോടതിയിൽ യുക്തിപരമായ വിചാര

ണക്ക് വിധേയമാക്കപ്പെട്ടു കൂടാത്തതാണ്. എന്തുകൊണ്ടെന്നാൽ മതപരമായ തർക്കത്തിൽ സത്യാസത്യങ്ങൾ തീരുമാനിക്കേണ്ടത് ഒരു ജഡ്ജിയുടെ പണിയല്ല. അമേരിക്കയിലെ യുണൈറ്റഡ് സ്റ്റേറ്റ്സ്-ബല്ലാർഡ് കേസിൽ (322 യു. എസ്സ്.78)ജസ്റ്റിസ് ഡഗ്ലസ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി. തങ്ങൾക്ക് തെളിയിക്കാനാകാത്തതിൽ ആളുകൾ അവിശ്വസിച്ചെന്നു വരാം. തങ്ങളുടെ മതപരമായ സിദ്ധാന്തങ്ങളും വിശ്വാസങ്ങളും അവർ തെളിയിച്ചു കാട്ടണമെന്നില്ല. ജീവിതം പോലെ ചിലർക്ക് യാഥാർഥ്യമായിരിക്കുന്ന മതപരമായ അനുഭവങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നുവരാം!.

അതുകൊണ്ടാണ്, യുക്തിയുടെ തലനാരു ചീന്തുന്ന വാദങ്ങൾ ഉന്നയിക്കുന്നതിൽ നിന്ന് ഞാൻ മാറിനിൽക്കുന്നത്. എന്നാൽ സമുദായത്തിന്റെ സാർവത്രികമായ സ്വീകാരത്തിന്റെ അടിസ്ഥാനത്തിലും മുൻ കാലങ്ങളിൽ നിയമ ക്കോടതികളിൽ അതുറപ്പിച്ചതിനെ മുൻനിർത്തിയും ഇതിന്റെ യാഥാർഥ്യത്തെ പരിശോധിച്ചുകൊള്ളട്ടെ.

4. പ്രവാചകന്മാരും അവതാര പുരുഷന്മാരും ചിലർ പൂർണമായും ചിലർ ഭാഗികമായും തങ്ങൾക്ക് ദിവ്യ വെളിപാടുകൾ ലഭിച്ചതായി വാദിക്കുകയും ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളിൽ അത്തരം ആളുകൾ ദൈവത്തിന്റെ സന്ദേശങ്ങൾ കേൾപ്പിക്കുകയും ചെയ്തുപോന്നിട്ടുണ്ട്. ഭാഗ്യവശാൽ ലോകത്തിലെ മഹാമതങ്ങൾ, മനുഷ്യ സമൂഹത്തിന് പൊതുവേയുള്ള അടിസ്ഥാന തത്ത്വങ്ങൾ പ്രഘോഷിച്ചിരിക്കയാണ്. അങ്ങനെയാണെങ്കിൽ മൗലികമായ ഉപദേശങ്ങൾ അവയുടേതായ ശബ്ദശൈലിയിൽ വ്യത്യാസപ്പെട്ടവരാകുന്നു. ഓരോ മതത്തിനും സ്വന്തമായ പ്രമാണങ്ങളും സിദ്ധാന്തങ്ങളും പുണ്യഗ്രന്ഥവുമുണ്ട്. അതുവഴി അവർ പ്രത്യേകമായ ഭാവങ്ങൾ ഉറപ്പിക്കുന്നു. ഒരാൾ മുസ്ലിമാണോ അഥവാ ഒരു മതപരിത്യാഗിയായി മുദ്ര കുത്തപ്പെടേണ്ട വിധം ഒരാൾ ഇസ്ലാമിൽ നിന്നും അത്രയേറെ വ്യതിചലിച്ചു പോയിരിക്കുന്നുവോ എന്നു തീർച്ചപ്പെടുത്തുന്നതിന് ഇസ്ലാമിന്റെ വ്യക്തിത്വവും അതിന്റെ പ്രധാനമായ ഉപദേശങ്ങളുടെ സ്വീകാര്യവും വ്യക്തമായി വേർതിരിച്ചറിയേണ്ടിയിരിക്കുന്നു. മത വിവാദങ്ങൾ നടക്കുകയും മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെ പ്രവണതകൾ വ്യക്തമായി പ്രത്യക്ഷപ്പെടുകയും ചെയ്യുമ്പോൾ ആളുകളെ തെരഞ്ഞുപിടിക്കലും പീഢനങ്ങളും ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ കുത്തകയൊന്നുമാകാറില്ല. യാഥാസ്ഥികത്വത്തിൽ നിന്നുള്ള ഓരോ വ്യതിയാനവും മതനിരാസമാകുന്നില്ല. അപ്പോൾ ഒരാളെ മുസ്ലിമാക്കി തീർക്കുന്ന മതാശ്ലേഷണത്തിൽ ചോദ്യം ചെയ്യാനാവാത്ത അടിസ്ഥാനമെന്താണ്? ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം തന്നെയാണ് ആദ്യത്തേത് എന്ന കാര്യത്തിൽ സംശയമില്ല. പ്രവാചകൻ മക്കക്കാരോട് (എന്നാൽ മുഴുവൻ ലോകത്തേയും ഉദ്ദേശിച്ചുതന്നെ) പ്രബോധനം ചെയ്ത ദൈവ വാക്യത്തിന്റെ സന്ദേശത്തിലും ഇത് ഊന്നി പറഞ്ഞിട്ടുള്ളതാണ്.

ലോകത്തിന്റെ സ്രഷ്ടാവ് ഏകനാകുന്നു. മറ്റാരും ആരാധനക്ക് അർഹനല്ല. പ്രവാചകന്മാരും ആ ഏകനായ ദൈവത്തിലത്രെ വിശ്വസിച്ചത്. തങ്ങളുടെ അനുയായികൾക്ക് അവരങ്ങനെ പഠിപ്പിച്ചു കൊടുത്തു.

ഇത്മാത്രമല്ല പ്രവാചകന്റെ സന്ദേശം എങ്കിലും ഇസ്ലാം മതത്തിന്റെ അടിസ്ഥാനം ഇത് തന്നെയാകുന്നു. ഒരു ചെറിയ സംഭവം ഇക്കാര്യം വ്യക്തമാക്കി തരുന്നുണ്ട്. ഇസ്ലാംമത പാഠങ്ങൾകാരണം മക്കത്തെ മൂപ്പന്മാർ രോഷാകുലരായി തീർന്നു. പ്രവാചകന്റെ പിതൃവ്യനായ അബൂത്ത്വാലിബിന്റെ അടുക്കൽ ഒരു നിവേദക സംഘമായി അവരെത്തി. അദ്ദേഹത്തോട് ഇപ്രകാരം ഉണർത്തിച്ചു.


താങ്കൾ ഞങ്ങളുടെ നേതാക്കളിലൊരാളാണ്. താങ്കൾക്ക് വേണ്ടിയാണ് താങ്കളുടെ മരുമകനെ ഞങ്ങൾ ഇതേവരെ വെറുതേവിട്ടത്. എന്നാൽ ഈ ദേശീയ വിപത്തിന് നമുക്കിടയിലുള്ള ഈ മഹാപ്രശ്നത്തിന് ഒരു അവസാനം കാണാനുള്ള സമയമെത്തിയിരിക്കുന്നു. ഞങ്ങളുടെ വിഗ്രഹങ്ങൾക്കെതിരെ സംസാരിക്കുന്നതിൽ നിന്ന് മുഹമ്മദിനെ തടയണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. ദൈവം ഏകനാണെന്ന് മുഹമ്മദ് പ്രഖ്യാപിച്ചുകൊള്ളട്ടെ! എന്നാൽ, ഞങ്ങളുടെ വിഗ്രഹങ്ങൾക്കെതിരെ ഒന്നും പറയരുത്. മുഹമ്മദ് ഇതിന് സമ്മതിക്കുന്ന പക്ഷം ഞങ്ങളും അദ്ദേഹവും തമ്മിലുള്ള തർക്കവും തീരും. അദ്ദേഹത്തെ അതിനായി പ്രേരിപ്പിക്കണമെന്ന് ഞങ്ങൾ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്കിതു ആവുകയില്ലെന്നാണെങ്കിൽ രണ്ടിലൊന്ന് നടക്കും. ഒന്നുകിൽ താങ്കൾക്ക് സഹോദര പുത്രനെ കൈവെടിയേണ്ടിവരും. അല്ലെങ്കിൽ ജനങ്ങൾക്ക് നിങ്ങളെ കൈവെടിയേണ്ടിവരും. (ഹിശാം)

എന്നാൽ പ്രവാചകൻ അവരോട് പറഞ്ഞ മഹത്തായ വാക്കുകൾ പിതൃവ്യന്റെ മനസ്സ് മാറ്റുകയും കണ്ണു തുറപ്പിക്കുകയും ചെയ്തു.

അങ്ങ് അങ്ങയുടെ ജനത്തെ കൈവെടിയണമെന്ന് ഞാൻ പറയുന്നില്ല. എന്നോടൊപ്പം നില്ക്കണമെന്നും ഞാൻ അങ്ങയോട് ആവശ്യപ്പെടുന്നില്ല. എന്നാൽ ഏകനായ ദൈവത്തെ ആണയിട്ടു കൊണ്ട് ഞാൻ പറയുന്നു. അവർ എന്റെ ഒരു കൈയിൽ സൂര്യനേയും മറു കൈയിൽ ചന്ദ്രനേയും വച്ചു തന്നാലും ഏകദൈവത്വം പ്രബോധിക്കുന്നതിൽ നിന്ന് ഈയുള്ളവൻ പിന്മാറുന്നതല്ല. മരണംവരെ ഞാനത് തുടരും. അങ്ങേക്ക് അങ്ങയുടെ ഇഷ്ടം പോലെ പ്രവർത്തിക്കാവുന്നതാണ്. (ഹിശാം, സർക്കാന)

ഈ വിവരണത്തിൽ നിന്ന് ഏക ദൈവത്വം -തൗഹീദ്- സ്വീകരിക്കാതിരിക്കുന്നതിനേക്കാൾ വെറുക്കത്തക്കതായി ഇസ്ലാമിൽ മറ്റൊന്നും തന്നെയില്ല എന്നു മനസ്സിലാവുന്നു. എന്നാൽ അഹ്മദികൾ അല്ലാഹു ഏകനാണെന്ന തത്ത്വത്തെ ആണയിട്ടുകൊണ്ട് സ്വീകരിക്കുന്നു എന്നതിനാൽ അവരെ ഈ രംഗത്ത് അവിശ്വാസികളായി തള്ളാനൊക്കുകയില്ല.

5. ഒരാളെ സമുദായ ഭ്രഷ്ടനാക്കുന്നതിന് പ്രവാചകനായ മുഹമ്മദ് നബി (സ)തിരുമേനിയെ അന്ത്യപ്രവാചകനായി അംഗീകരിക്കാതിരിക്കുകയാണ് രണ്ടാമത്തെ മുഖ്യമായ അടിസ്ഥാന പ്രമാണമെന്ന് ശ്രീ ഖാലിദ് പറയുന്നു. മുഹമ്മദ് നബി(സ) തിരുമേനിക്ക് ശേഷം വന്ന മഹാന്മാരായ ഗുരുക്കന്മാർ നബിത്വ പദവിയിലേക്ക് ഉയർത്തപ്പെടാവുന്നതല്ലെന്നതാണ് സൂചന. അഹ്മദികളെ കൂട്ടത്തിൽ നിന്ന് വേർപ്പെടുത്തുന്നതിനുള്ള മാനദണ്ഡം ഇതാണ് എന്ന് വക്കീൽ ബോധിപ്പിക്കുന്നു. അഹ്മദികൾ(ഹദ്റത്ത്) അഹ്മദുൽ ഖാദിയാനിയെ ഒരു പ്രവാചകനായി അഭിഷേകിക്കുകയും ഓരോ മുസ്ലിമിന്റേയും രണ്ടാമത്തെ അടിസ്ഥാന പ്രമാണമായിട്ടുള്ള വിശ്വാസത്തെ തള്ളിക്കളയുകയും ചെയ്യുന്നു. ഈ വാദമുഖത്തെ നമുക്ക് സൂക്ഷ്മമായി ഒന്നു പരിശോധിക്കാം. (തുടരും)



# യൂറോപ്യൻ നവോത്ഥാനം: **അറബ് ഇസ്‌ലാമിക്ക് സ്വാധീനം**

ജെഫ് മാത്യൂസ്

ഇറ്റലിയിൽ നിന്ന് ആരംഭിച്ച യൂറോപ്യൻ നവോത്ഥാനം ഇസ്‌ലാമിന്റെ സ്വാധീനംമൂലമായിരുന്നു സംഭവിച്ചതെന്ന് ലേഖകൻ സൂചിപ്പിക്കുന്നു.

i0തകാലത്തെ ദക്ഷിണമദ്ധ്യവാനത്തിൽ നേപ്പിൾസിലെ എന്റെ മട്ടുപ്പാവിൽ നിന്ന് ചഞ്ചലനൃത്തമാടുന്ന ഓറിയോൺ നക്ഷത്രവ്യൂഹത്തെ വ്യക്തമായിക്കാണാം. ഓറിയോൺ നക്ഷത്രവ്യൂഹത്തിലെ ഏറ്റവും പ്രഭയേറിയ രണ്ടാമത്തെ ചുകപ്പ് ഭീമൻ നക്ഷത്രമാണ് ബീറ്റെൽജൂസ് (Betelgeuse മലയാളത്തിലെ 'തിരുവാതിര' നക്ഷത്രം) എല്ലാവർക്കും പരിചിതമാണ് ഈ നക്ഷത്രത്തിന്റെ നാമം. പക്ഷേ ആർക്കും അതിന്റെ ശരിയായ ഉച്ചാരണം അറിയില്ല. ബീറ്റെൽജൂസ് എന്റെ മട്ടുപ്പാവിൽ നിന്ന് 390 പ്രകാശവർഷം അകലെയാണ്. എനിക്ക് ആ നക്ഷത്രത്തിന്റെ യഥാർഥ പേരോ ഉച്ചാരണമോ അറിയില്ലായിരുന്നു. അതുകൊണ്ട് ഞങ്ങളുടെ സ്കൂളിലെ ആസ്ട്രോണമി ക്ലബ് തെറ്റായിക്കൊണ്ട് 'ബീറ്റിൽ ജ്യൂസ്' എന്ന് ഉച്ചരിക്കുമായിരുന്നു. ഈ നക്ഷത്രനാമം 'ഇരട്ടയുടെ ഗൃഹത്തിലുള്ളത്' എന്ന് അർഥം വരുന്ന 'ബൈത്തുൽ സൗജ' എന്ന അറബി പദത്തിൽ നിന്ന് നിഷ്പന്നമായതാണെന്ന് ഞാനൊരിക്കലും അന്ന് കരുതിയിരുന്നില്ല. രണ്ട് നക്ഷത്രങ്ങളുടെ നടുവിലാണ് ബീറ്റെൽജൂസ്. അത് പോലെ കണക്കിൽ കുറച്ച് പിന്നാക്കക്കാരനാണെങ്കിലും അലോഗരിതത്തിന്റെ ഉപജ്ഞാതാവ് അറബിയായ ഖവാരിസ്മിയാണെന്ന് ഞാൻ പിന്നീടറിഞ്ഞു.

നമ്മുടെ സാംസ്കാരിക ചരിത്രം കൊച്ചു കൊച്ചു അദ്ധ്യായങ്ങളിലാക്കി സൂക്ഷിക്കുന്നത് സൗകര്യപ്രദമാണെങ്കിലും അത് അത്ര നല്ല ആശയമാണെന്ന് തോന്നുന്നില്ല. നവോത്ഥാനം, യുക്തിയുടെ കാലം, ജ്ഞാനപ്രബുദ്ധതയുടെ കാലഘട്ടം മുതലായ തലവാചകങ്ങളിലാണ് നാമത് പ്രതിപാദിക്കുന്നത്. ഈ പ്രതിഭാസങ്ങളൊന്നും തന്നെ മറ്റുയാതൊരു സംഭവങ്ങളുമായും യാതൊരു ബന്ധവുമില്ലാതെ പെട്ടെന്ന് സംഭവിച്ചത് പോലെയാണ് നാം പരാമർശിക്കാറ്. അതായത് ലിയാണാർഡോ ഡാവിഞ്ചി ക്രി.വ. 1500 ലെ ഒരു സുപ്രഭാതത്തിൽ എഴുന്നേറ്റ് താനുണ്ടാക്കിയ നാഴികമണിയിൽ

നോക്കിക്കൊണ്ട് 'ഹായ്' എന്ന് പറഞ്ഞപ്പോൾ നവോത്ഥാനമുണ്ടായി. പിന്നീട് ഹെലിക്കോപ്റ്റർ ഡിസൈൻ ചെയ്തു എന്നത് പോലെയാണ് നാം പറയാറ്. ഇവിടെ ഞാൻ പറയാനുദ്ദേശിക്കുന്നത് യൂറോപ്യൻ നവോത്ഥാനവും അറബ് സംസ്കാരവും തമ്മിൽ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ചൂണ്ടിക്കാട്ടാനാണ്. ഇറ്റാലിയൻ നവോത്ഥാനത്തിന്റെ തുടക്കത്തിൽ (ക്രി.വ.800-1100) എങ്ങനെയായിരുന്നു അറബ് സംസ്കാരവും ശാസ്ത്രവും തമ്മിൽ ബന്ധപ്പെട്ടിരുന്നത് എന്ന് വിശദീകരിക്കാനുമാണ്.

സ്പെയിനിൽ നിന്ന് ഇസ്ലാം ഇന്ത്യയിലേക്ക് അതിശീഘ്രം പ്രചരിച്ചപ്പോൾ മുസ്ലിംകൾ ക്രി.വ. 800ൽ പണിതുയർത്തിയ പട്ടണമായിരുന്നു ബാഗ്ദാദ്. ഇവിടെവെച്ചായിരുന്നു വിജ്ഞാനത്തിനുള്ള അദമ്യമായ ആഗ്രഹത്തിന്റെ പ്രതീകമെന്നോണം പരിഭാഷക്കുള്ള സ്ഥാപനങ്ങൾ (ബൈത്തുൽ ഹിക്മ) കെട്ടിപ്പടുത്തത്. ഗോള ശാസ്ത്രം, ഗണിതം, സംഗീതം, ഭൂമിശാസ്ത്രം, തത്ത്വശാസ്ത്രം തുടങ്ങി ക്ലാസിക്കൽ ഗ്രീക്ക് വൈജ്ഞാനിക ലോകത്ത് കണ്ടതെല്ലാം ഉൽക്കടമായ ഉൽസാഹത്തോടെ അവർ പരിഭാഷപ്പെടുത്തി. അതിനുപുറമെ നൂറ്റാണ്ടുകൾക്ക് മുമ്പ് ക്ലാസിക്ക് സംസ്കൃതത്തിൽ എഴുതപ്പെട്ട ഗണിതവും തത്ത്വശാസ്ത്രവും പഠിക്കാൻ അവർ ഇന്ത്യയിലേക്ക് പോയി. ക്രി.വ. 800ൽ യാതൊരർഥത്തിലും ഇതൊരു എളുപ്പമുള്ള ജോലിയായിരുന്നില്ല. ക്രിസ്തുസഭയുടെ പ്രാകൃതമായ അവഗണന കാരണം ഒരു പാട് ക്ലാസിക്കൽ ഗ്രീക്ക് സാഹിത്യങ്ങൾ നഷ്ടപ്പെടുകയുണ്ടായി. ക്രി.വ. 500-ാമാണ്ടോടെ മഹത്തായ അലക്സാണ്ട്രിയ ലൈബ്രറി നശിപ്പിക്കപ്പെട്ടു. കുറച്ചു വർഷങ്ങൾക്ക് ശേഷം ഏതൻസിലുള്ള പ്ളാറ്റോ അക്കാദമി അക്രൈസ്തവ തത്ത്വശാസ്ത്രത്തിന്റെ ഉൽപ്പാദനകേന്ദ്രം എന്ന് പറഞ്ഞ് കൊണ്ട് ജസ്റ്റീനിയൻ* ചക്രവർത്തി അടച്ചു പൂട്ടുകയുണ്ടായി. പിന്നീടാണ് അറബ് പണ്ഡിതന്മാർ, അവശേഷിച്ച ക്രൈസ്തവ സാഹിത്യങ്ങൾ അറബിയിലേക്ക് വിവർത്തനം ചെയ്തത്. ചില ഗ്രീക്ക് മൂലകൃതികൾ മറ്റുഭാഷകളിലേക്ക് കിഴക്കൻ ദേശങ്ങളിലെ ചില വിവർത്തകന്മാർ തർജമ ചെയ്തിരുന്നു. ഈ വിവർത്തകന്മാർ ഗ്രീസിൽ നിന്ന് പേർഷ്യയിലേക്ക് നാടുകടത്തപ്പെട്ട നെസ്റ്റോറിയൻ ക്രിസ്ത്യാനികളും പ്ലാറ്റോ അക്കാദമിയിലെ ക്ലാസിക്കൽ പണ്ഡിതന്മാരുമായിരുന്നു. അന്ന് പേർഷ്യയിലെ ജുണ്ടിഷ്പൂർ (ഇസ്ലാമിന്റെ ആഗമത്തിന് മുമ്പ്)അവർ പണിതുയർത്തിയ പ്രശസ്തമായ ഒരു വിജ്ഞാന കേന്ദ്രമായിരുന്നു. അറാമിക്ക് ഭാഷയിലായിരുന്നു അവരുടെ വൈജ്ഞാനിക പ്രവർത്തനങ്ങളെല്ലാം നടന്നത്. അക്കാലത്ത് മദ്ധ്യ പൗരസ്ത്യ ദേശത്തെ ഏറ്റവും പ്രശസ്തമായ സമ്പർക്ക ഭാഷ അറാമിക്ക് ആയിരുന്നു. ബാഗ്ദാദിന്റെ ആധിപത്യത്തിന് ശേഷം അറബികൾ സ്പെയിനിലെ കോർദോബയിലും ടൊലിഡോയിലും ഉജ്ജ്വലമായ വിജ്ഞാനകേന്ദ്രങ്ങൾ പണിതുയർത്തുകയുണ്ടായി.

മുസ്ലിം ലോകത്തുനിന്ന് ഇറ്റലിയിലേക്ക് ഈ വിജ്ഞാന വിനിമയം പ്രധാനമായും സംഭവിച്ചത് 12-ാം നൂറ്റാണ്ടിലെ സ്പെയിനിലൂടെയും സിസിലിയിലൂടെയുമാണ്. സ്പെയിനിലെ കോർദോബയും കുരിശുയുദ്ധത്തിനു മുമ്പുള്ള നോർമൻ സിസിലിയിലെ രാജകൊട്ടാരവുമായിരുന്നു അന്നത്തെ മഹത്തായ വിജ്ഞാനകേന്ദ്രങ്ങൾ. അന്നത്തെ നോർമൻകാരുടെ സിസിലിയിൽ സഹിഷ്ണുതയുടെ ഫലമായി ബൈസാന്റിയൻ ഗ്രീക്കുകാരും ഇറ്റാലിയൻ ക്രിസ്ത്യാനികളും അറബ് പണ്ഡിതന്മാരും സഹവർത്തിച്ചുകൊണ്ട് പ്രവർത്തിച്ചു. ഒരുപക്ഷേ യൂറോപ്പിന്റെ ചരിത്രത്തിലെ അവസാനത്തെ മഹത്തായ മനുഷ്യ സഹിഷ്ണുതയുടെ കാലഘട്ടം അതായിരിക്കാം.

### വൈദ്യശാസ്ത്രം

അറബിക്കിൽ നിന്നും ലാറ്റിനിലേക്ക് കാർത്തേജിലെ കോൺസ്റ്റന്റെയിൻ അതിമഹത്തായ ഒരു വൈദ്യശാസ്ത്ര ഗ്രന്ഥം വിവർത്തനം ചെയ്യുകയുണ്ടായി. 11-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ സലെർനോയിലെ മെഡിക്കൽ സ്കൂളിൽ കോൺസ്റ്റന്റെയിൻ വിദ്യാർഥിയായിരുന്നു. യൂറോപ്പിൽ അത്തരത്തിലുള്ള ആദ്യത്തെ സ്ഥാപനമായിരുന്നു അത്. കാർത്തേജുകാരനായ കോൺസ്റ്റന്റെയിൻ[1] അവി സെന്നയുടെ കാനൻ ഓഫ് മെഡിസിൻ അടക്കം ബൃഹത്തായ ഒരു അറബി വൈദ്യശാസ്ത്ര ഗ്രന്ഥശേഖരം സ്വന്തമായുണ്ടായിരുന്നു. കാനൻ ഓഫ് മെഡിസിൻ ലാറ്റിനിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും 17-ാം നൂറ്റാണ്ടുമുതൽ 19-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെ മെഡിക്കൽ ടെക്സ്റ്റ് പുസ്തകമായി അത് ഉപയോഗിക്കപ്പെടുകയുമുണ്ടായി. ക്രി.വ. 1127ൽ പിസായിലെ സ്റ്റെഫാനൊ എന്ന ഒരു വിവർത്തകൻ റിപ്പോർട്ട് ചെയ്തത് 'സിസിലിയിലും സലർനേയിലും വൈദ്യവിജ്ഞാനികളെ ഇപ്പോഴും കണ്ടെത്താം അവരെല്ലാം പൊതുവേ അറബി അറിയുന്നവരായിരിക്കും' എന്നായിരുന്നു. ഇത്തരം വ്യക്തവും ശക്തവുമായ അറബി പശ്ചാത്തലത്തെ പറ്റിയെങ്കിലും നമുക്ക് നവോത്ഥാനം സംഭവിച്ചതിന്റെ ഒരു കാര്യകാരണ ബന്ധം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ അതിന് പൂർവകാലമുസ്ലിം ചിന്തകന്മാരുമായി ഒരു ബന്ധമുണ്ട്. (ദൈവം എല്ലാ രോഗത്തിനും ശമനം നിശ്ചയിച്ചിട്ടുണ്ട്' എന്ന വചനപ്രകാരം അതിന്റെ മരുന്ന് കണ്ടെത്തേണ്ടത് തങ്ങളുടെ ദേശീയ കർത്തവ്യമാണെന്ന് മുസ്ലിംകൾ കരുതി) പടിഞ്ഞാറുള്ള ക്രിസ്ത്യാനികൾ പ്രാർഥനയിലൂടെയും ആഗ്രഹ നിരാകരണത്തിലൂടെയുമാണ് രോഗശമനം വരുക എന്നായിരുന്നു അത്വരെ ധരിച്ചിരുന്നത്.

### ഫ്രെഡ്രിക്ക് രണ്ടാമൻ

6-ാം-കുരിശു യുദ്ധം നയിച്ച പലെർമോയിലെ ഫ്രെഡ്രിക്ക് രണ്ടാമൻ (1194-1250)ഒടുവിൽ തന്റെ മതിവരാത്ത ധൈഷണിക അന്വേഷണത്തിന്റെയും അറബ് സംസ്കാരത്തെ പറ്റിയുള്ള പഠനത്തിലുമാണ് കലാശിച്ചത്. അദ്ദേഹം തത്ത്വശാസ്ത്രത്തെക്കുറിച്ചും സയൻസിനെക്കുറിച്ചും അറബ് പണ്ഡിതന്മാരുമായി എഴുത്തു കുത്തുകൾ നടത്തുമായിരുന്നു. ഫ്രെഡിക്ക് രാജാവിന്റെ കൊട്ടാരത്തിലെ പ്രഗല്ഭനായ ഇറ്റാലിയൻ മാത്തമാറ്റീഷ്യനായിരുന്നു ലിയാണാർഡോ ഫിബോനാക്സി. അദ്ദേഹമാണ് അങ്കഗണിത (Arithmatic) സീരിസിലെ ഫിബോനാക്സി നമ്പറുകൾ കണ്ടെത്തിയത്. (4,1,5,6,11,17....എന്നീ സീരിയൽ നമ്പറുകളെ അടുത്ത നമ്പർ കണ്ടെത്തുന്ന രീതി.) അദ്ദേഹം അറബ്

1.കാർത്തേജുകാരനായ കോൺസ്റ്റന്റെയിൻ(1017 1087): ടുനീഷ്യയിലെ കാർത്തേജിൽ ജനിച്ച ഈ വൈദ്യശാസ്ത്ര വിജ്ഞാനി ഇസ്ലാമിക രാജ്യങ്ങൾ ചുറ്റിസഞ്ചരിച്ച് അറബി ഭാഷാപരിജ്ഞാനം നേടി. പിന്നീട് ഇറ്റലിയിലേക്ക് താമസം മാറ്റിയ ഇദ്ദേഹം ഒരു ക്രിസ്തീയ സന്യാസിയായി മാറി. അറബിയിൽ നിന്നുള്ള വിവർത്തന പ്രസ്ഥാനത്തിന് തുടക്കം കുറിച്ച ഇദ്ദേഹം ഇറ്റലിയിലെ സെലെർനോയിലെ മെഡിക്കൽ കോളേജിലെ പ്രൊഫസറായിരുന്നു. കിഴക്കൻ റോമാസാമ്രാജ്യം സ്ഥാപിച്ച കോൺസ്റ്റന്റെയിൻ ചക്രവർത്തിയല്ല ഇദ്ദേഹം എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. (വിവ.)



ഫ്രെഡ്രിക്ക് രണ്ടാമൻ

ഗണിതജ്ഞന്മാരിൽ നിന്നാണ് അത് പഠിച്ചത്. ഫിബോനാക്സിയാണ് അറബിക്ക് നമ്പറുകൾ യൂറോപ്പിൽ അവതരിപ്പിച്ചത്. റോമൻ അക്കങ്ങളിൽ ഇത്തരം ഗണിതക്രിയചെയ്യാൻ സാദ്ധ്യമല്ലായിരുന്നു. അത്കൊണ്ടാണ് അദ്ദേഹം അറബി അക്കങ്ങൾ ഉപയോഗിച്ചത്.

ടോളമിയുടെ അൽ- മെജസ്തിയുടെ[2] (മൂല ഗ്രന്ഥം ഗ്രീക്കിൽ) അറബി പതിപ്പിൽ നിന്നുമുള്ള ലാറ്റിൻ തർജമ നമുക്കു ലഭിച്ചതും ഫ്രെഡ്രിക്കിന്റെ കൊട്ടാരത്തിൽനിന്നാണ്. ഗ്രീക്ക് മൂലകൃതി അറബിയിലേക്ക് വിവർത്തനം ചെയ്തത് മഹാനായ അറബി ഗോള ശാസ്ത്രജ്ഞൻ അൽ-ഫർഗാനിയാണ്. ഫ്രെഡ്രിക്ക് രണ്ടാമൻ രാജാവ് നിരവധി വൈജ്ഞാനിക വിഷയങ്ങളിൽ താൽപര്യമുള്ളയാളായിരുന്നു അതുകൊണ്ട് തന്നെ അക്കാലത്തെ അറബി ഭാഷയിലുള്ള തത്വശാസ്ത്രവും സയൻസും അദ്ദേഹം തീർച്ചയായും നല്ലത്പോലെ വായിച്ചിരുന്നിരിക്കണം. സെലർനോയിലെ മെഡിക്കൽ വിദ്യാലയം വികസിപ്പിച്ചുകൊണ്ടാണ് അദ്ദേഹം നേപ്പിൾസ് യൂണിവേഴ്സിറ്റി ആരംഭിച്ചത്. ഇപ്പോഴും അത് ആ പേരിലാണ് അറിയപ്പെടുന്നത്.

പലേർമോയിലെ ഫ്രെഡ്രിക്ക് രാജാവിന്റെ കൊട്ടാരത്തിലെ ഒരു പക്ഷേ ഏറ്റവും ബുദ്ധിമാനായ വ്യക്തി മെക്കേൽ സ്കോട്ട്(1217-1240) ആയിരിക്കാം. ടൊളിഡോവിലെ പ്രശസ്തമായ തർജമാ കേന്ദ്രത്തിൽ അദ്ദേഹം മഹാന്മാരായ അറബ് പരിഭാഷകരൊടൊപ്പം ജോലിചെയ്തിട്ടുണ്ടായിരുന്നു. അവിസെന്ന (ഇബ്നു സീന)യുടെയും അവറോസി (ഇബ്നു റുശ്ദ്) ന്റെയും തത്വശാസ്ത്ര രചനകളുടെ ലാറ്റിൻ പരിഭാഷ പ്രത്യേകിച്ച് അവറോസിന്റെ അരിസ്റ്റോട്ടിലിന്റെ രചനകളുടെ വ്യാഖ്യാനം നമുക്ക് ലഭ്യമാവാൻ കാരണക്കാരൻ മെക്കേൽ സ്കോട്ട് ആണ്. രാജകീയ കൊട്ടാരം മുതൽ പരിപക്വമായ സർവകലാശാലകൾവരെ 1100 മുതൽ 1200 വരെയുള്ള കാലഘട്ടത്തിൽ തത്വശാസ്ത്രം, വൈദ്യ ശാസ്ത്രം, ഗോളശാസ്ത്രം എന്നീ വിഷയങ്ങളിൽ അടുത്ത അറബ് പുസ്തകത്തിന്റെ വായനക്ക് വേണ്ടി അത്യധികമായ ആകാംക്ഷയോടെ ഇറ്റലിയിൽ കാത്തിരിക്കുന്ന രംഗങ്ങൾ യൂറോപ്പിലെവിടെയും സർവസാധാരണമായിരുന്നു.

**തത്ത്വശാസ്ത്രം**

മുസ്ലിം മതതത്വശാസ്ത്രം ആ കാലഘട്ടങ്ങളിൽ വളരെ താൽപര്യപൂർവം ശ്രദ്ധിക്കപ്പെടുകയുണ്ടായി. അൽ കിന്ദി (801-871)യായിരുന്നു പ്രഗല്ഭനായ ആദ്യത്തെ മുസ്ലിം തത്വശാസ്ത്രകാരൻ. വെളിപാട് സത്യങ്ങളും യുക്തിയും ഒരിക്കലും പരസ്പര വിരുദ്ധങ്ങളല്ല മറിച്ച് പരസ്പര പൂരകമാണ് എന്ന് അദ്ദേഹം പഠിപ്പിച്ചു. മാത്രമല്ല അവ രണ്ടും ഒരുനാണയത്തിന്റെ രണ്ട് വശങ്ങളാണെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. പിന്നീട് വന്ന ഫറാബി(874-950) യുക്തിജ്ഞാനത്തെ ശരീഅത്ത് നിയമങ്ങളുടെ മീതെപ്പോലും പ്രതിഷ്ഠിക്കുകയുണ്ടായി. നമുടെ ലക്ഷ്യം നമ്മുടെ യുക്തിബോധത്തെ വികസിപ്പിക്കലാണെന്നായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം.

പടിഞ്ഞാറൻ നാടുകളിൽ 'അവിസെന്ന' എന്ന് ലാറ്റിനിൽ അറിയപ്പെടുന്നയാളാണ് ഇബ്നുസീന. ഇബ്നുസീന(981-1037)യെ പാശ്ചാത്യർ അദ്ദേഹത്തിന്റെ വൈദ്യ ശാസ്ത്രം, തത്വശാസ്ത്രം, ഗണിതം, ഗോള ശാസ്ത്രം എന്നീ വിഷയങ്ങളിലെ അദ്ഭുതകരമായ വിജ്ഞാനം കാരണം 'അറബ് ലിയോണാർഡോ' എന്നാണ് ചിലപ്പോൾ വിളിക്കുന്നത്. മുകളിൽ പ്രസ്താവിച്ച കാനൻ ഓഫ് മെഡിസിൻ കൂടാതെ മദ്ധ്യകാലഘട്ടത്തിലെ മുസ്ലിം തത്വജ്ഞാനികളിൽ വെച്ച് ഏറ്റവും



ഇബ്നുസീന

പ്രഗല്ഭനായ മൗലിക പ്രതിഭയുള്ള തത്വശാസ്ത്ര ജ്ഞനായിരുന്നു ഇബ്നു സീന. മതം എന്നത് പൊതുജനങ്ങളുടെ തത്വജ്ഞാനമാണെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അപ്രകാരം മതത്തിന്റെ ഉദ്ദേശ്യം എന്നത് തത്വജ്ഞാനപരമായ അത്യുന്നതാവസ്ഥ പ്രാപിക്കാനുള്ള ഉപാധി ആണെന്ന് അദ്ദേഹം കരുതി. ബുദ്ധിപരമായ കണ്ടുപിടുത്തങ്ങളെല്ലാം തന്നെ വിജ്ഞാനത്തിന്റെ അന്ത:പ്രചോദനാത്മകമായ ഒരുപ്രവർത്തനമാണെന്നായിരുന്നു ഇബ്നു സീനവിശ്വസിച്ചത്. വ്യവസ്ഥാപിത മാർഗത്തിൽ നിന്ന് വിഭിന്നമായുള്ള അന്ത:പ്രചോദനാത്മകമായ ജ്ഞാനത്തിന്റെ പ്രവർത്തനം എന്നത് തികച്ചും ആധുനികമായ ഒരു ആശയമാണ്.

ഒരു പക്ഷേ ഇബ്നു റുശ്ദ് (അവറോസ്-1128-1198) എന്ന പ്രതിഭാശാലി നമ്മിൽ വളരെയേറെ താൽപ്പര്യം ജനിപ്പിക്കുന്ന വ്യക്തിയാണ്. അരിസ്റ്റോട്ടിലിനെസംബന്ധിച്ച് അദ്ദേഹം നിരവധി വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. അറബികളിൽ അദ്ദേഹം വെറുമൊരു വ്യാഖ്യാതാവായാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ രചനകൾ യൂറോപ്പിൽ അതിവിപുലമായി വായിക്കപ്പെട്ടതാണ്, പ്രത്യേകിച്ച് തോമസ് അക്വിനാസിനെഅവറോസ് അഗാധമായി സ്വാധീനിച്ചു. ഒരാളുടേത് ശരിമറ്റേയാളുടേത് തെറ്റ് എന്നതിലല്ല കാര്യം. യൂറോപ്പിലെ ഏറ്റവും പ്രഗല്ഭനായ തത്വശാസ്ത്രകാരനായ തോമസ് അക്വിനാസ് തന്റെ ബുദ്ധിപരമായ തീക്ഷ്ണത മുൻഗാമികളായ മുസ്ലിം വിജ്ഞാനികളിലൂടെ ആർജിച്ചതായിരുന്നു. നിയമം, വൈദ്യവിജ്ഞാനം, ഗോള ശാസ്ത്രം എന്നീ വിഷയങ്ങളിൽ അവറോസിന്റെ

2 അൽ-മെജസ്തി: എ.ഡി. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ടോളമിയുടെ അതിപ്രശസ്തമായ പ്രപഞ്ചവിജ്ഞാനീയത്തെ പറ്റിയുള്ള ഗ്രന്ഥം. ഭൂകേന്ദ്രിതമായ പ്രപഞ്ച വീക്ഷണം അവതരിപ്പിച്ച ഈ ഗ്രന്ഥം അറബ് യൂറോപ്യൻ ഗോള ശാസ്ത്രത്തെയും ഗണിതത്തെയും വമ്പിച്ച തോതിൽ സ്വാധീനിക്കുകയുണ്ടായി. മഹത്തായ നിർമിതി എന്നർഥം വരുന്ന 'അൽ മജിസ്തി' എന്ന അറബി വാക്കിൽ നിന്നാണ് ഈ ഗ്രന്ഥത്തിന് ഈ പേര് ലഭിച്ചത് (വിവ.)

സംഭാവന വളരെ വിലപ്പെട്ടതായിരുന്നു.

**സാഹിത്യം**

യൂറോപ്യൻ നവോത്ഥാനത്തിൽ അറബിയുടെ സ്വാധീനത്തെ പറ്റി നാം വായിക്കുമ്പോഴെല്ലാം ഏത് അറബി സാഹിത്യമാണ് യൂറോപ്യൻ മദ്ധ്യകാല സാഹിത്യത്തെ സ്വാധീനിച്ചതെന്ന് വളരെ അപൂർവമായി മാത്രമെ പ്രതിപാദിക്കപ്പെടാറുള്ളൂ. അത്തരം സ്വാധീനത്തിന് നിരവധി സാധ്യത കളുണ്ട്. സിസിലിയിലും സ്പെയിനിലും ജനപ്രിയ കവിതകൾ അറബി പ്രാദേശിക രൂപത്തിൽ അവതരിപ്പി ക്കുക എന്നത് അക്കാലത്തെ ഒരു സമ്പ്രദായമായിരുന്നു. അത് യൂറോ പ്പിലെ കൊട്ടാര കവിതകളിലും ഗാന രൂപങ്ങളിലും മാത്രമല്ല രാജ്യത്തെ മുഴുവൻ സാഹിത്യങ്ങളെയും തുടക്ക ത്തിൽ തന്നെ സ്വാധീനിച്ചിരുന്നു.

'Hisory of Islamic Sicily's എന്നപുസ്തകത്തിൽ അസീസ് അഹ്മദ്, ദാന്തേയുടെ ഡിവൈൻ കോമഡിക്ക് അതിന് മുമ്പുള്ള ഇസ്ലാ മിക്ക് രചനകളുമായുള്ള ബന്ധത്തെപറ്റി സുദീർഘമായി പ്രതിപാദിക്കുന്നുണ്ട്. വ്യക്തമായ യാതൊരു നിഗമനത്തിലും എത്തു ന്നില്ലെങ്കിലും എവിടെ നിന്നെ ല്ലാമോ നമുക്ക് ലഭിച്ച നമ്മുടെ ലാറ്റിനേതര സാഹിത്യ സ്രോതസ്സു കളെപ്പറ്റി ശക്ത മായ സൂചനകൾ ആ ഗ്രന്ഥം നൽകുന്നുണ്ട്. ലാറ്റിൻ തർജമകളിലൂടെ തീർച്ചയായും ദാന്തെ അവിസെന്നയെ കുറിച്ചും അവറോ സിനെക്കുറിച്ചും അറിഞ്ഞിട്ടുണ്ടായി രിക്കും. ഡിവൈൻ കോമഡിയിൽ, ദാന്തെ അവിസെന്നയേയും അവറോസി നെയും പൂർവക്യസ്ത്യൻ ഗ്രീക്ക് വിജ്ഞാനികളോടൊപ്പം നരകത്തി ലാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. ദാന്തെ മുഹമ്മദ് നബിയോടും ദയയുള്ള യാളായിരുന്നില്ല. 28-ാം സർഗത്തിൽ തിന്മ വിതക്കുന്നയാൾ എന്നനിലക്ക് മോശമായാണ് പ്രവാചകനെ ചിത്രീകരി ച്ചിരിക്കുന്നത്. ഡിവൈൻ കോമഡിക്ക് സമാന്തരമായ അറബി ഭാഷയിലുള്ള യുഗാന്ത്യസംഭവങ്ങളുടെ വിവരണ ങ്ങൾ അടങ്ങിയ Book of the Scale നെസംബന്ധിച്ച് അതിന്റെ ലാറ്റിനിലോ ഫ്രഞ്ചിലോ ഉള്ള പരിഭാഷകളിലൂടെ തീർച്ചയായും ദാന്തെ അറിഞ്ഞിരിക്ക ണം. ഇതൊരു നിഗമനം മാത്രമായി ക്കാം, പക്ഷേ രസകരമായ സാധ്യത കൂടിയാണ്. The Making of Humanity എന്ന പുസ്കത്തിൽ റോബർട്ട് ബ്രിഫാൾട്ട് എഴുതുന്നു.

യഥാർഥത്തിൽ നവോത്ഥാനം നടന്നത് മൂറുകളുടേയും അറബികളു ടേയും സ്വാധീനത്താലാണ്. ക്രമേണ ക്രമേണ ബാർബേറിയനിസത്തിലേക്ക് മുങ്ങിതാഴ്ന്ന യൂറോപ്പ് നിതാന്തമായ അജ്ഞാനത്തിന്റെയും മൂല്യശോഷ ണത്തിന്റെയും അഗാധഗർത്തത്തി ലെത്തി. സാരസൻ ലോകത്തെ ബാഗ്ദാദ്, കൈറോ, കോർഡോവാ, ടോളിഡോ മുതലായ നഗരങ്ങൾ നാഗരികവും ധൈഷണികവുമായ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായി രുന്നു. അവിടെയായിരുന്നു മനുഷ്യ പരിണാമത്തിന്റെ നവീനഘട്ടം പുതു ചൈതന്യത്തോടെ ഉയിർത്തെഴു ന്നേറ്റത്. പുതു ജീവിതത്തിന്റെ ചലന ങ്ങൾ അവിടം മുതലാണ് ആരംഭി ക്കുന്നത്.

ഈ ശക്തമായ വാക്കുകൾ അതേ പടി ഞാൻ സ്വീകരിക്കുന്നില്ല. എങ്കിലും നമ്മുടെ വംശകേന്ദ്രീകൃത സാംസ്കാ രിക ചരിത്രം നമ്മിൽ മാത്രം ഒതുങ്ങുന്ന പരമ്പരകളിലൂടെയല്ല സംഭവിച്ചത് എന്ന വസ്തുത ഈ വാക്കുകൾ നമ്മെ ഓർമി പ്പിക്കുന്നു. നാം ഒരു ചുവട് പിന്നോട്ട് വെച്ച്കൊണ്ട് മറ്റ്സംസ്കാരധാരക ളുടെ പ്രവിശാലമായ കണ്ണികൾ കൂടികണ്ടെത്തേണ്ടതുണ്ട്. അവ മറ്റിടങ്ങളിൽ മറ്റു സമയങ്ങളിൽ നാമ്പിട്ട താകാം. അവയിൽ പലതും ശ്രദ്ധയിൽ പ്പെടാത്തവിധം സമകാലത്ത് തന്നെയു ണ്ടായതുമാവാം.

(വിവ: എ.എം)

# അല്ലാഹു ഗൗനിക്കാത്ത മനുഷ്യർ

അബൂഹുറൈറ (റ) നവേദനം: നബി(സ) അരുളി: മൂന്ന് വിഭാഗം മനുഷ്യരുണ്ട്. അന്ത്യ ദിനത്തിൽ അല്ലാഹു അവരുടെ നേരെ നോക്കുയോ പരിശുദ്ധപെടുത്തുകയോ ചെയ്യുകയില്ല. അവർക്ക് അതികഠിനമായ ശിക്ഷയുണ്ട്. വഴിയരികിൽ മിച്ചമുള്ള വെള്ളമുണ്ടായിട്ട് അത് യാത്രക്കാരന് കൊടുക്കാതെ തടഞ്ഞു വെക്കുന്ന മനുഷ്യൻ, ഭൗതിക നേട്ടം മാത്രം ലക്ഷ്യം വെച്ച് ഇമാമിനോട് അനുസരണ പ്രതിജ്ഞ ചെയ്ത മനുഷ്യൻ. ഇമാം അവന് വല്ലകാര്യലാഭവും നേടികൊടുത്താൽ അവൻ സംതൃപ്തനാകും ഇല്ലെങ്കിലോ വെറുപ്പും. അവന്റെ ചരക്ക് അസറിന് ശേഷം അങ്ങാടിയിലിറക്കി. അല്ലാഹു വാണേ സത്യം ഞാനീ ചരക്ക് ഇന്ന നിലവാരത്തിൽ വാങ്ങിയതാണ് എന്ന് ഒരാൾ സത്യം ചെയ്തു. ഇത് കേട്ട് വിശ്വസിച്ച മറ്റൊരാൾ ചരക്ക് വാങ്ങി. ആ മനുഷ്യനും (ബുഹാരി)

# പേരാമ്പ്രയിലെ സാമൂഹ്യ ബഹിഷ്ക്കരണം

മുസാഫിർ

**THANMIYATHUL ISLAM SANGAM CHEMBRA**
P.O. Kayanna, Perambra, Kozhikode , Kerala, Reg.No :274/80

ചെമ്പ്ര മഹല്ലിന്റെ പരിധിക്കുള്ളിൽ കേളോത്ത് വയൽ ഭാഗത്ത് താമസിക്കുന്ന കൊല്ലിയിൽ അഹ്മദും കുടുംബവും ഖാദിയാനി (അഹ്മദിയ്യാ ജമാഅത്ത്) പ്രവർത്തകരാണ്. ഖാദിയാനികൾ മുർത്തദുകളാണെന്ന് എല്ലാ പണ്ഡിതന്മാരും സംഘടനകളും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വ്യക്തി വിശ്വാസികളെ വഴിപിഴപ്പിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. ആയത്കൊണ്ട് ഇസ്‌ലാമിൽ നിന്നും പുറത്ത്പോയ ഇവരുമായി വിശ്വാസികൾ ഒരു വിധത്തിലും ഉള്ളബന്ധവും ഇടപാടുകളും നടത്തുവാൻ പാടില്ലെന്നകാര്യം നിങ്ങളുടെ മഹല്ലിലുള്ള വിശ്വാസികളെ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

ഇയാളുടെ മകളുടെ വിവാഹം 20.11.11 ന് നടക്കുന്നു. ഇതിൽ പങ്കെടുക്കരുതെന്ന് മഹല്ല് കമ്മിറ്റി എല്ലാ വിശ്വാസികളെയും അറിയിക്കുന്നു.

എന്ന്
സെക്രട്ടറി, T.I.S. ചെമ്പ്ര

നാം ഇന്ത്യക്കാർ മഹത്തായ ഒരു ജനാധിപത്യ രാജ്യത്താണ് ജീവിക്കുന്നത്. ഇസ്‌ലാം വിഭാവനം ചെയ്തതും അതേസമയം ഒരൊറ്റ മുസ്‌ലിം രാജ്യത്തും നടപ്പിലില്ലാത്തതുമായ മതസ്വാതന്ത്ര്യം നമ്മുടെ പ്രിയപ്പെട്ട ഈ മാതൃരാജ്യത്ത് നാം അനുഭവിക്കുന്നു. വിശ്വാസ സ്വാതന്ത്ര്യം, മതാചരണ സ്വാതന്ത്ര്യം, മതപ്രചാരണ സ്വാതന്ത്ര്യം മുതലായ സ്വാതന്ത്ര്യങ്ങൾ വ്യക്തികളുടെ മൗലികാവകാശങ്ങളായി പ്രഖ്യാ പിച്ച നമ്മുടെ മഹിതമായ ഭരണഘടന (19-ാം വകുപ്പ് സ്വാതന്ത്ര്യത്തിന് പൊതുവേയും 25 മുതൽ 28 വരെ മതസ്വാതന്ത്ര്യത്തിന് പ്രത്യേകിച്ചും) നമ്മുടെയെല്ലാവരുടേയും മതസ്വാതന്ത്ര്യത്തിന് സമ്പൂർണ പരിരക്ഷ നൽകിയിരിക്കുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ ഈ പ്രബുദ്ധ കേരളത്തിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലെ ചെമ്പ്ര ഗ്രാമത്തിലെ 'തന്മിയത്തുൽ ഇസ്‌ലാം സംഘം' എന്ന സംഘടന അവിടുത്തെ ഒരു അഹ്മദി കുടുംബത്തിനെതിരെ പുറപ്പെടുവിച്ച ബഹിഷ്ക്കരണ ഫത്‌വ അപലപനീയവും മനുഷ്യന്റെ നീതിബോധത്തിനും ഇന്ത്യൻ ഭരണഘടന പൗരന് ഉറപ്പ് നൽകിയ മൗലികാവകാശങ്ങൾക്കും സർവോപരി ഇസ്‌ലാം മതത്തിന്റെ അദ്ധ്യാപനങ്ങൾക്കും കടകവിരുദ്ധമാണ്.(ബഹിഷ്ക്കരണ ഫത്‌വ അന്യത്ര ചേർത്തിട്ടുണ്ട്). വിവാഹം പോലെ വ്യക്തിയുടേയും കുടുംബത്തിന്റേയും സന്തോഷവേളകളിൽ, ജാതിമത ഭേദമന്യേക്ഷണിക്കപ്പെട്ട സുഹൃത്തുക്കളും ബന്ധുക്കളും അതിൽ പങ്കെടുത്ത് ചടങ്ങ് മംഗളകരമാക്കി തീർക്കേണ്ടത് സമൂഹത്തിന്റെ ധാർമിക ബാദ്ധ്യതയാണ്. മതങ്ങളും വിശ്വാസ വൈവിധ്യങ്ങളും ഒരിക്കലും അതിന് തടസ്സം നിൽക്കുന്നില്ല. മറിച്ച് അതിനോട് സർവാത്മനാ സഹകരിക്കുകയും പ്രോത്സാഹനാജനകമായ നിലപാട് സ്വീകരിക്കുകയുമാണ് ചെയ്യാറ്. നമ്മുടെ നാടിന്റെ അനർഘമായ സാമൂഹിക പാരമ്പര്യങ്ങളിലൊന്നാണിത്. അത്തരം ഒരു പാരമ്പര്യത്തെയും നന്മയേയുമാണ് തന്മിയത്തുൽ ഇസ്‌ലാം സംഘത്തിന്റെ ഇത്തരം തീവ്രനിലപാടുകൾ തകർക്കാൻ ശ്രമിക്കുന്നത്. അഭിനന്ദനീയമായ വസ്തുത. നീതിമതികളും സാമൂഹിക ബോധവുമുള്ള പേരാമ്പ്രയിലെ ബഹുഭൂരിപക്ഷം മുസ്‌ലിംകളും മറ്റ്മതസ്ഥരായ നാട്ടുകാരും തന്മിയത്തുൽ ഇസ്‌ലാം സംഘത്തിന്റെ ജുഗുപ്സാവഹമായ ഈ ബഹിഷ്ക്കരണ ഫത്‌വ നിരാകരിച്ചുകൊണ്ട് അഹ്മദിയായ അഹ്മദ് സാഹിബിന്റെ മകളുടെ വിവാഹത്തിൽ പങ്കെടുക്കുകയും ഒരു നാടിന്റെ നന്മയും പാരമ്പര്യവും ഉയർത്തിപ്പിടിക്കുകയുമുണ്ടായി. ദൈവം ആ നാട്ടുകാരെ അനുഗ്രഹിക്കട്ടെ.

കുഫ്ർ ഫത്‌വകളിറക്കലും മുർത്തദാക്കലും കാഫിറാക്കലും മുസ്‌ലിം സംഘടനകളുടെ പതിവുപരിപാടികളാണ്. പരസ്പരം കാഫിറാക്കപ്പെടാത്ത ഒരൊറ്റ മുസ്‌ലിം സംഘടനയും നമ്മുടെ നാട്ടിലില്ല. ഒരു മുസ്‌ലിം സംഘടനയുടെ ഏറ്റവും വലിയ പ്രതിയോഗി മറ്റാരുമല്ല,. മറ്റൊരു മുസ്‌ലിം സംഘടനയാണെന്ന യാഥാർഥ്യം ആർക്കെങ്കിലും നിഷേധിക്കാനാകുമോ? ഒരേ അഖീദയിൽ വിശ്വസിക്കുന്ന മുസ്‌ലിം സംഘടനകൾ തന്നെ പിളർന്ന്, ഉഹദിലും ബദറിലും കണ്ട പോരാട്ട വീര്യത്തോടെ തെരുവുകളിലും മദ്രസ്സകളിലും പള്ളികളിലും രക്തം ചിന്തി പോരാടുന്നതും പോലീസ് ഇടപെട്ട് പള്ളി പൂട്ടിക്കുന്നതും അവരുടെ ദുർഭാഷണങ്ങളും ഇവിടെ നിത്യവും അരങ്ങേറുന്ന കാഴ്ചകളാണ്. മുസ്‌ലിം പണ്ഡിതന്മാർ വരുത്തിവെച്ച ഈ സ്ഥിതി ഏറെനാളായി ഈ സമുദായം സഹിക്കുന്നു.ഈ സാഹചര്യത്തിലാണ് 'ഖാദിയാനികൾ മുർത്തദുകളാണെന്ന് എല്ലാപണ്ഡിതന്മാരും സംഘടനകളും പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് തന്മിയ്യത്തുൽ ഇസ്‌ലാം സംഘത്തിന്റെ ബഹിഷ്ക്കരണ നോട്ടീസിൽ പറയുന്നത്. സംഘത്തോട് ഞങ്ങൾക്ക് ചോദിക്കാനുള്ളത് നിങ്ങളുടെ ഈ പറഞ്ഞ പണ്ഡിതന്മാർക്ക് ഈ സമുദായത്തിന്റെ ഏതെങ്കിലും ഒരു കാര്യത്തിന് ഒരു മേശക്ക് ചുറ്റും ഇരിക്കാൻ സാധിക്കുമോ? ഒരു വഖ്ത്ത് ഒരു ഇമാമിനു കീഴിൽ നമസ്ക്കരിക്കാനാകുമോ? ഒന്നിച്ച് മാസപ്പിറവി നടത്താനാവുമോ? സന്തോഷത്തോടെപെരുന്നാളാഘോഷി ക്കാനാകുമോ? സ്നേഹപൂർവം പുഞ്ചിരിക്കാനെങ്കിലുമാകുമോ? ആഗോളതലം

മുതൽ മഹല്ല് വരെ ഇതല്ലേ സ്ഥിതി!! അത്തരത്തിൽ ആകാശത്തിന് കീഴിൽ പരസ്പരം കാഫിറാക്കിയും രക്തം ചിന്തിയും കലഹിച്ചു കഴിയുന്ന ഈ പണ്ഡിത കൂട്ടത്തിന്റെ ഫത്‌വകൾക്ക് അഹ്മദികൾ എന്ത് വില കൽപ്പിക്കാനാണ്?

പ്രസ്തുത വിവാഹത്തിന് ശേഷം ചെമ്പ്ര മഹല്ലിലെ ജുമാഅത്ത് പള്ളിയിൽ 'ഖാദിയാനികൾക്ക് പ്രവേശനമില്ല' എന്ന ബോർഡ് സ്ഥാപിച്ചതായി അറിയാൻ കഴിഞ്ഞു. സംഘക്കാരുടെ ഈ ദ്രോഹ പ്രവർത്തനങ്ങൾ, അവർ റസൂൽ തിരുമേനി(സ)യുടെ ശത്രുപക്ഷം കാട്ടിക്കൂട്ടിയ ജാഹിലിയ്യത്തിന്റെ വക്താക്കളും പ്രചാരകരുമാണെന്ന് ഒരിക്കൽ കൂടിതെളിയിച്ചിരിക്കുകയാണ്. നജറാനിലെ ക്രിസ്ത്യാനികൾക്ക് പ്രാർഥിക്കാൻ തന്റെ മസ്ജിദ് തുറന്നു കൊടുത്ത റസൂൽ തിരുമേനി(സ) യുടെ മാതൃകയാണോ നിങ്ങളുടേത്? വയളുകളിലും പൊതു വേദികളിലും കപട നാട്യത്തോടെ റസൂൽ തിരുമേനി (സ) യുടെ യഥാർഥ അനുയായികളാ ണെന്ന ഭാവത്തിൽ, അവിടുന്ന് നജ്റാനിലെ ക്രിസ്ത്യാനികളോട കാണിച്ച ലോകോത്തരമായ സൗഹൃദ മാതൃകയെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്ന നിങ്ങൾ അനുകരിക്കുന്നത് റസൂൽ തിരുമേനി(സ)യുടെ മാതൃകയോ? അതല്ല നമസ്ക്കരിക്കുമ്പോൾ ഒട്ടകക്കുടൽമാല കഴുത്തിലിട്ട അവിടുത്തെ ശത്രുക്കളുടെ മാതൃകയോ? ആരുടെ സുന്നത്താണ് നിങ്ങളീകാട്ടിക്കൂട്ടുന്നത്? റസൂൽ തിരുമേനി (സ)യെ മറ്റാരെക്കാളും സ്നേഹിക്കുകയും പിൻപറ്റുകയും അവിടുത്തെ മേൽ സദാ സമയവും സലാത്ത് ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരഹ്മദി ഏക ഇലാഹിനെ ആരാധിക്കാനും അവന്റെ നാമം സ്മരിക്കാനുമായി പള്ളിയിലേക്ക് വരുമ്പോൾ പള്ളിയിൽ നിന്നും അയാളെ പുറത്താക്കുന്ന നടപടി ആരുടേതാണ്? അല്ലാഹുവിന്റെ ഭവനമായ പള്ളിയിലേക്ക് അവന്റെ ഒരടിമ തന്റെ സങ്കടവും വേദനയും ഏറ്റുപറഞ്ഞു കൊണ്ട് അവന്റെ തിരുമുമ്പിൽ നമസ്ക്കരിക്കാൻ വരുന്നത് തടയുന്നതിനേക്കാൾ അല്ലാഹുവിന് അനിഷ്ടകരമായ മറ്റൊന്നുമില്ലെന്നും സംഘക്കാർ ഓർക്കുക. പണ്ഡിതന്മാർക്കും സമുദായ നേതൃത്വത്തിനും വിവേകവും ദൈവഭയവും നഷ്ടപ്പെട്ടിരിക്കുന്നു. പരസ്പരം കലഹിക്കാനും സാധാരണക്കാരായ ദീനി സ്നേഹികളെ കൊണ്ട് തമ്മിലടിപ്പിക്കാനും മാത്രമറിയുന്ന ഇക്കാലത്തെ ഉലമാക്കന്മാർക്ക് മുമ്പിൽ ഖുർആൻ ആയത്തുകൾ ഉരുവിട്ടാലും അവർക്ക് മനസ്താപമുണ്ടാകില്ലെന്നറിയാം. എങ്കിലും പള്ളിവിലക്ക് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറഞ്ഞ ഒരു വചനം അല്ലാഹുവിനെ ഭയപ്പെടുന്ന നിഷ്ക്കളങ്കരായ സാധാരണ മുസ്ലിംകളെ ഉണർത്തുന്നു. **അല്ലാഹുവിന്റെ പള്ളികളിൽ വെച്ച് അവന്റെ നാമം സ്മരിക്കുന്നത് തടയുകയും (അതുവഴി) അവയുടെ നാശത്തിനായി ശ്രമിക്കുകയും ചെയ്യുന്നവനേക്കാൾ അക്രമി മറ്റാരാണുള്ളത്? ഭയന്നു കൊണ്ടല്ലാതെ. അവർക്ക് (തന്നെയും) അവയിൽ പ്രവേശിക്കാൻ അവകാശമില്ല. അവർക്ക് ഇഹത്തിൽ അപമാനമുണ്ട്. പരലോകത്ത് അവർക്ക് കഠിന ശിക്ഷയുമുണ്ടാകും(2:115).**

എല്ലാ മുസ്ലിം കക്ഷികളും വിശ്വസിക്കുന്ന അതേ ഇസ്ലാമിക പ്രമാണങ്ങളിൽ അതായത് ഖുർആൻ, സുന്നത്ത്, ഹദീസ് എന്നിവയിൽ തന്നെയാണ് അഹ്മദികളും വിശ്വസിക്കുന്നത്. ഇസ്ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ യാതൊരു പ്രമാണത്തിലും അഹ്മദികൾ വിശ്വസിക്കുന്നില്ല. അഹ്മദികളുടെ അടിയുറച്ച ഈമാനാണത്. ദീനുൽ ഇസ്ലാമിന്റെ പേരിൽ എന്തെങ്കിലും തർക്കങ്ങൾ ഉടലെടുക്കുകയാണെങ്കിൽ അതിന് അല്ലാഹു പറഞ്ഞ പരിഹാരത്തിലേക്ക് നാമെല്ലാം മടങ്ങേണ്ടതുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു:നിങ്ങൾ ഒരു കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിങ്കലേക്കും (അവന്റെ) ദൂതങ്കലേക്കും (തീരുമാനത്തിനായി ഏൽപ്പിക്കുക) നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ (4:60). ആയതിനാൽ മുസ്ലിമാണെന്ന് സ്വയം അവകാശപ്പെടുന്നവരെല്ലാം അല്ലാഹുവിന്റെ കൽപ്പനപാലിക്കാൻ ബാദ്ധ്യസ്ഥരാണ്. അഹ്മദികളുടെ വാദമുഖങ്ങൾ പരിശുദ്ധ ഖുർആന്റേയും റസൂൽ തിരുമേനി(സ)യുടെ സുന്നത്തിന്റേയും അവിടുത്തെ വചനത്തിന്റേയും അടിസ്ഥാനത്തിൽ പരിശോധിച്ചു നോക്കേണ്ടതാണ്. അതിന് പ്രബുദ്ധരും കാര്യഗ്രഹണ ശേഷിയുമുള്ള മുസ്ലിം സഹോദരന്മാരെ നിങ്ങൾ അനുവദിക്കുന്നില്ല എന്നതാണ് യാഥാർഥ്യം. ഇസ്ലാമിക പ്രമാണങ്ങളുടെ ആശയ പ്രചരണത്തിന് നാം ജീവിക്കുന്ന നമ്മുടെ ജനാധിപത്യക്രമത്തിൽ ആകാശപരിധിയോളം അവസരങ്ങളും സൗകര്യങ്ങളുമുണ്ട്. ലിഖിത രൂപത്തിലും പ്രഭാഷണങ്ങളിലൂടെയും സംഭാഷണരൂപത്തിലും സ്നേഹസംവാദങ്ങളിലൂടെയും ആശയ പ്രചാരണം നടത്താം. ഖുർആൻ കൽപ്പിച്ച മാർഗവും അതുതന്നെയാണ്. ഖുർആൻ പറയുന്നു: ജ്ഞാനവും സദുപദേശങ്ങളും മുഖേന നീ നിന്റെ നാഥന്റെ മാർഗത്തിലേക്ക് ക്ഷണിക്കുകയും ഏറ്റവും നല്ല നിലയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. നിന്റെ നാഥൻ അവന്റെ മാർഗത്തിൽ നിന്ന് തെറ്റുന്നവരെ നന്നായറിയുന്നു. സൽപഥത്തിൽ ചരിക്കുന്നവരേയും അവൻ നന്നായറി യുന്നു. (16:126). ആയതിനാൽ സത്യം സംഘക്കാരുടെ പക്ഷത്താണെങ്കിൽ അത് പ്രചരിപ്പിക്കാൻ ബഹിഷ്ക്കരണം, ഭീഷണി മുതലായ ഹീന മാർഗങ്ങൾ അവലംബിക്കുകയോ വെപ്രാളത്തിന്റേയോ ആവശ്യമില്ല. ഇരുട്ടിനെ ഭേദിക്കുന്ന പ്രകാശ രശ്മി പോലെ സത്യവും നീതിയും മനുഷ്യ ഹൃദയത്തെ ദീപ്തമാക്കുന്നു. ഖുർആൻ പറയുന്നു. സത്യം വന്നു, അസത്യം അപ്രത്യക്ഷമായി, അസത്യം അപ്രത്യക്ഷമാവുന്നത് തന്നെയാണ്. (ബനീ ഇസ്റായീൽ17:82)

റസൂൽ തിരുമേനി(സ)യെ കഠിനമായി എതിർത്ത ശത്രുക്കളുടെ നടപടിയാണ് ബഹിഷ്ക്കരണവും ഭീഷണിയും. റസൂൽ തിരുമേനി (സ) ഇസ്ലാം മതപ്രചാരണത്തിനായി ആരേയും ബഹിഷ്ക്കരിക്കുക യോ ഭീഷണിപ്പെടുത്തുകയോ ചെയ്തിട്ടില്ല. സത്യത്തിന്റെ വക്താക്കൾ ഒരിക്കലും അത്തരം ഹീനമാർഗങ്ങൾ കൈക്കൊള്ളാറില്ല. ഏറ്റവും ഭീകരമായ പീഢനങ്ങളേറ്റുവാങ്ങിയ മഹാത്മാവാണ് റസൂൽ തിരുമേനി(സ). ആ അകൃത്യങ്ങൾക്കെല്ലാം ന്യായമായി പകരം ചോദിക്കാനുള്ള അവസരം ലഭിച്ചപ്പോഴും മാപ്പരുളിയ കാരുണ്യത്തിന്റെ മൂർത്തിയായിരുന്നു. അവിടുന്ന്. ആ റസൂൽ തിരുമേനി(സ)യുടെ അനുയായികൾ ആശയത്തെ ആശയം കൊണ്ട് നേരിടുന്നതിന് പകരം റസൂൽ തിരുമേനി(സ) യുടെ ശത്രുക്കളുടെ നടപടിക്രമം സ്വീകരിക്കുന്നത് മനുഷ്യ സംസ്കാരത്തിനോ ജനാധിപത്യസ

## റസൂൽ തിരുമേനി(സ)യുടെ വിമർശകനെതിരെ താക്കീത്

# അഹ്മദിയ്യാ ജമാഅത്തിനെ ഡച്ച് ഗവൺമെന്റ് പ്രതിരോധിക്കുന്നു

2011 ഒക്ടോബർ 14-ാം തീയതി ഹോളണ്ടിൽ വെച്ച് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) നടത്തിയ ഒരു ജുമാ ഖുത്ബയിൽ റസൂൽ(സ) തിരുമേനിക്കും ഇസ്ലാം മതത്തിനെതിരെയും നിന്ദ്യവും ഹീനവും വ്യാജവുമായ വിമർശനം നടത്തുന്ന എല്ലാവരേയും, പ്രത്യേകിച്ച് ഇക്കാര്യത്തിൽ എല്ലാ അതിരുകളും ലംഘിച്ചിരിക്കുന്ന ഗീർട്ട് വൈൽഡറേയും അഭിസംബോധന ചെയ്ത് കൊണ്ട് നിങ്ങൾ ദൈവത്തിന്റെ ശിക്ഷക്കിരയാകുമെന്നും ഇത്തരം കള്ള പ്രചാരണം നടത്തുന്നവർ അതിന്റെ അനന്തര ഫലം അനുഭവിക്കേണ്ടിവരുമെന്നും താക്കീത് ചെയ്തിരുന്നു. ആ താക്കീത് പിന്നീട് ഹോളണ്ടിലെ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഒരു പത്രക്കുറിപ്പായി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇസ്ലാമിന്റെ പക്ഷത്ത് നിന്ന് കൊണ്ട് ഇത്തരം വിമർശകർക്കെതിരെ ഹോളണ്ടിലെ ബീയാട്രീസ് രാജ്ഞി പ്രതികരിച്ചിരുന്നു. ഖലീഫത്തുൽ മസീഹ് പ്രസ്തുത ഖുത്ബയിൽ ആ മഹതിയെ സ്തുതിക്കുകയും ചെയ്യുകയുണ്ടായി. ഇസ്ലാമിന്റെ കടുത്ത വിമർശകനായ ഗീർട്ട് വൈൽഡർ ഈ പത്രക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഭീകരത ആഹ്വാനം ചെയ്യുന്നു എന്നും അവർക്കെതിരെ നടപടിയെടുക്കണമെന്നും പരാതിപ്പെടുകയുണ്ടായി. ഹോളണ്ടിലെ (നെതർലാന്റ്) ഏറ്റവും വലിയ മൂന്നാമത്തെ വലത്പക്ഷ നവ യാഥാസ്ഥിതിക കക്ഷിയായ ഫ്രീഡം പാർട്ടിയുടെ നേതാവാണ് ഗീർട്ട് വൈൽഡർ. മൂന്നു ചോദ്യങ്ങൾ ഉന്നയിച്ചു കൊണ്ടു ഹോളണ്ടിലെ അഭ്യന്തര മന്ത്രിക്ക് അദ്ദേഹമയച്ച പരാതി ഇപ്രകാരമാണ്.

1.ഡച്ച് പൊളിറ്റിക്കൽ ലീഡർക്കെതിരെ താക്കീത് നൽകി കൊണ്ട് ലോക മുസ്ലിം നേതാവ് എഴുതിയ ലേഖനം താങ്കളുടെ (ആഭ്യന്ത്രര മന്ത്രി) ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

2. (ഹദ്റത്ത്) മിർസാ മസ്റൂർ അഹ്മദ് പറഞ്ഞു: നല്ലത് പോലെ ഓർത്തു കൊള്ളുക, താങ്കളും താങ്കളുടെ പാർട്ടിയും താങ്കളെ പോലെയുള്ള മറ്റെല്ലാവരും അവസാനം നശിച്ചൊടുങ്ങുന്നതാണ്...? ഭീകരത ആഹ്വാനം ചെയ്യുന്ന ഈ ഇസ് ലാമിക സംഘടന ക്കെതിരെആഭ്യന്തരമന്ത്രാലയം എന്തു നടപടിയാണെടുത്തത് ?

3. നെതർലന്റിലെ അഹ്മദിയ്യാ മുസ്ലിം സമൂഹവും (ഹദ്റത്ത്) മി.മസ്റൂർ അഹ്മദും തമ്മിലുള്ള ബന്ധം എന്താണ് ?

ഈ ചോദ്യങ്ങൾക്ക് ഡച്ച് അഭ്യന്തര മന്ത്രി ഔദ്യോഗികമായി ഇപ്രകാരം മറുപടി നൽകി.


ബീയാട്രീസ് രാജ്ഞി

1. അതെ ( ഞാൻ ആ ലേഖനം വായിച്ചിട്ടുണ്ട്).

2.-പത്രക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ (ഹദ്റത്ത്)മിർസാ മസ്റൂർ അഹ്മദ് പറഞ്ഞത് ഇത്തരം വ്യക്തികളോ ഗ്രൂപ്പുകളോ ഭീകര പ്രവർത്തനം കൊണ്ടോ മറ്റെന്തെങ്കിലും ഭൗതി കോപാധികളിലൂടെയോ അല്ല, മറിച്ച് .പ്രാർഥനയിലുടെയാണ് നശിപ്പിക്കപ്പെടുക എന്നാണ് പറഞ്ഞത്. ആ പരാമർശങ്ങളിൽ ഒന്നും തന്നെ ഭീകരതക്കുള്ള യാതൊരു ആഹ്വാനവും ഞാൻ കാണുന്നില്ല. അതു കൊണ്ട് അഹ്മദികൾക്കെതിരെ എന്തെങ്കിലും ഒരു ചെറിയ നടപടി പോലും എടുക്കാൻ ഞാൻ ന്യായം കാണുന്നില്ല (മന്ത്രിയുടെ ഈ ഔദ്യോഗിക പ്രതികരണം 2011 നവമ്പർ 14 ന് *News Press Agency* എന്ന പത്രം സിദ്ധീകരിക്കുകയുണ്ടായി)

---

മ്പ്രദായത്തിന്നോ ചേർന്നതല്ല. ചെമ്പ്രയിലെ തന്മിയ്യത്തുൽ ഇസ്ലാം സംഘക്കാരെ അവസാനമായി വിനയപൂർവം ഒരുകാര്യം ഓർമിപ്പിക്കുന്നു. നിങ്ങളുടെ ഇത്തരം ചെയ്തികൾ മനുഷ്യ സ്വാതന്ത്ര്യവും നീതിയും ഉയർത്തിപ്പിടിച്ച ഇസ്ലാം മതത്തെ പറ്റിയും സൃഷ്ടികുലോത്തമനായ മുഹമ്മദ് നബി(സ) യെക്കുറിച്ചും അന്യരിൽ ഉണ്ടാക്കുന്ന തെറ്റിദ്ധാരണ എത്രമാത്രം ഭയാനകമാണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? പുറത്ത് നിന്നുള്ളവരുടെ വിമർശനത്തേക്കാൾ ആയിരം മടങ്ങ് മാരകമാണ് നിങ്ങൾ ഇസ്ലാമിന്റെ പേരിൽ ചെയ്തുകൂട്ടുന്ന ഈ അകൃത്യങ്ങൾ.

സത്യത്തിന്റെ പ്രകാശം കൊണ്ടാണ് റസൂൽ തിരുമേനി(സ) മനുഷ്യ ഹൃദയങ്ങളെ കീഴടക്കിയതെന്ന് ബഹിഷ്ക്കരണ സംഘക്കാർ മനസ്സിലാക്കുക. സമ്മർദവും ഭീഷണിയും നടത്തുന്നത് എല്ലാകാലത്തും സത്യത്തെ എതിർത്തവരായിരുന്നു. ഇതാണ് ചരിത്ര സത്യം. പേരാമ്പ്ര ചെമ്പ്രയിലെ തന്മിയത്തുൽ ഇസ്ലാം സംഘക്കാർ ആരുടെ പക്ഷം നിൽക്കുന്നു എന്ന് ആത്മ പരിശോധന നടത്തുക. റസൂൽ തിരു മേനി(സ)യുടെ പക്ഷത്തോ അതോ റസൂൽ തിരുമേനി (സ)യുടെ മർദകരായ സത്യവിരോധികളുടെ പക്ഷത്തോ?

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ദേശീയ വാർഷിക ജൽസ സമാപിച്ചു



പഞ്ചാബ് കാബിനറ്റ് മന്ത്രി ബൽബീർസിംഗ് ബട്ട് ജൽസാ വേദിയിൽ

ഖാദിയാൻ: വാഗ്ദത്ത മസീഹിന്റെ ജന്മംകൊണ്ടനുഗൃഹീതമായ പരിശുദ്ധ ഖാദിയാനിൽ ഡിസം: 26,27,28 തീയതികളിൽ നടന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 120-ാമത് ദേശീയ സമ്മേളനം വിജയകരമായി സമാപിച്ചു. സദർഅഞ്ചുമൻ അഹ്മദിയ്യാ പ്രസിഡന്റ് മൗലാനാ ഹക്കീം മുഹമ്മദുദ്ദീൻ സാഹിബ് പതാക ഉയർത്തിയതോടെയാണ് ജൽസയ്ക്ക് സമാരംഭം കുറിച്ചത്. മതപരമായ ജ്ഞാനം വർധിപ്പിക്കുകയും അഹ്മദികൾ തമ്മിൽ പരിചയപ്പെടുകയുമാണ് ജൽസയുടെ മുഖ്യ ഉദ്ദേശ്യമെന്ന് മൗലാനാ മുഹമ്മദുദ്ദീൻ സാഹിബ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. തുടർന്ന് നാഇബ് നാസിർ അഅ്‌ലാ മുഹമ്മദ് ഉമർ സാഹിബിന്റെ 'ദൈവാസ്തിക്യം' എന്ന വിഷയത്തെ പറ്റി എഴുതി തയ്യാറാക്കിയ പ്രസംഗം മൗലാനാ ഖലീം അഹ്മദ് ഖാൻ വായിച്ചു. മൗലാനാ സഹീർ അഹ്മദ് ഖാദിം 'റസൂൽ (സ) തിരുമേനിയുടെ ജീവിതം' എന്ന വിഷയത്തെ അധികരിച്ചു സംസാരിച്ചു. അതിന് ശേഷം പ്രതാപ് സിംഗ് ബാജ്‌വ എം. പി. ദേശീയ സമ്മേളനത്തിന് ആശംസകൾ നേർന്നു. പാകിസ്താനിൽ നിന്ന് വന്ന പ്രതിനിധികളെ അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു. വിസാ തടസ്സങ്ങളൊന്നും കൂടാതെ പാകിസ്താനിൽ നിന്ന് ഇന്ത്യയിലേക്ക് ആളുകൾ വരണമെന്നാണ് തന്റെ ആഗ്രഹമെന്നും പ്രതാപ് സിംഗ് ബാജ്‌വ പറഞ്ഞു.

രണ്ടാം ദിവസത്തെ സമ്മേളനത്തിൽ തഹ്‌രീക്ക് ജദീദ് കാര്യ ദർശി മൗലാനാ ബുർഹാനുദ്ദീൻ സഫർ സാഹിബ് അഹ്മദിയ്യാമുസ്‌ലിം ജമാഅത്ത് ചെയ്യുന്ന സേവനങ്ങളെക്കുറിച്ച് സംസാരിച്ചു. 72 ലോക ഭാഷകളിൽ ഖുർആൻ പരിഭാഷകൾ പ്രസിദ്ധീകരിച്ച അഹ്മദിയ്യാ ജമാഅത്ത് ചെയ്യുന്ന സേവങ്ങൾ മറ്റൊരു രാജ്യത്തിനോ സംഘടനകൾക്കോ ചെയ്യാൻ സാധ്യമല്ലെന്നും പറഞ്ഞു. വാഗ്ദത്ത മസീഹിന്റെ സത്യ സാക്ഷ്യം എന്ന വിഷയത്തെ ആധാരമാക്കി കൽക്കത്താ മിഷനറി മൗലാനാ സയ്യിദ് അഫ്താബ് അഹ്മദ് സാഹിബ് സംസാരിച്ചു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മുഖ്യ കാര്യദർശി മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി വാഗ്ദത്ത മസീഹിന്റെ പവിത്ര ജീവിതത്തെക്കുറിച്ച് സംസാരിച്ചു. റസൂൽ തിരുമേനി (സ) അത്യഗാധമായി സ്നേഹിച്ച മഹാത്മാവായിരുന്നു ഹദ്റത്ത് അഹ്മദ് (അ) എന്നും അദ്ദേഹത്തിന് കിട്ടിയ അനുഗ്രഹങ്ങൾക്കെല്ലാം കാരണ്യം റസൂൽ തിരുമേനിയോടുള്ള അനുരക്തിയായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വിദ്യാഭ്യാസകാര്യ സെക്രട്ടറി ഷിറാസ് അഹ്മദ് സാഹിബ് പോപ്പ് ബെനഡിക്ടിന് ഖലീഫത്തുൽ മസീഹ് നല്കിയ സന്ദേശം വായിച്ചു കേൾപ്പിച്ചു. ഇന്നത്തെ ലോക സാഹചര്യം സൂക്ഷ്മമായി അവലോകനം ചെയ്താൽ മറ്റൊരു ലോക മഹായുദ്ധത്തിന് അടി ത്തറ പാകപ്പെട്ടു വരുന്നതായി കണ്ടെത്താൻ നമുക്ക് സാധിക്കും എന്നത് ദുഖകരമാണ്. ന്യൂക്ലിയർ ആയുധങ്ങളുള്ള രാജ്യങ്ങൾ തമ്മിൽ ശത്രുതയും വിദ്വേഷവും വർധിച്ചു വരികയാണ്. നാം നാശത്തിന്റെ വക്കിലാണ്. നിലകൊള്ളുന്നത്. ആസന്നമായ ഈ നാശത്തിൽ നിന്ന് രക്ഷപ്പെടാൻ നാം അടിയന്തിരമായി ഇടപെടേണ്ടതുണ്ട്. മനുഷ്യരാശി അവന്റെ സ്രഷ്ടാവിനെ തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇതിന് മാത്രമേ ആസന്നമായ നാശത്തിൽ നിന്ന് നമ്മെ രക്ഷിക്കാൻ കഴിയൂ. മതാദ്ധ്യാപനങ്ങളിൽ നിന്നും വ്യതിചലിച്ച് മതത്തിന്റെ പേരിൽ നിലകൊള്ളുന്ന ചില വ്യക്തികളുടേയും ഗ്രൂപ്പുകളുടേയും പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മതത്തെ വിലയിരുത്തുന്നന്നത്. ശരിയല്ലെന്നും ഖലീഫത്തുൽ മസീഹ് തന്റെ സന്ദേശത്തിൽ പോപ്പിനെ ഉണർത്തി.

തുടർന്ന് നടന്ന മതസൗഹാർദ സമ്മേളനത്തിൽ വിവിധ മതങ്ങളെ പ്രതിനിധീകരിച്ച് വിവിധ മത പണ്ഡിതന്മാർ സംസാരിച്ചു. എല്ലാ മതങ്ങളെയും ബഹുമാന പുരസ്സരം കാണുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ താൻ വളരെയേറെ സ്നേഹിക്കുവെന്ന് രാമകൃഷ്ണ മിഷനിൽ നിന്നുള്ള സ്വാമി ശാന്താനന്ദ പറഞ്ഞു. സംഘർഷങ്ങൾ നിറഞ്ഞ ഈ ലോകത്ത് നാം പരസ്പരം വളരെയേറെ ത്യാഗങ്ങളും വിട്ടുവീഴ്ച്ചകളും ചെയ്തു കൊണ്ടു മാത്രമേ സമാധാനം സ്ഥാപിക്കാൻ കഴിയൂ എന്ന് ബിഷപ്പ് സാമന്ത് റോയ് പറഞ്ഞു. ഖാദിയാൻ എന്ന ഈ ആത്മീയ ഗ്രാമത്തിൽ നിൽക്കുമ്പോൾ തനിക്ക് സ്വർഗീയമായ ഒരനുഭൂതി യുണ്ടാവുന്നുവെന്ന് അഹ്മദാബാദിൽ നിന്നുള്ള സ്വാമി കീർത്തികുമാർ വ്യാസ് പറഞ്ഞു. ഗുജറാത്തിൽ ഭൂമികുലുക്കവും വെള്ളപൊക്കവും ഉണ്ടായപ്പോൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നൽകിയ സേവനങ്ങളെ അദ്ദേഹം അനുസ്മരിച്ചു. ഇത് പോലെയുള്ള സമ്മേളനങ്ങൾ ഗുജറാത്തിൽ സംഘടിപ്പിക്കാൻ അദ്ദേഹം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ ക്ഷണിക്കുകയും ചെയ്തു.

ഖീലഫത്തുൽ മസീഹിന്റെ ഉപസംഹാര പ്രസംഗത്തോടെയാണ് ജൽസ സമാപിച്ചത്. ലണ്ടനിൽ നിന്ന് സാറ്റലൈറ്റ് സംപ്രേഷണം വഴിയായിരുന്നു അദ്ദേഹം ഉപസംഹാര പ്രസംഗം

നിർവഹിച്ചത്. പ്രസംഗത്തിൽ റസൂൽ തിരുമേനി (സ)യുടെ അദ്ധ്യാപനങ്ങൾ ജീവിതത്തിൽ പകർത്താൻ അഹ്മദികളെ ഹുസൂർ ആഹ്വാനം ചെയ്തു. ഭൗതിക ജീവിതത്തിൽ നാം കേൾക്കുന്ന പൊയ്‌വാക്കുകൾ ശ്രവിക്കാനല്ല നിങ്ങൾ ഇവിടെ എത്തിച്ചേർന്നത്. ദൈവസ്മരണ ഉണർത്തുന്ന വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ കേൾക്കാൻ വാഗ്ദത്ത മസീഹിന്റെ ഈ പുണ്യഭൂമിയിൽ എത്തി ച്ചേർന്ന നിങ്ങൾ എത്ര ഭാഗ്യവാന്മാരാണ്. പാകിസ്താനിൽ നിന്നും ഖാദിയാൻ ജൽസയിൽ പങ്കെടുക്കാൻ എത്തിച്ചേർന്നവരുടെ വികാരം ഞാൻ മനസ്സിലാക്കുന്നു. അവരുടെ നഷ്ടബോധത്തിന് ആശ്വാസമരുളാൻ ഈ ജൽസ സഹായകരമാണ്. അത്യധികം ആഹ്ലാദത്തോടുകൂടിയാണ് അവർ ഈ ജൽസയിൽ പങ്കെടുത്തത്.

റസൂൽ തിരുമേനി(സ)യുടെ ഒപ്പം ചേർന്നിട്ടില്ലാത്ത ഖുർആൻ പറഞ്ഞ അവസാന കാലത്തെ ഇസ്‌ലാമിന്റെ യഥാർഥധ്വജവാഹകരായ നാം നമ്മുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തിക്കൊണ്ട് റസൂൽ തിരുമേനി (സ)യുടെ ഉന്നതമായ മാതൃക സ്വായത്തമാക്കണം. ശത്രുവിനെ ശത്രുതം കൊണ്ടല്ല നാം നേരിടേണ്ടത്. തിന്മകളെ നന്മകൾ കൊണ്ട് നേരിടാനാണ് റസൂൽ തിരുമേനി (സ) വാഗ്ദാനം ചെയ്ത മസീഹ് നമ്മെ പഠിപ്പിച്ചത്. ലോക സമാധാനത്തിന്റെ പേരിൽ സ്വന്തം ശക്തി പ്രകടിപ്പിക്കാനും മറ്റുള്ളവരെ കീഴടക്കാനുമാണ് ഇന്ന് ചിലർ ശ്രമിക്കുന്നത്. അവർ ഇതിന്ന് വേണ്ടി രക്തം ചിന്തുന്നു. റസൂൽ തിരുമേനി (സ) ലോകത്തിന് കാട്ടിയ മാതൃകയിലൂടെ മാത്രമേ സമാധാനം ലോകത്ത് കൈവരികയുള്ളൂ ക്രിസ്ത്യാനികളും യഹൂദരും മറ്റുമതസ്ഥരും ഉൾക്കൊള്ളുന്ന ഒരു സമൂഹത്തിന്റെ ഭരണാധികാരിയായിരുന്നു റസൂൽ തിരുമേനി (സ). ആ വിഭാഗങ്ങളുടെയെല്ലാം അവകാശങ്ങൾ അവിടുന്ന് സംരക്ഷിക്കുകയുണ്ടായി. അവരുടെയെല്ലാം ആരാധനാലയങ്ങൾ സംരക്ഷിക്കുകയും ചെയ്തു. നീതി സംരക്ഷിക്കുന്ന സെക്കുലർ രാജ്യമായ ഇന്ത്യയിൽ നീതി ഉയർത്തിപ്പിടിക്കുവാൻ അഹ്മദികൾ ശ്രമിക്കണമെന്നും ഖലീഫത്തുൽ മസീഹ് ഉപദേശിച്ചു. ദുആയോടെ ജൽസ സമാപിച്ചു. ഖലീഫാ തിരുമനസ്സ് ദുആക്ക് നേതൃത്വം നൽകി.32രാജ്യങ്ങളിലെ പ്രതിനിധികൾ ജൽസയിൽ പങ്കെടുത്തു.

---

# മനുഷ്യാവകാശ ദിനം ആചരിച്ചു




ഇടത്ത്നിന്ന് ഷൗക്കത്ത്, എ.എം. മുഹമ്മദ് സലീം, ജലീൽ, ഡോ.കെ. മാധവൻ കുട്ടി, മൗലവി സഫർ അഹ്മദ്, കെ. എം. അഹ്മദ് കോയ, മൗലവി മുഹമ്മദ് സലിം, പ്രൊഫ:ഹമീദ് ചേന്ദമംഗലൂർ, പ്രൊ.ആർ. സുരേന്ദ്രൻ.

കോഴിക്കോട്: മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യാ, കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ വച്ച് നടത്തിയ മനുഷ്യാവകാശ സമ്മേളനത്തിൽ കോഴിക്കോട് സോണൽ അമീർ കെ.എം അഹ്മദ് കോയാ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് ജലീൽ അഹ്മദ് സാഹിബ് സ്വാഗതം ആശംസിച്ചു. പ്രൊഫ: ഹമീദ് ചേന്ദമംഗലൂർ, ഡോ:കെ മാധവൻ കുട്ടി. പ്രൊഫ: ആർ. സുരേന്ദ്രൻ, എ. എം. മുഹമ്മദ് സലീം എന്നിവർ പ്രസംഗിച്ചു. മനുഷ്യാവകാശങ്ങൾക്കും മതസ്വാതന്ത്ര്യത്തിനും ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയ മതമാണ് ഇസ്‌ലാം. പക്ഷേ ഇസ്‌ലാമിക രാജ്യമായ പാകിസ്താനിൽ അഹ്മദികളുടെ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുകയും അവർ പീഢിപ്പിക്കപ്പെടുകയും ചെയ്യുകയാണെന്ന് അഹ്മദ് കോയാ സാഹിബ് പറഞ്ഞു. ഈയ്യിടെ ഡൽഹിയിലും അഹ്മദികളുടെ ഒരു എക്സിബിഷൻ മുസ്‌ലിം തീവ്രവാദികൾ ആക്രമിച്ച സംഭവവും ഏറെ ദൗർഭാഗ്യകരമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വോട്ട് ബാങ്ക് നോക്കിക്കൊണ്ടാണ് രാഷ്ട്രീയപാർട്ടികളും മുസ്‌ലിം സംഘടനകളും മനുഷ്യാവകാശത്തോട് പ്രതികരിക്കുന്നതെന്നും അബ്ദുന്നാസർ മഅ്ദനി ജയിൽ മോചിതനായപ്പോൾ സ്വീകരണം കൊടുത്തവർ അദ്ദേഹത്തോടൊപ്പം അറസ്റ്റുചെയ്ത മറ്റുള്ളവരെ തിരിഞ്ഞു നോക്കാത്തത് അത് കൊണ്ടാണെന്നും പ്രൊഫ:ഹമീദ്ചേന്ദമംഗലൂർ കുറ്റപ്പെടുത്തി. പാകിസ്താനിൽ അഹ്മദികളുടെ മനുഷ്യാവകാശങ്ങൾക്കെതിരെ ആരും പ്രതികരിക്കാത്തതും അതുകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു. മതം മാറുന്നവനെ വധിച്ചുകളയണം എന്ന മത സിദ്ധാന്തം അങ്ങേയറ്റം മനുഷ്യത്വ വിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് സംസാരിച്ച എ. എം മുഹമ്മദ് സലീം സാഹിബ് ആറരക്കോടി മനുഷ്യരുടെ ജീവൻ നഷ്ടപ്പെടുത്തിയ രണ്ടാം ലോകമഹായുദ്ധത്തിന്റെ പാപബോധത്തിൽ നിന്നാണ് സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനമുണ്ടായതെന്ന് പറഞ്ഞു. ഏഴായിരം കൊല്ലമായി മനുഷ്യൻ ആർജിച്ചസംസ്കാരങ്ങളൊന്നും അവന്റെ മനുഷ്യാവകാശ ധ്വംസന പ്രവണതയെ ശമിപ്പിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. വിയോജിപ്പുകളാണ് മനുഷ്യ പുരോഗതിയുടേയും വളർച്ചയുടേയും അടിസ്ഥാനം. ആയതിനാൽ വിയോജിക്കാനുള്ള അവകാശം ഉറപ്പുവരുത്തുകയാണ് മനുഷ്യാവകാശ സംരക്ഷണത്തിന്റെ കാതൽ. അപ്രകാരം ഒരാൾ പ്രകടിപ്പിക്കുന്ന വിയോജിപ്പുകൾ നശീകരണാത്മകമായിട്ടല്ല പുരോഗമനാത്മ കമായിട്ടായിരിക്കണമെന്ന് ഉറപ്പ് വരുത്തുകയും വേണം. മിണ്ടാപ്രാണികളെകൂടി ഉൾപ്പെടുത്തിക്കൊണ്ട് മനുഷ്യാവകാശങ്ങൾക്ക് മഹത്തായ മാനങ്ങൾ നൽകിയ വിശുദ്ധ ഖുർ

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരുടെ നാഥന്റെ വചനങ്ങൾ ഓർമപ്പെടുത്തുന്നതായാൽ ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയുമില്ല **(25:74)**



## നബിവചനം

ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകും. എന്നിട്ട് അജ്ഞാനവും കുഴപ്പവും പ്രത്യക്ഷപ്പെടും. 'ഹറജ്' വർധിക്കും. അപ്പോൾ അനുചരന്മാർ ചോദിച്ചു: എന്താണ് ഹറജ്? നബി തിരുമേനി (സ) കൈ കൊണ്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ തിരുമേനി(സ) കൊലപാതകത്തെയാണ് ഉദ്ദേശിച്ചതെന്ന് എല്ലാവർക്കും മനസ്സിലായി. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



### ശാന്തരായി ചിന്തിക്കൂ

അല്ലയോ മുസ്ലിം പണ്ഡിതന്മാരേ! എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത്. ധൃതിക്കിടയിൽ മനുഷ്യന് പെട്ടെന്ന് ഗ്രഹിക്കാനാകാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്രയിൽ ഒരു കാര്യവും തന്നെ തള്ളിക്കളയാൻ നിങ്ങൾ മുതിരരുത്. അതല്ല സാത്വികരുടെ മാർഗം... ശക്തി പ്രയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാമെന്ന് ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നത് എവിടെയാണ്. നേരെ മറിച്ച് ആ വിശുദ്ധ ഗ്രന്ഥത്തിൽ ലാ ഇക്റാഹ ഫിദ്ദീൻ (മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല.) എന്ന് അല്ലാഹു പറിപ്പിച്ചിട്ടുള്ളതായിക്കാണുന്നു. **(കിശ്തീനൂഹ്)**


2012 January

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: 84 Issue.1
Price Rs. **20/-**

**The Sathyadoothan Monthly**

**ഖുർആന്റെ ദിവ്യാത്ഭുതം തുറന്നുകാട്ടുകയും**
**ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കുകയും**
**ചെയ്യുന്ന അത്യുജ്ജ്വല ഗ്രന്ഥം**




വില ₹ 800
സ്പെഷൽ പ്രൈസ്
₹400
മാത്രം

# വെളിപാട്
# യുക്തി
# ജ്ഞാനം സത്യം

**ഗ്രന്ഥകർത്താ:**
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
**വിവർത്തനം**
**എ. എം. മുഹമ്മദ് സലിം**

1200ഓളം പേജുകൾ | നിരവധി വർണ്ണ ചിത്രങ്ങൾ

സമഗ്രമായ ഇൻഡക്സ്

ഒരു ഇസ്‌ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

# 1800 425 2020 Toll Free

**(9 am to 9 pm)**